RUKMANIHARANAM VATHSARAJAN

F75:13 32H7

O15:xF75:13
32H7

MUL
177589

# രുഗ്മിണീഹരണം

(ഈഹാമൃഗം)

UNIVERSITY LIBRARY
28 May 1957
MADRAS

മൂലഗ്രന്ഥകാരൻ:

മഹാമാത്യവത്സരാജൻ.

വിവർത്തകൻ:

വള്ളത്തോൾ.

NATIONAL BOOK STALL
KOTTAYAM.
KALARICKAL BAZAAR

വില
പന്തിരണ്ടണ

കോപ്പി
1000

177569
015:2F 75:13
32H7

പ്രസാധകന്മാർ,

## വള്ളത്തോൾ ഗ്രന്ഥാലയം,

ചെറുതുരുത്തി.

Vallathol grandhalayam
Cheruthuruthi

പ്രഥമ ചിങ്ങം.

1123
1947

ചെറുതുരുത്തി
വള്ളത്തോൾ പ്രിൻ്റിങ്ങ് & പബ്ലിഷിംഗ് ഹൌസിൽ
അച്ചടിച്ചതു്.

എല്ലാപ്രതികളിലും വിവർത്തകൻ്റെ സീലുണ്ടായിരിയ്ക്കും.

UNIVERSITY LIBRARY
28 May 1957
MADRAS

# അവതാരിക

അപരിമേയമായ വിസ്താരമുള്ള സംസ്കൃതസാഹിത്യനഭോമണ്ഡലത്തിൽ ദൂരദർശിനിയുടെ സഹായംകൊണ്ടു കാണേണ്ടതായ എത്രയോ ഭാസുരജ്യോതിസ്സുകൾ ദൃഷ്ടിക്കഗോചരമായി കിടക്കുന്നുണ്ട്. അടുത്ത കാലത്തു ഗവേഷകന്മാരുടെ അശ്രാന്തമായ പരിശ്രമത്താലും നാട്ടുരാജാക്കന്മാരുടെ സഹജമായ സംസ്കൃതാഭിമാനത്താലും കണ്ടുപിടിച്ചു വെളിച്ചത്തെക്കു കൊണ്ടുവരപ്പെട്ടവയായി പ്രശോഭിക്കുന്ന രൂപകരത്നങ്ങളിൽ ഭംഗിയേറിയ ആറെണ്ണം ഗേക്കുവാർപൌരസ്ത്യഗ്രന്ഥപരമ്പരയിൽ ഗ്രഥിതമായിട്ടുണ്ട്. ഇവയുടെയെല്ലാം പ്രണേതാവായ വത്സരാജകവി ഇതിനുമുമ്പു രസികന്മാർക്ക് അവിദിതനായിരുന്നു. എന്നാൽ ആനന്ദവർദ്ധനാചാർയ്യർ പറയുന്ന 'ചിത്രാ ഏവ കവയഃ' എന്ന ഗണനയിൽത്തന്നെ ഉൾപ്പെടത്തക്ക ഉൽകർഷം അദ്ദേഹത്തിനുണ്ടായിരുന്നുവെന്ന് ഈ രൂപകങ്ങൾ ഒരുതവണ വായിക്കുന്നവരെല്ലാം സർവ്വാത്മനാ സമ്മതിക്കുന്നതാണ്.

മുൻപറഞ്ഞ ഗ്രന്ഥപരമ്പരയിൽ ഒരു പുസ്തകമായി പ്രസിദ്ധിപ്പെടുത്തീട്ടുള്ള ആറു രൂപകങ്ങൾ ആറു വിഭിന്നജാതികളിൽ ചേർന്നവയാണ്. പ്രസ്തുതമായ 'രുക്മിണീഹരണം' വിരളപ്രചാരമായ ഈഹാമൃഗം എന്ന ജാതിയിൽ പെട്ടതാണ്. ഈഹാമൃഗത്തിന്റെ ലക്ഷണം ദശരൂപകത്തിൽ കാണുന്നതു താഴെ ചേർക്കുന്ന വിധമാണ്.

"മിശ്രമീഹാമൃഗേ വൃത്തം ചതുരങ്കം ത്രിസന്ധിമൽ
നരദിവ്യാവനിയമാന്നായകപ്രതിനായകൌ
ഖ്യാതൌ ധീരോദ്ധതാവന്ത്യോ വിപര്യ്യാസാദയുക്തകൃൽ
ദിവ്യസ്ത്രീയമനിച്ഛന്തീമപഹാരാദിനേച്ഛതഃ
ശൃംഗാരാഭാസമപ്യസ്യ കിഞ്ചിൽകിഞ്ചിൽ പ്രദർശയേൽ
സംരംഭം പരമാനീയ യുദ്ധം വ്യാജാന്നിവാരയേൽ
വധപ്രാപ്തസ്യ കുർവീത വധം നൈവ മഹാത്മനഃ"

ഈഹാമൃഗത്തിലെ കഥാവസ്തു ഏതാനും ഭാഗം ഖ്യാതവും ഏതാനും ഭാഗം കല്പിതവുമായിരിക്കണം. നാലങ്കങ്ങളും മൂന്നു സന്ധികളും അതിലുണ്ടായിരിക്കും. യഥാക്രമം നരനും ദിവ്യനുമായ രണ്ടുപേരെ യഥേഷ്ടം നായകനും പ്രതിനായകനുമായി ഘടിപ്പിക്കാം. അവർ ധീരോദ്ധതന്മാരും പ്രസിദ്ധരുമായിരിക്കണം. പ്രതിനായകൻ അനുചിതകാരിയായി ചിത്രീകരിക്കപ്പെടേണ്ടവനാണ്. രാഗമില്ലാത്ത ദിവ്യസ്ത്രീയെ അപഹരിപ്പാനിച്ഛിക്കുന്ന പ്രതിനായകന്റെ ശൃംഗാരാഭാസവും അല്പാല്പം പ്രകാശിപ്പിക്കാവുന്നതാണ്. നായകപ്രതിനായകന്മാരുടെ യുദ്ധസംരംഭം വർണ്ണിച്ചതിനുശേഷം പ്രതിനായകനെയോ മഹാത്മാക്കളായ മററുള്ളവരെയോ സംഹരിക്കാതെ ഏതെങ്കിലും വ്യാജംകൊണ്ടു വിട്ടയയ്ക്കേണ്ടതുമാണ്. സാഹിത്യദർപ്പണത്തിൽ ഈ അംഗങ്ങൾക്കുപുറമെ പതാകാനായകന്മാരായി ആറോ പത്തോ പേർ ഉണ്ടായിരിക്കാമെന്നും പറഞ്ഞുകാണുന്നു; സന്ധികളിൽ മുഖം, പ്രതിമുഖം, നിർവ്വഹണം എന്നീ മൂന്നെണ്ണമാണ് ഘടിപ്പിക്കേണ്ടതെന്നു ശൃംഗഗ്രാഹികയാ നിർദ്ദേശിച്ചിട്ടുമുണ്ട്.

പ്രധാനരസം ഇന്നതാണെന്നു പറഞ്ഞിട്ടില്ലെങ്കിലും, നായകപ്രതിനായകന്മാരുടെ സംരംഭം എന്ന പ്രതിപാദ്യത്തിന്റെ പ്രകൃതികൊണ്ട് അതു വീരരസമായിരിക്കണമെന്നുള്ളത് ഊഹ്യമാണ്. നായികയെ ഉൽക്കടമായ രാഗത്തോടേ മൃഗവൃത്തിയായി അപഹരിപ്പാൻപോലും പുറപ്പെടുകയെന്ന വിഷയത്തിന്നനുരൂപമാണ്, 'ഈഹാമൃഗം' എന്ന നാമകരണം എന്നും ലക്ഷണകാരന്മാർ പറയുന്നുണ്ട്.

പ്രസ്തുതമായ 'രുഗ്മിണീഹരണം' മേല്പറഞ്ഞ ലക്ഷണാംശങ്ങൾ സമഗ്രമായി ശോഭിക്കുന്ന ഒരു രൂപകമാണ്. ഇതിലെ നായകൻ ദിവ്യനായ കൃഷ്ണൻ; പ്രതിനായകൻ നരനായ ശിശുപാലൻ; ബലഭദ്രൻ, സാത്യകി, രുഗ്മി എന്നിവർ പതാകാനായകന്മാരാണെന്നും കല്പിക്കാം. അത്യുജ്ജ്വലമായി പ്രകാശിക്കുന്ന വീരംതന്നെ പ്രബന്ധവ്യാപിയായ അംഗിരസം. നായികയുടേയും നായകന്റേയും

ശൃംഗാരമെന്നപോലെ പ്രതിനായകൻെറ ശൃംഗാരാഭാസവും അംഗമായി നിബന്ധിച്ചിട്ടുണ്ട്; യുദ്ധസംരംഭത്തിനശേഷം പ്രതിനായകനെ സന്ധി ചെയ്യുകയാണ് ചെയ്തിട്ടുള്ളതും. പുരാണകഥയിൽനിന്നു ചില മാററങ്ങൾ ചെയ്തിട്ടുള്ളതിനെ കല്പിതാംശമായി കണക്കാക്കാം.

ഇതിന്നുമുമ്പു സാധാരണലോകത്തിന് അജ്ഞാതനായിക്കിടന്നിരുന്ന പ്രസ്തുതകവി ക്രിസ്താബ്ദം പന്തിരണ്ടാം ശതകത്തിൻെറ ചരമാർദ്ധത്തിൽ കാലിഞ്ജരത്തിൽ വാണിരുന്ന പരമർദ്ദിദേവൻ എന്ന രാജാവിൻെറ സചിവനായിരുന്നുവെന്ന് ഇദ്ദേഹത്തിൻെറ 'ഹാസ്യചൂഡാമണി' * എന്ന പ്രഹസനത്തിൻെറ പ്രസ്താവനയിൽനിന്ന് അറിവാകുന്നു. പരമർദ്ദിദേവൻ വിദ്വാനും കവിയുമായിരുന്നു. അത്യുദാരനായ രാജകവിയുടെ പുരസ്കാരത്തിനു പാത്രമായ പ്രസ്തുതകവി ഇനിയും ഏതെല്ലാം രൂപകോത്തമങ്ങളാണ് നിർമ്മിച്ചിട്ടുള്ളതെന്നുള്ള തീവ്രജിജ്ഞാസയെ ഉദ്ദീപിപ്പിക്കുന്നതാണ്, ഇപ്പോൾ പ്രകാശിതമായ രൂപകഷട്കം.

പ്രസ്തുതകൃതിയായ ഈഹാമൃഗത്തിൽ കവിയുടെ ഓജസ്സുള്ള രചനയും, അനുപ്രാസഭാസുരങ്ങളായ ഉൽപ്രാസവചനങ്ങളും പ്രധാനമായ വീരരസത്തെ അതിമാത്രം ഉദ്ദീപിപ്പിക്കുന്നവയാണ്. എന്നാൽ ശൃംഗാരപ്രകരണങ്ങളിലുള്ള മാധുര്യധുര്യമായ വാഗ്ധോരണി ഇദ്ദേഹത്തിൻെറ വശ്യവാക്ത്വത്തിന്നു മതിയായ സാക്ഷ്യം വഹിക്കുന്നതുമുണ്ട്. രണ്ടു ജാതിയിലുമുള്ള രചനയെ യഥാക്രമം ഉദാഹരിക്കുന്നവയാണ് താഴെ ഉദ്ധരിക്കുന്ന പദ്യങ്ങൾ:

വേഗാദുച്ചാടയന്തീ സുചിരമുപചിതം
ക്ഷാത്രധർമ്മപ്രരോഹം
കിം സ്തുത്യാ മന്ത്രശക്തിഃ സ്ഫുരതി നിരുപമാ
കാപി സന്മന്ത്രിണാം വഃ

---

* ഈ പ്രഹസനം 'കപടകേളി' എന്ന നാമധേയത്തിൽ വള്ളത്തോൾ തന്നെ ഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ക്രോധാഗ്നിസ്തംഭികാ യാ ധനഞ്ജമയിതു-
ർമ്മാനസം മോഹയന്തീ
ദൃപ്തക്ഷ്മാനാഥനാരീനയനയുഗജല-
സ്തംഭമാവിഷ്ടരോതി.

ശൌയ്യം പ്രയോഗിയ്ക്കേണ്ട സന്ദർഭത്തിൽ അതു ചെയ്യാതെ മന്ത്രാലോചനം നടത്തുന്ന മന്ത്രിമാരുടെ മന്ത്രത്തെ വീരാഗ്രേസരനായ ബലഭദ്രൻ ആക്ഷേപിയ്ക്കുന്നതാണ് പ്രസ്തുതം.

മുഹുന്നിശ്വാസാനാം പരിമളതരംഗേഷു തരളം
മുഹുർലീലാംഭോജേ ശ്രവണകമലേ ചാപ്പിതപദം,
ന ലോലാക്ഷീ വേത്തി ഭ്രമരമവിരാമധ്വാനിഭരം
മുരാരേരാലേഖ്യേ ലയമയമനാ നിർഭരമിയം.

രുഗ്മിണിയുടെ ചിന്താദന്തുരമായ കൃഷ്ണചിത്രവിലോകനമാണ് പ്രകൃതം. ഇമ്മാതിരി ഉദാഹരിച്ചു തുടങ്ങുന്നതായാൽ വളരെ വളരെ ശ്ലോകങ്ങറം എടുത്തെഴുതേണ്ടി വരും.

ഈ രൂപകങ്ങളുടെ ഹൃദയാവർജ്ജകത്വം വേറൊരുവിധത്തിലും ഉപപാദിയ്ക്കാവുന്നതാണ്. കാവ്യനിർമ്മാണകൌതുകം കുറഞ്ഞു കലാമണ്ഡലത്തിൻെറ കൃത്യാന്തരങ്ങളിൽ അനന്യചിത്തനായി വ്യാപരിച്ചിരുന്ന വള്ളത്തോളിനെ രണ്ടാമതും കാവ്യനിർമ്മാണത്തിനായി ബലാദാകർഷിച്ചവയാണ് ഈ രൂപകങ്ങറം എന്നതിലധികം ഇവയുടെ സാരസ്യത്തിനൊരു ജ്ഞാപകം വേണ്ടതുണ്ടോ? പരിണതപ്രജ്ഞനായ വിവർത്തകൻെറ വിവർത്തനവും മൂലകൃതിയുടെ മെച്ചത്തിനു ചേർന്ന മട്ടിലായിട്ടുണ്ടെന്നാണ്, എൻെറ വിനീതമായ അഭിപ്രായം. മൂലത്തിൽനിന്നുദാഹരിച്ച രണ്ടു ശ്ലോകങ്ങളുടെ തർജ്ജമതന്നെ ഇതിനുദാഹരണം—

മന്ത്രജ്ഞശ്രേഷ്ഠരാം നിങ്ങളിലതുലമുദി-
യ്ക്കുന്നതുണ്ടോ, ചിരോദ്യൽ—
ക്ഷാത്രാചാരാങ്കുരോച്ചാടനകരമൊരു ന-
ത്യഗ്രമാം മന്ത്രവീര്യം.

ക്രോധാഗ്നിസ്തംഭനത്തിന്നു, സുരജയിമനോ-
മോഹനത്തിന്നു, ഹന്തോ—
പേതക്ഷോണീശനാരീജനനയനജല-
സ്തംഭനത്തിന്നുമായി! (2-9)

പേർത്തും പേർത്തുമുറക്കെ മൂളുമൊരു വ-
ണ്ടുച്ഛ്വാസസത്സൌരഭ-
ച്ഛാത്തിൽത്തത്തുവാളും, വതംസനളിന-
ക്രീഡാരവിന്ദങ്ങളിൽ
പേർത്തുംപേർത്തുമിരിപ്പുകൊണ്ടവളുമറി-
ഞ്ഞീടുന്നതില്ല, ഭ്രമാർ—
ഗാത്രൻതൻ പ്രതിമാപടത്തിൽ വിലയം
പ്രാപിച്ച ലോലാക്ഷിയാൾ! (3-4)

ബാക്കിയുള്ള രൂപകങ്ങളും ഇദ്ദേഹം തന്നെ തർജ്ജമ ചെയ്യണമെന്നു വിചാരിക്കുന്നതു കൈരളിയുടെ ഭാഗ്യഫലമാണെന്നാണ്, മാദൃശന്മാരുടെ പക്ഷം.

പല പ്രകാരത്തിലും പുതുമ സിദ്ധിച്ചിട്ടുള്ള ഈ കൃതിയെ രസികസമക്ഷം അവതരിപ്പിക്കുകയെന്ന ബഹുമാന്യവും അഭിമാനാവഹവുമായ ഭാരം ഈയുള്ളവനെയേല്പിപ്പാൻ മതിയായ എന്തൊരു സാഹിത്യസേവനമാണ് ഞാൻ ഇന്നേവരെ ചെയ്തിട്ടുള്ളത്? ഈ ചുമതല എന്നെ ഏല്പിപ്പാനുള്ള കാരണം കണ്ടുപിടിപ്പാൻ വളരെ പ്രയാസപ്പെട്ടിട്ടും സാധിക്കാതെവന്ന എനിക്കു ഭവഭൂതിയുടെ രണ്ടു വരികളാണ്, കഷ്ടിച്ചൊരു സമാധാനം വരുത്തിയത്.

'യന്മാം വിധേയവിഷയേ സ ഭവാന്നിയുങ്ക്തേ
സ്നേഹസ്യ തൽ ഫലമസൌ പ്രണയസ്യ സാരഃ, എന്ന്.

ഇത്രയും ഗൌരവമുള്ള ഇക്കാര്യം എന്നിലർപ്പിച്ചതിന്നു കൃതജ്ഞത പ്രകാശിപ്പിച്ചുംകൊണ്ടു പ്രസ്തുതകൃതിയെ ഞാനിതാ, രസികന്മാരുടെ മുമ്പിലേക്കു പ്രവേശിപ്പിക്കുന്നു.

തൃശ്ശൂർ
൨൦·൧൦-൧൧൨൦

പി. എസ്. അനന്തനാരായണശാസ്ത്രി.

# രുഗ്മിണീഹരണം

ഈഹാമൃഗം.

---

## ഒന്നാമങ്കം.

ഗിരിമകളണയുമ്പോൾ പുഷ്ടമാം തുഷ്ടി, നൽപ്പു-
ഞ്ചിരിയുടയ മുഖാബ്ജം, ചെററടഞ്ഞുള്ള കണ്ണും
സ്മരരസമയഭാവധ്യാനവും ചേൎന്നതാകും
ഹരനുടെ മുനിനാട്യം നല്ക നിങ്ങൾക്കഭീഷ്ടം! 1

അത്രയുമല്ല—

'കാവല്ക്കാരൻ, നിയതമൊരു കല്ലക്ഷ്ണമാം കൌസ്തുഭം മേ;
ശ്രീവത്സം തേ മനസി കയറീടുന്നതാരുണ്ടു നിൎത്താൻ?
ഭാവൽക്കാംഗം കുവലരുചിയായ്, തൽക്കടെക്കൺപതിപ്പാ-
ലേ'—വം പൂമാതരുൾകെയുരിയാടാത്ത കൃഷ്ണൻ സഹായം! 2

(നാന്ദിയുടെ അവസാനത്തിൽ)

സൂത്രധാരൻ:—(പ്രവേശിച്ചു, ഹൎഷത്തോടേ) ഭാഗ്യംകൊണ്ടു, മനോരഥമെന്നപോലെ പെട്ടെന്നു സമീപിച്ച അ

---

1. അണയുമ്പോൾ—പൂജിപ്പാനായി അടുക്കൽച്ചെല്ലുമ്പോൾ. സ്മര.. ധ്യാനം=ശൃംഗാരവിലാസങ്ങളെ ധ്യാനിയ്ക്കൽ. ഹരൻ=ശിവൻ. മുനിനാട്യം=തപസ്സിലിരിയ്ക്കുയാണെന്ന ഭാവം. സതീവിയോഗാനന്തരം, പാൎവ്വതീപരിണയത്തിന്നു മുമ്പു, ശിവൻ ചെയ്ത തപസ്സാണിത്.

2. ഭാവൽക്കാംഗം(=ഭവാൻെറ ദേഹം.) തൽക്കടാക്ഷപ്പതിപ്പാൽ (ആ ശ്രീവത്സത്തിൻെറ കടാക്ഷങ്ങൾ പതിഞ്ഞു പതിഞ്ഞു) കുവലരുചിയായ് (=കുവലയവൎണ്ണമായിത്തീൎന്നു! കുവലത്തെ. കുവലയമെന്നും പറയാം. ഉരിയാടാത്ത=ഒന്നും മിണ്ടാതിരിയ്ക്കുന്ന. കൃഷ്ണൻ=വിഷ്ണു.

UNIVERSITY LIBRARY
28 May 1957

ഭിനയസമയം എന്നെ സന്തോഷിപ്പിയ്ക്കുന്നു! * കാലഞ്ജരത്തിൽ ചക്രസ്വാമിയെഴുന്നള്ളത്തിന്നു വന്നുചേൎന്നിട്ടുള്ള വിദഗ്ദ്ധസാമാജികന്മാർ എന്നോടാജ്ഞാപിച്ചിട്ടുണ്ടല്ലോ, 'ഇന്നു ചന്ദ്രോദയത്തിൽ, ചക്രസ്വാമിത്തിരുവടിയുടെ മുമ്പിൽവെച്ചു, വത്സരാജകവിയുടെ കൃതിയായ രുഗ്മിണീഹരണമെന്ന ഈഹാമൃഗം അഭിനയിയ്ക്കേണ'മെന്ന്. (ഔത്സുക്യത്തോടെ) എന്താണ്, എന്റെ ആൾക്കാർ അമാന്തിയ്ക്കുന്നത്?

സ്ഥാപകൻ:—(പ്രവേശിച്ച്) അങ്ങന്നേ വേഗം, വേഗം: അഭിനയസമയം വൈകുന്നു. അങ്ങുന്നു നോക്കുക:

'ഉദയഗിരികുരംഗീരാഗപാശാഭികൎഷാൽ
മതിമറിവൊട്ടു ചാടിപ്പോയിടായ്കെന്റെയീ മാൻ'
ഇതി കരുതി വിശങ്കിച്ചെന്നപോലീ മൃഗാങ്കൻ
ദ്രുതതരമണയുന്നു വാനരങ്ങിൻനടുക്കിൽ! 3

സൂത്രധാരൻ:—(ചിരിച്ച്) അമ്പോ, സ്വന്തം ദോഷം അന്യരിൽ ചുമത്താൻ എന്റെ ആൾക്കാൎക്കുള്ള മിടുക്ക്: നിങ്ങൾതന്നേ അമാന്തിയ്ക്കുന്നു; നിങ്ങൾതന്നേ എന്നെ വെമ്പിയ്ക്കുന്നു!

---

* ഗുജറാത്തിലെ ഒരു രാജ്യം. ചക്രസ്വാമി—അവിടത്തെ ഈശ്വരന്റെ പേർ.

3. ഉദ......കൎഷാൽ=ഉദയപൎവ്വതത്തിലെ മാൻപേടകളെക്കുറിച്ചുള്ള അനുരാഗമാകുന്ന കയറിന്റെ വലിഹേതുവായിട്ട്. മതിമറിവോട്ടു=മനം മയങ്ങി. എന്റെ ഈ മാൻ—ചന്ദ്രനിലെ കറുപ്പിനെ കവികൾ മാനായും മുയലായും സങ്കല്പിയ്ക്കുന്നു.

സ്ഥാപകൻ:—(ചിരിച്ച്) അങ്ങനെ ക്ഷമിയ്ക്കണം, ക്ഷമിയ്ക്കണം. ഇവിടുത്തെ 'ഉററ സേവ'നായ ആ ദുശ്ശീലനെന്ന നടനാണ്, ഇത്ര താമസം വരുത്തിയത്: അയാൾക്ക മറെറാരുവനെ കാമിയ്ക്കുന്ന ഏതോ ഒരു ദുർല്ലഭയായ പെണ്ണിനെ കിട്ടണം; വേണ്ടാ വേണ്ടാ എന്നുപദേശിച്ചു നോക്കുകയാണ് ഞങ്ങൾ.

(അണിയറയിൽ)

വല്ലഭയാക്കിക്കൊള്ളുക,
നല്ലൊരു പിടിയാനയെക്കരീന്ദ്ര, ഭവാൻ;
അഭ്രമുവൊട്ടു ചേരാനു-
ള്ളുൾഭ്രമമിതു തേ വിപൽക്കരമാം! 4

സൂത്രധാരൻ:—(ആകാശത്തു ലക്ഷ്യംവെച്ച്) എടോ ഭദ്ര, നീ ചെന്ന് ഈ ഗാഥ ആ ദുശ്ശീലനടനെ കേൾപ്പിയ്ക്കുക; ആ ശിശുപാലനേയും.

(അണിയറയിൽ)

* നടനെ കേൾപ്പിച്ചുകൊള്ളുക; ശിശുപാലനെ കേൾപ്പിയ്ക്കേണ്ടാ. ആ അവിമൃശ്യകാരി ആപത്തിൽ ചാടിക്കൊള്ളട്ടെ!

സൂത്രധാരൻ:—മാരിഷ, ഇതാ, അക്രൂരനാണ്, രുഗ്മിണിയെ ശിശുപാലൻ വേൾക്കാനൊരുങ്ങിയതു് കേട്ടിട്ടു പെട്ടെ

4. അഭ്രമു—ഐരാവതത്തിന്റെ ഭാര്യയായ പിടിയാന. ഉൾഭ്രമം=വലിയ കൊതി. തേ=നിനക്ക്.

* ആലോചിയ്ക്കാതെ പ്രവർത്തിയ്ക്കുന്നവൻ. മാരിഷ—കീഴ്നടനോടുള്ള സംബുദ്ധി.

ന്നരിശംമുഴുത്തു സംസാരിയ്ക്കുന്നതു്. അതിനാൽ വരിക; നമുക്കു് ഇനി വേണ്ടതു ശരിപ്പെടുത്താം.

(രണ്ടുപേരും പോയി.)

പ്രസ്താവന കഴിഞ്ഞു.

(പിന്നെ അക്രൂരൻ പ്രവേശിയ്ക്കുന്നു.)

അക്രൂരൻ:—(ക്രോധാശ്ചര്യങ്ങളോടേ) അമ്പോ, ശിശുപാലന്റെ കഥയില്ലായ്മ: ഇയ്യാൾക്കു മധുസൂദനപ്രേമസരസ്സിലെ രാജഹംസിയായ രുഗ്മിണിയെ ബലാൽക്കാരേണ തന്റെ മനോമരുഭൂമിയിൽ പാർപ്പിയ്ക്കണംപോൽ! എന്നോടു സുബുദ്ധിസന്ന്യാസിനി പറകയുണ്ടായല്ലോ, രുഗ്മിണിയുടെ വൃത്താന്തം:

ദാമോദരൻ വെട്ടിടുമെന്നു കേട്ടാൽ-
പ്പൂമെയ് തടിയ്ക്കും പുളകോൽഗമത്താൽ;
സാമാന്യമായ് മറെറാരു വേളി,യോർത്താ-
ലാ മഞ്ജുളാംഗിയ്ക്കു കിനാവുവേളി!

ഇങ്ങിനെതന്നെയാണു്, രുഗ്മിണിയുടെ ധാത്രിയുടെ മകൾ സുവത്സലയും പറഞ്ഞതു്; രുഗ്മിണിയാൽ അയയ്ക്കപ്പെട്ട അവരിരുവരും കൃഷ്ണനെ കാണാൻ ശ്രദ്ധമായി വന്നിരുന്നുവല്ലോ. രുഗ്മിണിയ്ക്കു്, ഗൗരീമന്ത്രമുപദേശിച്ച ഗുരുവായ സുബുദ്ധി സന്ന്യാസിനിയുടെ * നിർദ്ദേശം തള്ളാവുന്നതല്ല. രുഗ്മിണീകൃഷ്ണവിവാഹത്തിൽ പ്രതിജ്ഞ

5. പുളകോൽഗമം=രോമാഞ്ചം പൊങ്ങൽ. കിനാവുവേളി=സ്വപ്നത്തിലെ വേളിയ്ക്കൊപ്പം അനുഭവയോഗ്യമല്ലാത്ത ഒന്നു്.

* ശാസനം.

ചെയ്യാണ്, അവരിരുവരും പോയതും. അപ്പുറം ദൈവം പ്രമാണം! അഥവാ, ശിശുപാലൻ രുഗ്മിണിയെ വരിച്ചുകൊള്ളട്ടെ, വരിച്ചുകൊള്ളട്ടെ! ഞാൻ സന്തോഷാവസരത്തിൽ സന്തപിയ്ക്കേണ്ട:

ചേദീശിതാവിപ്പടി തെറു ചെയ്ത-
തെല്ലാം യദുക്കൾക്കു മഹോദയം താൻ:
തച്ചോര തൂകാതെ കെടാത്ത രോഷ-
ത്തിയ്യന്യഥാ കൃഷ്ണനു കത്തുകില്ല! 6

എന്നാൽ, രുഗ്മിണിയെ മറെറാരുവൻ വേൾക്കുക എന്ന വൃത്താന്തമാകുന്ന കെട്ടചുഴലിക്കാററ് ഇപ്പോഴും കൃഷ്ണന്റെ ചെവിയിൽ അലച്ചിട്ടില്ല. അയ്യോ, വലിയ സങ്കടമാണ്, ജനാർദ്ദനന്നു വന്നുചേർന്നിട്ടുള്ളത്. അദ്ദേഹത്തിന്റെ അടുത്ത പരിജനങ്ങൾ എന്നോടു പറകയുണ്ടായല്ലോ:

എന്തോതിടാം—പരിണയം ശ്രുതിമാത്രമാണെ-
ന്നാലും, മഹോത്സവമണപ്പു ഹരിയ്ക്കു ഭൈഷ്മി,
സംദൃഷ്ടപോലെ, സവിധാദുപനീതപോലേ,
സോൽപ്രാസചാടുമൊഴിയാൽപ്പരിതുഷ്ടപോലെ! 7

6. ചേദീശിതാവ്=ചേദിരാജ്യത്തിന്റെ അധിപതി, ശിശുപാലൻ. തെററ്=അപരാധം. മഹോദയം=മഹത്തായ അഭ്യുദയം. തച്ചോര=അയാളുടെ (ശിശുപാലന്റെ) രക്തം. അന്യഥാ=മറിച്ചായാൽ, അയാൾ അപരാധങ്ങൾ ചെയ്യാതിരുന്നാൽ.

7. ശ്രുതിമാത്രം=ചെകിവിയിൽമാത്രമിരിയ്ക്കുന്നത്. മഹോത്സവം=പരമാഹ്ലാദം. ഭൈഷ്മി=രുഗ്മിണി. സന്ദൃഷ്ട=കാണപ്പെട്ടവൾ. സവിധാദുപനീത=അരികിൽനിന്നു വീണ്ടും അടുപ്പിയ്ക്കപ്പെട്ടവൾ. സോൽപ്രാ..ഴിയാൽ=ഉപഹാസത്തോടുകൂടിയ കളിവാക്കിനാൽ. രുഗ്മിണിയെ കണ്ടതായും പിടിച്ചടുപ്പിച്ചതായും പരിഹസിച്ചു കളിവാക്കുകൾ പറഞ്ഞു രസിപ്പിച്ചതായും കൃഷ്ണനു തോന്നുന്നു!

അതിനാൽ ഞാൻ തന്തിരുമേനിയുടെ അടുക്കൽത്തന്നെ പോയ്ക്കളയാം; ചൈദ്യന്റെ കടുത്ത ദുർന്നയോദന്തമാകുന്ന വിറകുകൊണ്ട് അദ്ദേഹത്തിന്റെ ക്രോധാഗ്നിയെ ഉജ്ജ്വലിപ്പിയ്ക്കാം.

(ചുററിനടന്നു മുന്നോട്ടു നോക്കിയിട്ട്)

എയ്, ഞാൻ സഭാമാളികയിൽ എത്തിക്കഴിഞ്ഞു. (നോക്കി, ഹർഷത്തോടെ) എയ്, ഇവിടെയുണ്ട്, രാമകൃഷ്ണന്മാരിരുവരും. അഹോ, ഇവരുടെ ജഗൽപ്രസിദ്ധമായ ബന്ധുസ്നേഹം!

സ്വച്ഛം, മാരകതങ്ങളാം ചിലവയുരം-
ച്ചേർക്കുന്നു താലാങ്കനെ;-
കട്ടിച്ചില്ലുകളാൽച്ചമച്ച ചിലതോ,
ബിംബിച്ചു ഗോവിന്ദനെ;
ഒട്ടല്ലാതിവർതൻ നിസർഗ്ഗസുഭഗ-
ജ്യേഷ്ഠാനുജപ്രീതി ക-
ണ്ടിഷ്ടംപോലെ പകുത്തിതോ ഇവരെ,യീ-
ന്നന്മാളികത്തൂൺകളും! 8

8. മാരകതങ്ങൾ=മരകതംകൊണ്ടുള്ളവ. ചിലവ—ചില തൂണുകൾ. ബിംബിച്ചു=പ്രതിഫലിച്ചു എന്ന പദം താലാങ്ക(=ബലഭദ്ര)നോടും, ഉരംച്ചേർക്കുന്നു എന്ന പദം ഗോവിന്ദനോടും ചേർക്കണം. പ്രതിഫലനത്തെ ഹൃദയത്തിൽ പ്രതിഷ്ഠിയ്ക്കലായി കല്പിച്ചിരിയ്ക്കുന്നു. താലാങ്കനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചാൽ (ഗാഢമായി സ്നേഹിച്ചാൽ) ഗോവിന്ദനും, ഗോവിന്ദനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചാൽ താലാങ്കനും അപ്രീതിയുണ്ടാകയില്ലെന്ന്, അചേതനങ്ങളായ സ്തംഭങ്ങൾക്കുപോലും അറിയാം! ദേഹമാത്രഭിന്നന്മാരല്ലോ അവർ. സ്ഫടികവർണ്ണനായ ബലഭദ്രൻ മരകതത്തൂണുകളിലും, മരകതവർണ്ണനായ കൃഷ്ണൻ സ്ഫടികത്തൂണുകളിലും പ്രതിബിംബിച്ചതിനെ അവ വീതിച്ചെടുത്തതായി ഉൽപ്രേക്ഷിച്ചിരിയ്ക്കുന്നു.

എയ്, നടയിൽത്തവണക്കാരൻ മാത്രമേ, ഇവരുടെ അരികത്തുള്ളു; എന്താണിത്? (ഏതാനും അടി നടന്നിട്ട്) എന്താണ്, ഇവരിരുവരും ക്രോധാവിഷ്ടർപോലെ കാണപ്പെടുന്നത്?

കലങ്ങിക്കൊണ്ടായ് കണ്ണി;-രു ചൊടി വിറ-
  യ്ക്കുന്നു; തിരുമെ-
യ്യലക്താഭം; വേപ്പിൻതരി ചിതറിയി-
  ട്ടുണ്ടു കവിളിൽ—
പ്രലംബദ്വിട്ടിന്നീ വടിവു കുടിമ-
  ത്താലുമുളവാം;
നിലിംപാരിദ്വിട്ടന്നോ, പെരുതരിശമേ-
  ശാതിരു വരാ. 9

ആകട്ടേ, അടുത്തു ചെല്ലാം. (അടുത്തു ചെല്ലുന്നു.)

(രാമകൃഷ്ണന്മാരും നടയിൽത്തവണക്കാരനും പ്രവേശിയ്ക്കുന്നു.)

നടയിൽത്തവണക്കാരൻ:— (വണക്കത്തോടേ) രാമകൃഷ്ണതിരുമേനികളേ, നിങ്ങളെ അക്രൂരൻ വണങ്ങുന്നു.

(അക്രൂരൻ വന്ദിയ്ക്കുന്നു)

കൃഷ്ണൻ:— (അലസമട്ടിൽ) പീഠം.

(തവണക്കാരൻ പീഠംകൊണ്ടുവരുന്നു.)

അക്രൂരൻ:— (വിനയത്തോടും, സംഭ്രമത്തോടുംകൂടി) എന്താണ് തിരുമേനിമാക്ക് ഒരസ്വാസ്ഥ്യം കാണുന്നതു്?

---

9. അലക്താഭം=ചെംപൊഞ്ഞിച്ചാറിന്റെ നിറത്തോടുകൂടിയത്, ചുകന്നത്. വേപ്പിൻതരി=വിയർപ്പുതുള്ളി. പ്രലംബദ്വിട്ട്=ബലഭദ്രൻ. കുടിമത്ത്=മദ്യപാനമദം. നിലിംപാരിദ്വിട്ടൻ=അസുരഹന്താവ്, കൃഷ്ണൻ.

കൃഷ്ണൻ:— (അവജ്ഞയോടേ) ഒന്നുമില്ല.

രാമൻ:— (രോഷാവേശത്തോടേ) എടോ * അക്രൂര, വീരകൃഷ്ണൻതന്നെയായി, കൃഷ്ണൻ. താൻ കേട്ടുകൊള്ളൂ:

ഗോവർദ്ധനാദ്രീന്ദ്രനെയാരെടുത്തു
പൊന്തിച്ചിതോ, പുല്ക്കൊടിയെന്ന ഭാവാൽ;
അക്കൃഷ്ണനെത്തന്നെയഹോ, വെറും പു-
ല്ലെന്നാണു നണ്ണുന്നതു രുഗ്മിവീരൻ! 10

അക്രൂരൻ:— (ആശ്ചര്യത്തോടെ) രുഗ്മി ശാർങ്ഗായുധന്റെ നേരെ ഗർവ്വിക്കുന്നു എന്നതിൽ എനിക്കു വിശ്വാസം വരുന്നില്ല.

കൃഷ്ണൻ:—(ഗർവ്വപുഞ്ചിരിയോടേ) തവണക്കാര, ഉണ്ടായതറിയിക്കുക.

തവണക്കാരൻ:—കൃഷ്ണൻതിരുമേനി ഇവിടെ എഴുന്നള്ളിയപ്പോൾ ഞാൻ,'ദേവൻ വിജയിച്ചാലും'എന്നുച്ചരിച്ചു. അപ്പോൾ പുറത്തുനിന്നിരുന്ന ഒരു * വന്ദി ശ്ലോകമുണ്ടാക്കിയെടുത്തു പറഞ്ഞു:—

'ഛീ, ദേവനെന്നവിളിനിർത്തി, ഞെളിച്ചിൽ വിട്ടി,-
ബ്ഭൂവിൽത്തുലോം സുഖമിളേശർ ഭുജിച്ചുകൊൾവിൻ;
ക്രോധിച്ച രുഗ്മിയുടെയമ്പിനു ലക്ഷ്യമായാൽ,
നിങ്ങൾക്കു ദേവപദമിന്ദ്രപുരത്തിലാകാം! 11

* വീരരിൽ കരുത്തവൻ; വീരയശസ്സില്ലാത്തവൻ.

* വന്ദി=സ്തുതിപാഠകൻ.

11. ഇളേശർ-രാജാക്കന്മാർ. ദേവപദം=ദേവനെന്ന വാക്ക്. രുഗ്മിയാൽ യുദ്ധത്തിൽ വധിക്കപ്പെട്ടു സ്വർഗ്ഗം പുക്കാൽ നിങ്ങൾക്കു ദേവനെന്ന പദം ഉപയോഗിക്കാം; അതു ഭൂമിയിൽ വെച്ചു വേണ്ട!

അത്രയുമല്ല—

ഓരാതെ ദാവശിഖിയെപ്പുണരുന്നതാരാ-
ണാ?—രിങ്ങു കാളഫണിയാൽക്കളിയാടിടുന്നു?
പാരിങ്കലാക്കു കൊതിയില്ലയിരിക്കലെ,ന്നായ്?
ശ്രീരുഗ്മിയെക്കുപിതനാക്കുവതാരടക്കായ്? 12

അക്രൂരൻ:—(അരിശത്തോടെ) അപ്പോൾ രാമൻ എന്തരുളിച്ചെയ്തു?

തവണക്കാരൻ:—പ്രലംബാന്തകൻ പിന്നീടാണെഴുന്നള്ളിയത്; കൃഷ്ണവീരനാണ്, അരുളിച്ചെയ്തത്.

അക്രൂരൻ:—(ഔത്സുക്യത്തോടേ) എന്തരുളിച്ചെയ്തു?

തവണക്കാരൻ:—ഇതാണരുളിച്ചെയ്തത്; 'ആ വീരനെ പോർക്കളത്തിൽ കൊണ്ടുവരിക.

ഒപ്പം നിനക്കും രുഗ്മിയ്ക്കും
ധനത്താൽ വാളിനാലുമേ
പരാനന്ദകരം ദാനം
നല്കാം പോർമന്നിൽവെച്ചു ഞാൻ!' 13

അക്രൂരൻ:—നന്നായി, കൃഷ്ണൻതിരുമേനി അരുളിച്ചെയ്തത്. എന്നാൽ എനിയ്ക്കു വിശ്വാസം വരുന്നില്ല, രുഗ്മി മുരാരിയോടു പിണങ്ങുന്നതിൽ:

---

12. ദാവശിഖി=കാട്ടുതീയ്യ്. കാളഫണിയാൽ=കൃഷ്ണസർപ്പത്തെക്കൊണ്ട്.

13. പരാനന്ദകരമായ(=വലിയസന്തോഷത്തെ ഉണ്ടാക്കുന്ന)ദാനം.നിനക്കു ധനംകൊണ്ടും, മോക്ഷജനകമായ ദാനം(=ഖണ്ഡനം, വധം) രുഗ്മിയ്ക്കു വാളുകൊണ്ടും നല്കാം.

ആടാട്ടമായ്പ്പോരിനു പേർത്തു പേർത്തു-
മാടോപമാർന്നിംപമൊടാഞ്ഞു ചാട്ടം;
ആർക്കുന്ന സിംഹത്തിനെയൊന്നു കണ്ടാ-
ലാ,ർക്കെണ്ണിടാ, മെത്രയതിൻ നടക്കം! 14

വന്ദികൾ വന്ദനീയർതന്നെ! * ഇവർ എന്തു പറയുകയില്ല? ഹേ വീരശിരോമണേ, കൃഷ്ണദേവ,

ത്വന്നന്ദകത്തിൻ കാററേററാൽ-
ത്തന്നേ വൈകുണ്ഠവും തുലോം,
രശ്മിയ്ക്കു മുഖ്യഗുരുവായ്
വിറകൊള്ളും, സപാദപം! 15

ഞാൻ കേൾക്കയുണ്ടായി, ശിശുപാലൻെറ ധാർഷ്ട്യം; എന്നാൽ, അങ്ങോട്ടയയ്ക്കപ്പെട്ട പ്രിയംവദൻ വരുന്നതിന്നു മുമ്പ് ഉണർത്തിച്ചുകൂടാ.

(അണിയറയിൽ)

ഹേ, ആരുള്ളു ഇവിടെ? ഉണർത്തിപ്പിൻ, പ്രിയംവദൻ കുണ്ഡിനനഗരത്തിൽനിന്നു വന്നത്.

(തവണക്കാരൻ വേഗത്തിൽ പോയി, പ്രിയംവദനോടുകൂടി പ്രവേശിക്കുന്നു.)

---

14. അതിൽ—ആടിൻെറ നടക്കം അളവററതായിരിക്കും.

* സേവയ്ക്കു് എന്തും പറയും!

15. ത്വന്നന്ദകം=അങ്ങയുടെ നന്ദകം എന്ന വാൾ. സപാദപാ വൃക്ഷങ്ങളോടേ. രശ്മിയ്ക്കു മുഖ്യഗുരുവായ—രശ്മിയെ വിറ പഠിപ്പിക്കുന്ന പ്രധാന ഗുരുവായി. വൈകുണ്ഠമായിരിക്കണം, രശ്മിയെ വിറയഭ്യസിപ്പിക്കുക! ഇതാണോ, അർത്ഥം? മൂലശ്ലോകാർത്ഥം സ്പഷ്ടമല്ല.

പ്രിയംവദൻ:—(വേഗത്തിൽ അടുത്തുചെന്ന്) ഇതാ, പ്രിയം വദൻ വണങ്ങുന്നു.

അക്രൂരൻ:—(ഇരുന്നിട്ട്) ഉണർത്തിയ്ക്കു.

(പ്രിയംവദൻ അരികിൽ നില്ക്കുന്നു)

അക്രൂരൻ:—(ആത്മഗതം) മുഖഭാവം തന്നെ വിളിച്ചുപറയുന്നുണ്ട്, കാൎയ്യം സാധിച്ചില്ലെന്ന്. എന്നാലും, ഞാൻ ചോദിച്ചുനോക്കട്ടെ. (പ്രകാശം) പ്രിയംവദ, ഉണർത്തിയ്ക്കു.

(പ്രിയംവദൻ മിണ്ടാതെ നില്ക്കുന്നു)

അക്രൂരൻ:—പ്രിയംവദ, എന്താണുണർത്തിയ്ക്കാത്തത്?

പ്രിയംവദൻ:—ഉണർത്തിയ്ക്കാവുന്നതാണെങ്കിൽ, ഞാൻ ഉണർത്തിയ്ക്കാതിരിയ്ക്കുമോ? * അതുണർത്തിച്ചാൽ, എനിയ്ക്കു രണ്ടാമതൊരു നാവ് ആരു തരും?

രാമൻ:—(ശുണ്ഠിയോടെ) എന്താണ്, ഉണ്ടായതറിയിയ്ക്കാത്തത്? ഇതിൽ നിനക്കുതന്നെയോ, വല്ല അപരാധവും?

പ്രിയംവദൻ:—(ഭയത്തോടേ) അതു ഞാൻ ഉണർത്തിയ്ക്കുകയില്ല; * ഈ കായിതംതന്നേ അറിയിയ്ക്കട്ടെ! (ഒരെഴുത്തു കൊടുക്കുന്നു.)

അക്രൂരൻ:—(വായിയ്ക്കുന്നു:)

'വളൎന്നു യശോദതൻ മുലകുടിച്ചുകൊണ്ടാണു നീ;-

യലഞ്ഞു, ബഹുപൈക്കിടാങ്ങളൊടുമൊത്തരണ്യങ്ങളിൽ;

---

* എൻെറ നാവ് അറുവീഴുമെന്നു സാരം.

* കായിതം=എഴുത്ത്.

16. ഈദൃശൻ=ഇപ്രകാരമുള്ളവൻ; നിന്നെപ്പോലെയുള്ളവൻ. വരിയ്ക്ക=വിവാഹത്തിന്നാവശ്യപ്പെടുക. കുട്ടി ചന്ദ്രനെ കിട്ടാൻ ശ്രമിയ്ക്കുന്നതു

ഒരീദൃശനിളേന്ദ്രപുത്രിയെ വരിയ്ക്കുയാണെങ്കിലെ,-
ന്നതിന്നരിശ?—മമ്പിളിക്കൊതി കിടാവിനേശില്ലയോ? 16

പ്രിയംവദൻ:— ഈ കായിതമാകട്ടേ, ശിശുപാലൻ രുഗ്മിണിയ്ക്കുവേണ്ടി അയച്ചതാണ്; ഇതും കേശവനെ കാണിയ്ക്കാമെന്നു പറഞ്ഞു്, രുഗ്മി എന്റെ കയ്യിൽ തന്നു.

(രണ്ടാമതൊരെഴുത്തു കൊടുക്കുന്നു.)

അക്രൂരൻ:— (വായിയ്ക്കുന്നു:)

മുതിച്ച് ചിരമായർതൻ കുടിലിലാണു ബാല്യംമുത-
ല്ക്കു;യച്ച്,യെജമാനനെക്കഥകഴിച്ചുപാജ്ജിച്ചതാം;
അവൻ ഹരി സശൌര്യനെന്നൊരു മതിപ്പു നിങ്ങൾക്കുടി-
ച്ചിരിയ്ക്കിൽ, വകവെയ്ക്കണം നിശിതധാരമെൻ വാളിതും!

പ്രകൃത്യാ ദുശ്ശീലനായ ശിശുപാലന്ന് * ഇതത്ഭുതമല്ല; രുഗ്മിയ്ക്കാകട്ടേ, സ്വഭാവവിരുദ്ധമാണിത്. (ആശ്ചര്യത്തോടേ) പ്രിയംവദ,

ബാധിച്ചിട്ടുണ്ടായാളെ പ്രബലമൊരു പിശാ-
ചെന്നുകേട്ടില്ലയോ നീ?

പ്രിയംവദൻ:—(ചിരിച്ച്) എന്നാൽ മററുകാര്യം നടത്തുമോ?

അക്രൂരൻ:—

ഏതൽക്കത്തങ്ങയാൾതന്നാത്തു, വയർ നിറയെ-
ക്കൾകുടിച്ചപ്പൊളല്ലി?

---

പോലെയാണ്, നിന്നെപ്പോലെയുള്ള ഒരിടയൻ ഒരു രാജപുത്രിയെ വേൾക്കാനാഗ്രഹിയ്ക്കുന്നത്!

17. ആയർ=ഇടയർ. എജമാനൻ—കംസൻ. നിശിതധാരം=വായ്ത്തലയ്ക്കു മൂർച്ചയുള്ളത്.

* ഇത്— കൃഷ്ണവൈരം.

പ്രിയംവദൻ:—അല്ലല്ല.

അക്രൂരൻ:—

ബോധത്തെററാൽ പയോജാക്ഷനെയിതരപുമാ-
നെന്നു നണ്ണീലയല്ലീ?

പ്രിയംവദൻ:—(പരിഹാസത്തോടേ) വേറെയുണ്ടോ, ബല ഭദ്രാനുജനും വസുദേവപുത്രനും ദേവകീനന്ദനനുമായ കൃഷ്ണൻ?

അക്രൂരൻ:—

ക്രോധിച്ചാൽ, നല്ലബുദ്ധിയ്ക്കുടനുരുതിവരു-
ത്തുന്നു കില്ലില്ല, കാലം! 18

രാമൻ:—(ശുണ്ഠിയോടെ)

ചെല്ലില്ല മേ കരി, സുവീരരസപ്രസാര-
മില്ലാത്ത വല്ല വസുധേശവനസ്ഥലത്തും;
ഉല്ലാഘചേദിപവപുസ്സുഴതിട്ടതീവ
കല്യാണമാകട്ടെ കൃഷി, സീരധരന്നിദാനീം! 19

---

18. അയാളെ—തമ്പിയെ. ഏതൽക്കത്ത്=ഈ എഴുത്ത്. ബോധ തെററ്=തെററിദ്ധാരണ. ഇതരപുമാൻ=മറെറാരാൾ. കാലം ക്രോധിച്ചാൽ (=പ്രതികൂലമായാൽ) സദ്ബുദ്ധി നശിയ്ക്കും.

19. കരി=കലപ്പ. സുവീര....സാരം=നല്ല വീരരസമാകുന്ന രസ ത്തിന്റെ (=വെള്ളത്തിന്റെ) ഓട്ടം. വസു..........സ്ഥലം=രാജാവാകുന്ന കാട്ടുനിലം. ഉല്ലാ....പുസ്സ്=അരോഗമായ (സുഖസ്ഥിതമായ) ചേദിപന്റെ (=ശിശുപാലന്റെ)ശരീരം. സീരധരൻ=സീരത്തെ (=കലപ്പയെ) ആയു ധമായി ധരിച്ചവൻ; ബലഭദ്രൻ. കല്യാണമാക=ഫലവത്തായിബ്ഭവി യ്ക്കട്ടെ.

കൃഷ്ണൻ:—(ഹൎഷത്തോടേ ആത്മഗതം)

നന്ദിച്ചുകൊൾക മനമേ: നിറവേറുമിഷ്ട;-
മിന്നോമലാൾ സുലഭ, ദുൎല്ലഭയെങ്കിലും മേ;
നിന്നാഗ്ഗൃഹസ്ഥനൊടു കെഞ്ചിയിരക്കൽ വേണ്ടാ;
ചെന്നെത്തുമേ സപദി ദൂതിനു നന്ദകം താൻ! 20

രാമൻ:—(വാളിളക്കി, ഹൎഷസംരംഭങ്ങളോടേ)

സ്വൈരം ഞാൻ മധുപാനകേളിയിലെനി-
യ്ക്കുൾച്ചേൎത്തു പോന്നു സുഖം;
പാരം തോഷിതർ ഭൃത്യരും; തവ കിട-
ച്ചീലേതുമെൻ ഖഡ്ഗമേ;
കോരിത്തന്നെ കുടിച്ചുകൊള്ളുകധുനാ,
ചാൎച്ചപ്പെട്ടും രുഗ്മിതൻ
ചോരച്ചാൎത്തൊലിവാം നറുംമദിര നീ;
തീൎക്കട്ടെയെൻ തെററു ഞാൻ! 21

അക്രൂരൻ:—(ഹാസരോഷങ്ങളോടേ) ഹേ വീരശിരോമണേ, രാമ, രുഗ്മിണിയെ ശിശുപാലൻ വേട്ടാലും, നിങ്ങൾക്കു ചാൎച്ചക്കാരനോ രുഗ്മി?

രാമൻ:—(രോഷസംരംഭങ്ങളോടെ) എടോ അക്രൂര, അക്രൂരൻ പറയുമാറില്ലാത്ത മട്ടിലാണ്, ഇപ്പറഞ്ഞത്.

---

20. ഗൃഹസ്ഥൻ—കന്യാതാതൻ. നന്ദകം (തന്റെ വാൾ) തന്നെ വിവാഹദൂതൻ!

21. എൻതെററ്—നിന്നെ ഇതുവരെ മധുപാനകേളിയിൽ പങ്കു കൊള്ളിച്ചില്ല എന്ന അപരാധം.

ചെന്നാ രുഗ്മിണിയായ കന്യകയെയി-
　　ക്കംസാരിതാൻ വേൾക്കണം;
സ്വന്നാരീഗണമോടുചേൎന്നു വിഹരി-
　　യ്ക്കേണം ചിരാൽ ചേദിപൻ;
വന്നാലും ഭുജവിക്രമത്തൊടിതു ഞാൻ
　　പോർമന്നിലൊപ്പിയ്ക്കിലേ
നന്നായ്ത്ത്രുകയുള്ളു സാൎത്ഥകതയാ-
　　ണ്ടെൻ കാമപാലാഹ്വയം! 22

തവണക്കാര, വെററിപ്പടപുറപ്പാടിന്നു പെരുംപറയടിയ്ക്കാം.

തവണക്കാരൻ:—അരുളപ്പാടുപോലെ.

(പോയി)

കൃഷ്ണൻ:—(സവിനയം) രൌഹിണേയ, വെറുതേ, സംഹാരരുദ്രൻേറതുപോലെ ഘോരമായ എന്തൊരു സംരംഭമാണിത്! ഇതൊട്ടും ഉചിതമല്ല.

മത്തേഭമസ്തകമുടച്ചതിൽനിന്നതിന്ന
മുത്താൽ വനത്തിലണി 'കോല'മിടുന്ന സിംഹം

---

22. സ്വന്നാ....യ്ക്കേണം—ശിശുപാലൻ പോരിൽ വധിയ്ക്കപ്പെട്ടു വീൎയ്യസ്വൎഗ്ഗം പ്രാപിയ്ക്കുമെന്നു സാരം.

സാൎത്ഥകത=അന്വൎത്ഥത. കാമ......ഹ്വയം=കാമത്തെ (=അഭിലാഷത്തെ) പാലിയ്ക്കുന്നവൻ (നിറവേററുന്നവൻ) എന്ന പേർ.

23. ആണികോലമിടുന്ന—അർദ്ധിമാവുകൊണ്ടു് 'അണിയു'ന്നതിനു കോലമിടുക എന്നു പറയും. ഊക്കരുകിലുണ്ണിയെ=ഊക്കരുകിൽപ്പക്ഷിക്കു

തത്തുന്നൊരൂക്കരുകിലങ്ങിനെയാർത്തടിപ്പാ-
നദ്ധ്യക്ഷമാകുവതിലെങ്ങിനെ ലജ്ജ തേടാ? 23

രാമൻ:—കൃഷ്ണ, കൃഷ്ണ, നില്ക്കു; ഇനി വൈകിച്ചുകൂടാ.

ക്ഷത്രാചാരവിമൂഢരാകിയ ഭുജജോൽ-
പ്പന്നാപ്പുഴക്ഷുദ്രർത-
ന്നത്യുഗ്രത്തെററിവാക്കിനാലശുചിയാ-
മീയെൻെറ കണ്ണദായം,
യുദ്ധപ്പാരുരലിങ്കലിട്ടു മുസല-
ത്താലേററമക്കൂട്ടർ ത-
ന്നസ്ഥിവ്രാതമിടിപ്പതിൻ പടരവം-
കൊണ്ടേ വിശുദ്ധിപ്പെട്ടു! 24

കൃഷ്ണൻ:— (വാശിയോടേ) എന്ത്, കൃഷ്ണനില്ലാത്തതായോ ഭൂമി, ഇവിടുന്നിത്ര ബുദ്ധിമുട്ടാൻ?

എന്മൂലമെൻെറ ഗുരുവിങ്ങിനെ ദുർമ്മദാരി-
ക്രൂരാക്ഷരശ്രവണപീഡ സഹിച്ചുവല്ലോ;
ഞാൻ കൃഷ്ണനെങ്കിലവർതൻ വനിതാവിലാപ-
ഘോഷങ്ങളാൽത്തവ ചെവിയ്ക്കു സുഖം വരുത്തും! 25

---

ത്തിനെ. മദഗജങ്ങളുടെ മസ്തകം പിളക്കുന്ന സിംഹമെവിടെ? പാറിപ്പറക്കുന്ന ഊക്കരുകിൽക്കൂട്ടി എവിടെ?

24. ക്ഷത്രാ.....മൂഢർ=ക്ഷത്രിയധർമ്മാനഭിജ്ഞർ. ഭുജജോൽ.....ക്ഷുദ്രർ=ഭുജജന്മന്മാ(=ക്ഷത്രിയ)രാകുന്ന നിസ്സാരപ്പുഴുക്കൾ. അശുചി=അശുദ്ധി ബാധിച്ചത്. മുസലം=ഉലക്ക. അശുദ്ധി പററിയതിന് പ്രായശ്ചിത്തം വേറെ ഇല്ല! യുദ്ധപ്പാരുരൽ=പോർക്കളമാകുന്ന ഉരൽ.

25. ഗുരു—ജ്യേഷ്ഠൻ. ദുർ.....പീഡ=ഗർവ്വിഷ്ഠരായ ശത്രുക്കളുടെ ക്രൂരാക്ഷരങ്ങൾ (പരുഷോക്തികൾ) കേട്ടതിനാലുള്ള വേദന. അവരെ വധിച്ച്, അവരുടെ സ്ത്രീകളുടെ ഉച്ചവിലാപങ്ങൾ കേൾപ്പിയ്ക്കുമെന്ന് ഉത്തരാർദ്ധത്തിൻെറ അർത്ഥം.

രാമൻ:— (വാത്സല്യത്തോടേ) കൃഷ്ണ, കൃഷ്ണ, അത്ര വല്ലാ

നി കുട്ടിയല്ലസ്ത്രഗണപ്പയററി-
ലെ; ന്നാകിലും നീയൊരു കുട്ടിതാൻ മേ;
ഭൈഷ്മീവിവാഹേ വരനായ നിന്നെ-
ശ്ശൂരരേ, ദൃഢം ഞാൻ പടയാളിയാക്കാ!

അക്രൂരൻ:— (ഹർഷത്തോടേ) യാദവർ സന്തോഷിച്ചുകൊള്ളട്ടെ: ഇങ്ങിനെ ശത്രുമർദ്ദനത്തിന്ന പ്രതിജ്ഞചെയ്തുവല്ലോ, രാമകൃഷ്ണന്മാർ!

രാമൻ:— (ആവേശത്തോടേ) അക്രൂര, വൈരികളെ കൊല്ലാൻ വൈകിച്ചുകൂടാത്തതായ എന്റെ ദുഷ്കരവ്രതം കേട്ടുകൊൾക:

ഉദ്വൃത്താഹിതരക്തമാം മദിരയാൽ-
ഗ്ഗോമായുവർഗ്ഗത്തിനായ്
സ്സത്രം നല്കുമിവന്റെ കാലനുജനൊ-
ത്താബ്ഭൈഷ്മി കൃഷ്ണംവരെ,
നിത്യാ പ്രാണനിലും തുലോമരിമയാ-
യദ്വൈതസൌഖ്യം തരും
മദ്യത്തെക്കരുതേണമേ ഹലിയിവൻ
പാഴ്നഞ്ഞിനെപ്പോലവേ! 27

---

26. നീ രുഗ്മിണീവിവാഹത്തിൻ വരനാണ്; യുദ്ധത്തിന്ന നിന്നുകൂടാ. ഞാൻതന്നെ, പോർപൊരുതാൻ.

27. ഉദ്...രക്തം=ഗർവ്വേറിയ വൈരികളുടെ ചോര. മദിര=മദ്യം. ഗോമായു=കുറുനരി. സത്രം=ഊട്ട്, സദ്യ. അരിമ=പ്രിയപ്പെട്ടത്. അതുവരെ ഞാൻ മദ്യം കുടിയ്ക്കുകയില്ല!

അക്രൂരൻ:— അയ്യയ്യോ, രാമൻ ദുഷ്കരവ്രതമെടുത്തിരിയ്ക്കുന്നു!

കൃഷ്ണൻ:— ആര്യ്, കഷ്ടം, കഷ്ടം! എന്തിനാണ് വേണ്ടാതെ, ജ്യേഷ്ഠൻ ഞങ്ങൾക്കായി കഷ്ടപ്പാടു കൈക്കൊണ്ടതു്? അക്രൂര, എന്നാൽ നാളെ കാലത്തുതന്നെയാകട്ടേ, എഴുന്നള്ളത്തു്.

അക്രൂരൻ:— അങ്ങിനെതന്നെയാകാം: ഇപ്പോൾ പടിഞ്ഞാട്ട് പോകാനൊരുങ്ങിയിരിയ്ക്കുകയാണല്ലോ സൂര്യൻ.

(അണിയറയിൽ)

ഭാന്തുജ്ജ്വലാക്ഷികളടച്ചു; പരാബ്ധിസൌധ-
സ്ഥാനേ വഴിയ്ക്കു ചില യാമമിതം, ശുമാലിൻ;
നൂനം—കനിഞ്ഞരുൾക—വീണ്ടുമുദിച്ചു പാരി-
ന്നാനന്ദമേകുമിവിടുന്നു, നവീനകാന്ത്യാ! 28

രാമൻ:— (കേട്ടിട്ടു സഹർഷം) ഹാ, നല്ല * ഉപശ്രുതി!

കൃഷ്ണൻ:— ഉപശ്രുതി എന്നെ ഉണർത്തി. എന്നാൽ, ഗൃഹത്തിലേയ്ക്കു വരിക; നമുക്കു യുദ്ധത്തിന്നൊരു തഴുതായ ഈ രാത്രി കഴിച്ചുകൂട്ടാം.

(എല്ലാവരും പോയി)

ഒന്നാമങ്കം കഴിഞ്ഞു

---

28. ഭാന്തുജ്ജ്വലാക്ഷികൾ=രശ്മികളാകുന്ന കണ്ണുകൾ അപ...... സ്ഥാനേ=പടിഞ്ഞാറെസ്സമുദ്രമാകുന്ന മാളികയിൽ. അംശുമാലിൻ=ഹേ സൂര്യ. നവീനകാന്ത്യാ=പുതിയ ശോഭയോടുകൂടിയവനായിട്ട്. കൃഷ്ണൻ രുഗ്മിണിയോടു ചേൎന്നു ലോകങ്ങൾക്കാനന്ദം വരുത്തുമെന്നു, കഥാസൂചന.

* കാര്യാലോചനസമയത്ത് അടുക്കൽനിന്നു കേൾക്കപ്പെടുന്ന ശബ്ദത്തെ ജ്യോത്സ്യന്മാർ ഉപശ്രുതി എന്നു പറയുന്നു.

* ഉണർത്തി=ഉന്മേഷവാനാക്കി. തഴുത്—പ്രതിബന്ധമായി നില്ക്കുന്നത്;

## രണ്ടാമങ്കം

(പ്രിയംവദൻ പ്രവേശിക്കുന്നു)

പ്രിയംവദൻ:— (മുമ്പോട്ടുനോക്കി) * എയ്, ഇതാ, രേവതിത്തമ്പുരാട്ടിയുടെ അരമനക്കാവല്ക്കാരൻ ദീപകജ്യേഷ്ഠൻ ഇങ്ങോട്ടു വരുന്നു. ഇദ്ദേഹത്തിൽനിന്നറിയാം, രേവതീരമണൻെറ വൃത്താന്തം.

(പിന്നെ ദീപകൻ പ്രവേശിക്കുന്നു.)

പ്രിയംവദൻ:— (അടുത്തുചെന്നിട്ട്) ദീപകജ്യേഷ്ഠ, ഇതാ പ്രിയംവദൻെറ നമസ്കാരം.

ദീപകൻ:— ദൈത്യാരിയുടെ തിരുവുള്ളത്തിന്നു പാത്രീഭവിച്ചാലും!

പ്രിയംവദൻ:— ദീപകജ്യേഷ്ഠ, ബലദേവൻ പള്ളിയുണൎന്നുവോ?

ദീപകൻ:— എപ്പോളാണ്, ബലദേവൻ പള്ളിയുറങ്ങിയത്?

പ്രിയംവദൻ:— (സംഭ്രമാശ്ചൎയ്യങ്ങളോടേ) അമ്പോ, മഹാവീരൻെറ ക്രോധാവേശം! രാത്രി മുഴവൻ ഉറക്കമില്ലല്ലൂവോ?

ദീപകൻ:—

'ഉൽപ്രബുദ്ധാഹരികൾക്കു ജീനിടുകൊ,രുക്കുക-
ന്മദഗജങ്ങളെ-
ദ്ദൎപ്പകാലമിതു, നില്പിനിങ്ങു ഭടരെ,ങ്ങൊളി-
ച്ചു ഹഹ, വൈരികൾ!'

---

* ജ്യേഷ്ഠൻ എന്നു പറഞ്ഞതു, പ്രായംകൊണ്ടുതലിനെ പ്രമാണിച്ചും ബഹുമാനിച്ചുമാണ്. രേവതീരമണൻ=ബലഭദ്രൻ.

1. ഉൽപ്രബുദ്ധാഹരികൾ=ഉൽകൃഷ്ടരും പ്രബുദ്ധരുമായ കുതിരകൾ; പ്രബുദ്ധർ=ഉത്സാഹഭരിതർ; അഥവാ, പ്രഭാതത്തിൽ നിദ്രവിട്ടവർ. ഉന്മദ

ഇപ്പടിയ്ക്കുടനടൻ കടൂക്തികൾ കിനാവില്വ-
ച്ചമരചെയ്തുകൊ-
ണ്ടല്പമേ ബലനുറങ്ങിയുള്ളൂ, തടവായിനി-
ല്ക്കുമരിശത്തിനാൽ. 1

പ്രിയംവദൻ:— ജ്യേഷ്ഠൻ എങ്ങോട്ടാണ് പുറപ്പെട്ടത്?

ദീപകൻ:— യാത്രയ്ക്കൊരുങ്ങാൻവേണ്ടി, ബലദേവൻ ദേവകീനന്ദനൻെറ അടുക്കലേയ്ക്കയച്ചിരിക്കയാണെന്നൊ.

പ്രിയംവദൻ:— എന്നൊയാകട്ടേ, കാമപാലനെ കൊണ്ടുചെല്ലാൻ കൃഷ്ണനയച്ചിരിയ്ക്കയാണ്. ഉദ്ധവൻ, അക്രൂരൻ, സാത്യകി എന്നിവരോടുകൂടി സഭാമണ്ഡപത്തിലിരിയ്ക്കയാണ്, കൃഷ്ണൻ. അതിനാൽ, ജ്യേഷ്ഠൻ വരിക: നമുക്കൊന്നിച്ചുതന്നേ ബലദേവൻെറ അരമനയിൽ പോകാം.

ദീപകൻ:— ശുണ്ഠിക്കാരനാണ്, പ്രലംബാന്തകൻ; കല്പിച്ചതുതന്നെ ചെയ്തേയ്ക്കാം, ഞാൻ. താനും തനിയ്ക്കുള്ള കല്പന നടത്തിക്കൊൾക.

(ഇരുവരും പോയി)

വിഷ്കംഭം കഴിഞ്ഞു.

---

ഗജങ്ങൾ=നീതുള്ള ആനകൾ. ദർപ്പകാലം=മദം കാട്ടേണ്ടുന്ന അവസരം. കടൂക്തികൾ=ക്രൂരവാക്കുകൾ. അരിശമാകുന്ന പ്രതിബന്ധംമൂലം അല്പമേ ഉറങ്ങുകയുണ്ടായുള്ളു; യുദ്ധം സ്വപ്നംകണ്ടുകൊണ്ടു കിടന്നു. ബലൻ= ബലരാമൻ.

(പറഞ്ഞതിൻവണ്ണം കൃഷ്ണൻ സഭാമണ്ഡപത്തിൽ പ്രവേശിക്കുന്നു)

കൃഷ്ണൻ:— (ഉൽക്കണ്ഠാരോഷങ്ങളോടേ ആത്മഗതം)

അരിമർദ്ദനരതിലീലാ-
പരിചയരമ്യങ്ങൾ രോഷകാമങ്ങൾ
ഭൈഷ്മിയെയും വാളിനെയും
കൈക്കൊൾവതിലെന്നെ വെമ്പിപ്പൂ! 2

അഹോ, മന്മഥന്റെ മഹിമാതിശയം:
മുഗ്ദ്ധാക്ഷിയദ്ദയിത, കേട്ടറിവൊന്നുകൊണ്ടേ
ഏറ്റും പിടുങ്ങി, നിജകിംകരനാക്കിയെന്നെ;
ശത്രുക്കളെപ്പൊടിപെടുത്തിടുമിക്കഠോര-
യുദ്ധോത്സവേച്ഛയുമെനിക്കിതുമൂലമല്ലോ! 3

അതിനാൽ, ഇങ്ങിനെയാകാം. (ക്രോധത്തോടേ പ്രകാശം)
അല്ലയോ ശ്രേഷ്ഠമന്ത്രിമാരേ, നിങ്ങളോടെന്തു പറയാം!

വജ്രം പയോജദളകോമളമാണു, യുഷ്മ-
ദ്ഗാത്രം പടച്ച പരമാണുനിരയ്ക്കു മുന്നിൽ:
അതൃപ്തശത്രുപരുഷോക്തിയുളിപ്രഘാതാൽ
നിങ്ങൾക്കു നെഞ്ചിലൊരു പോറലുമില്ലയല്ലോ! 4

സാത്യകി:— (അവജ്ഞയോടേ) ജനാർദ്ദന, ഞാനുണർത്തിക്കാം.

---

2. രോഷം അരിമർദ്ദനസമ്പർക്കംകൊണ്ടും, കാമം രതിലീലാസമ്പർക്കംകൊണ്ടും രമണീയം. ഇവ യഥാക്രമം രുഗ്മിണിയെയും വാളിനേയും കൈക്കൊൾവാൻ(=പാണിഗ്രഹം ചെയ്വാൻ, എടുപ്പാൻ) എന്നെ തിടുക്കപ്പെടുത്തുന്നു.

3. കേട്ടറിവു ഉള്ളു; കണ്ടിട്ടില്ല. ഇതു—കിംകരത്വം.

തിക്കം മത്തിൽ മനംമറന്നവർ, മഹാ-
വാതാർത്തർ, ദർപ്പപ്പിണി-
പ്പുക്കക്കാർ, പ്രകൃതിയ്ക്കു മാററമുതകും
കാലൻ കയത്തോരുമേ
മൂഢാളും പരുഷോക്തി ചൊൽവതിൽ മതി-
പ്പെന്തോ? ചിരിയ്ക്കാമിരു-
ന്ന!—ക്രൂട്ടർക്കു ഖലാഹ്ഹദണ്ഡമരുളാ-
ന്തുഞ്ഞാൽച്ചലിപ്പാൾപോൽ? 5

കൃഷ്ണൻ:— (സഹർഷം) എന്നാൽ, ഇനിയെന്തിന്നു താമസിയ്ക്കുന്നു?

ഉദ്ധവൻ:— (പുഞ്ചിരിയോടേ) കൃഷ്ണ, എന്തിനാണുൽക്കണ്ഠ?

ഉത്സേകമേറുമെതിരാളർ, ഭവാനെതിർക്കെ
തത്സംഗരോത്സവമകററിയൊഴിഞ്ഞു പോമോ?

---

4. പദ്മയാ...മളം=താമരപ്പൂവിന്റെ ഇതൾപോലെ മൃദുലം. യുഷ്മദ്ഗാത്രം=നിങ്ങളുടെ ദേഹം. പടച്ചു=സൃഷ്ടിച്ചു. (പരിഹാസദ്യോതകം.) വജ്രത്തെക്കാളും കഠിനമാണ്, നിങ്ങളുടെ ശരീരം അത്ര്യ...ലൊതാൽ-അതു ഗർവ്വിഷ്ഠശത്രുക്കളുടെ പരുഷവാക്കാകുന്ന കല്ലുളികൊണ്ടു ചെത്തിയതിനാൽ. ഉളിതട്ടിയിട്ടും, ഒരു പോറൽപോലുമില്ല. നിങ്ങൾ ഇപ്പോഴും അചലരായി സ്ഥിതിചെയ്യുയാണെന്നു സാരം.

5. മഹാവാതാർത്തർ=വലിയ വാതരോഗം പിടിപെട്ടവർ. ദർപ്പപ്പിണിക്കാർ=ഗർവ്വാകുന്ന പിണിയ്ക്കു്(=ഭൂതത്തിന്നു്) അധീനർ; ഭൂതബാധിതർ. പ്രകൃത......തകം=സ്വഭാവവ്യത്യാസം വരുത്തുന്ന; കാലൻ കയത്താൽ (മരണമടുത്താൽ) സ്വഭാവം മാറിപ്പോകുമല്ലോ. മതിപ്പെന്തോ—

അശസ്ത്രധാരർ തവ കണ്ണിന്നു മുന്നിലായാ-
ലി, ശ്ലാഘ്യചാപമവരിൽപ്പ്ഫലിയാതെയാമോ? 6

അക്രൂരൻ:— (സവിനയം) ദേവകീനന്ദന, ചേദിരാജനഗരത്തിലേയ്ക്കോ കുണ്ഡിനപുരത്തിലേയ്ക്കോ പുറപ്പെടേണ്ടു എന്ന സംശയമാകുന്ന കൂരിരുട്ടിൽ തപ്പട്ടേ, തിരുമേനിയുടെ ഉത്സാഹത്തള്ളൽ!

ദീപകൻ:— (പ്രവേശിച്ചു, സവിനയം വണങ്ങി) തിരുമേനി, കുണ്ഡിനപുരത്തേയ്ക്കു യാത്രയൊരുക്കാൻ, ബലരാമൻ കല്പിച്ചയച്ചിരിക്കയാണെന്നെ.

(കൃഷ്ണൻ പുഞ്ചിരിയോടേ അക്രൂരന്റെ മുഖത്തു നോക്കുന്നു.)

അക്രൂരൻ:— ഭദ്ര, ദീപക, ചെന്നു ബലദേവനെ ഇങ്ങോട്ടെഴുന്നള്ളാനറിയിയ്ക്കുക; * ഇതു കഴിഞ്ഞിരിയ്ക്കുന്നു.

കൃഷ്ണൻ:— അങ്ങോട്ടു പ്രിയംവദനെ അയച്ചിട്ടുണ്ട്, ഞാൻ.

പ്രിയംവദൻ:— (പ്രവേശിച്ചു) തിരുമേനി, ഇതാ, എഴുന്നള്ളുന്നു, യുദ്ധൌത്സുക്യംമൂലം പള്ളിയുറങ്ങാതെ പണിപ്പെട്ടു പണിപ്പെട്ടു രാത്രി കഴിച്ചുകൂട്ടിയ രാമവീരൻ.

(അനന്തരം രാമൻ പ്രവേശിയ്ക്കുന്നു.)

കൃഷ്ണൻ:— (സംഭ്രമത്തോടേ) അവിടെയ്ക്കു പീഠം, പീഠം. (പ്രിയംവദൻ പീഠം കൊണ്ടുവരുന്നു; രാമൻ എല്ലാവരേയും യഥാർഹം മാനിച്ച് ഇരിയ്ക്കുന്നു.)

---

എന്തിനു വകം വയ്ക്കുന്നു. ഖലാർഹദണ്ഡം=ദുഷ്ടക്കു നൽകേണ്ടതായ ശിക്ഷ. ഞങ്ങളാൽ=കൊടുപ്പാൻ. ഊന്നതാൽച്ചലിപ്പ്=വേണമോ. വേണ്ടയോ എന്ന ഇടയിളക്കം.

* ഇത്ര—യാത്രയൊരുക്കം.

കൃഷ്ണൻ:— (രാമനെ നോക്കി, ഹർഷത്തോടേ ആത്മഗതം)

'മർദ്ദിച്ചു ത്രിപുരീപുരാധിപതിയെ;-
കൈവന്നിതബ് ഭൈഷ്മി മേ;
യുദ്ധം നിർത്തിയൊഴിഞ്ഞ രുഗ്മിയവനാം
ക്ലീബത്വമേ നീതനായ്'
ഇത്ഥം വാഞ്ഛ ഫലിച്ചതായ്പ്പരിഗണി-
ച്ചുള്ളം കുളിർപ്പൂ തുലോം,
ബദ്ധോത്സാഹവിഭൂഷമാം മുസലിതൻ
വാർമെയ്യിതീക്ഷിയ്ക്കയാൽ! 7

ഉദ്ധവൻ:— (ഹർഷാശ്ചര്യങ്ങളോടേ ആത്മഗതം) അഹോ, വീരന്മാരുടെ സർവ്വാതിശായിപദം!

പാരം കരുത്തുടയ രാമനെയൊന്നു കണ്ടു
നേരത്തു മാദൃശരിലും പകരുന്നു ശൌര്യം;
ദൂരേഗമിപ്പു കരൾവിട്ടുപശാന്തി, പെട്ടെ-
ന്നാരോ കഴുത്തിനു പിടിയ്ക്കുകിലെന്നപോലെ! 8

---

6. ഉത്സേകം=ഗർവ്വ്. ത്വത്സാഗരോത്സവം=അങ്ങയോടു പൊരുതുകയാകുന്ന ഉത്സവം. ശസ്ത്രധാരർ=ആയുധപാണികൾ. അങ്ങയോടു യുദ്ധം ചെയ്യുന്നതിലുള്ള രസംകൊണ്ട് എതിരാളികൾ ഒഴിഞ്ഞുപോകയുണ്ടായില്ല; അവർ നേരിട്ടാൽ, അങ്ങയുടെ ഈ ശാർങ്ഗനാമകമായ വില്ല് അവരിൽ ഫലിയ്ക്കാതെയുമിരിയ്ക്കില്ല. പിന്നെ എന്തിനാണ്, ഉൽക്കണ്ഠ?

7. ത്രിപുരീപുരാധിപതി=ശിശുപാലൻ. ത്രിപുരി ദേശപ്പേരത്രേ. ക്ലീബത്വം=നപുംസകത്വം. നീതനായ്=പ്രാപിപ്പിയ്ക്കപ്പെട്ടു; രുഗ്മിയെ ചുണകെട്ടവനാക്കി. ബദ്ധോത്സാഹവിഭൂഷം=ഉത്സാഹമാകുന്ന ആഭരണം അണിഞ്ഞത്. വാർമെയ്യ്=വലിയ ശരീരം. ഈക്ഷിയ്ക്ക=കാണുക.

8. മാദൃശർ=എന്നെപ്പോലെയുള്ള ശാന്തന്മാർ. ഉപശാന്തി=ശമം.

രാമൻ:— (രോഷോപഹാസത്തോടേ) ഹേ മന്ത്രിമാരേ, ഇപ്പോഴും ആലോചിയ്ക്കുകയാണോ, നിങ്ങൾ? അഥവാ—

മന്ത്രജ്ഞശ്രേഷ്ഠരാം നിങ്ങളിലിതുലഘുമുദി-
യ്ക്കുന്നതുണ്ടോ, ചിരോദ്യൽ-
ക്ഷാത്രാചാരാങ്കുരോച്ചാടനകരമൊരു സാ-
ത്യഗ്രമാം മന്ത്രവീര്യം,
ക്രോധാഗ്നിസ്തംഭനത്തിന്നു,സ്മരജയിമനോ-
മോഹനത്തിന്നു, ഹന്തോ-
പേതക്ഷോണീശനാരീജനനയനജല-
സ്തംഭനത്തിന്നുമായി? 9

ഉദ്ധവൻ:—(അവജ്ഞയോടേ ചിരിച്ച്) രാമ, ശത്രുക്കളുടെ നേൎക്കുതന്നെ മതിരട്ടെ, ഭവാന്റെ ക്രോധം; ഇവിടെ യാത്ര നിശ്ചയിച്ചുകഴിഞ്ഞിരിയ്ക്കുന്നു. പ്രിയംവദ, ജ്യോത്സ്യന്മാരെ വിളിയ്ക്കുക.

രാമൻ:—(പരിഹാസത്തോടേ) എന്തിനാണ്, വെറുതേ ഈ * പരപ്പ്?

---

9. ചിരോ....കരം=നീണാളായിവളൎന്നുവരുന്ന ക്ഷത്രിയധൎമ്മാങ്കുരത്തെ ഉച്ചാടനം ചെയ്യുന്നത് (നശിപ്പിയ്ക്കുന്നത്). സാത്യഗ്രം=സ്തുത്യം. നിങ്ങൾ ഇപ്പൊഴും ആലോചനയിൽത്തന്നെയിരിയ്ക്കയാണെങ്കിൽ, അതിന്റെ ഫലം, ക്ഷത്രിയധൎമ്മം നശിയ്ക്കുകയും ക്രോധാഗ്നി കെടുകയും കൃഷ്ണന്റെ മനോമയങ്ങളും, ഗവിതരായ രാജാക്കന്മാരുടെ സ്ത്രീകൾക്ക കണ്ണീർ പുറപ്പെടാതിരിയ്ക്കുകയു (രാജാക്കന്മാർ മൃതിപ്പെടാതിരിയ്ക്കുക)മായിരിയ്ക്കും. മന്ത്രത്തിന്നു കാൎയ്യാലോചനഎന്നും മന്ത്രം(ജപ്യം)എന്നും അൎത്ഥം; ഉച്ചാടനം, അഗ്നിസ്തംഭനം, മോഹനം, ജലസ്തംഭനം എന്നിവ മന്ത്രസാദ്ധ്യങ്ങളാണല്ലോ.

* പരപ്പ്=വിസ്തരിയ്ക്കൽ; വൃഥാവിസ്തരമൊന്നും വേണ്ടാ.

തെളിയും ഗ്രഹങ്ങളെല്ലാം,
നന്ദകമുഷ്ടിഗ്രഹാനുകൂല്യത്താൽ;
ഗ്രഹഗണിതവിസ്തരത്താൽ-
ഗ്ഗണകന്മാർ വേലചെയ്യുന്നു വൃഥാവിൽ! 10

അത്രമാത്രമല്ല—

ഞാനിഗ്ഗ്രഹങ്ങളെ,യുലയ്ക്കു നഭസ്സിൽ വീശി
സ്ഥാനത്തുകൊണ്ടുവരുവൻ, ഭവദുക്തരീത്യാ;
നാനാവിധസ്ഥിതി മറിഞ്ഞനുകൂലരായി-
ത്താനിഷ്ടസിദ്ധിയെ നമുക്കവർ തന്നുകൊള്ളും! 11

ഉദ്ധവൻ:—(വിനയത്തോടേ) പ്രലംബാന്തക, ധർമ്മോദ്ധാരണത്തിന്നവതരിച്ചവരാണ് നിങ്ങൾ; അതിനാൽ, ഇങ്ങിനെയായിക്കൂടാ.

നേടാം ബലിഷ്ഠന്നു ബലാലഭീഷ്ട;-
മെന്നാൽ സ്വയം നാട്ടുനടപ്പലംഘ്യം:
നോക്കാൽ മുടിപ്പാൻ കഴിവുള്ള ശർവൻ
ത്രിശൂലമേന്തുന്നു, രിപുക്ഷതിയ്ക്കായ്. 12

രാമൻ:—(പരിഹാസത്തോടെ) ഹേ ബൃഹസ്പതിശിഷ്യ, സർവ്വജ്ഞശിരോമണേ, ഭവാന്റെ വിചാരഗതിയെ ഞാൻ തന്നെ സഫലമാക്കാം: ജ്യോത്സ്യന്മാരെ വരുത്തിക്കൊള്ളുക; വിവാഹമുഹൂർത്തം തീർച്ചപ്പെടുത്താം.

---

10. നന്ദ...ല്യത്താൽ=നന്ദകത്തെ മുഷ്ടിയാൽ പിടിയ്ക്കുകയാകുന്ന ഗ്രഹം അനുകൂലമായാൽ; കൃഷ്ണൻ വാളെടുത്താൽ എന്നു സാരം. ഗണകന്മാർ=ഗണിതക്കാർ, ജ്യോത്സ്യന്മാർ.

11. സ്ഥാനത്തു=വേണ്ടമിടത്ത്. ഭവദുക്തരീത്യാ=ഭവാൻപറയുന്നതിൻവണ്ണം. നാനാവിധസ്ഥിതി=അവിടവിടെയായുള്ള നിപ്പ്. മറിഞ്ഞ്=വ്യത്യാസപ്പെട്ട്. അവർ—നവഗ്രഹങ്ങൾ.

12. അലംഘ്യം=തള്ളാവുന്നതല്ലാത്തത്. നോക്കാൽ=നോട്ടത്താൽതന്നെ. രിപുക്ഷതി=ശത്രുസംഹാരം.

കൈക്കാപ്പുകെട്ടി മധുസൂദനനിങ്ങുതന്നെ
പാർക്കട്ടെ, വേളിയുടെ തിയ്യതി കാത്തുകൊണ്ടേ:
ആ രുഗ്മിവീരനൊടുമൊത്തിവിടെയ്ക്കുകൊണ്ടു-
പോരുന്നതുണ്ടു,രിയ രുഗ്മിണിയെബ്ബലാൽ ഞാൻ. 13

ഉദ്ധവൻ:—രാമ, പാടില്ല, പാടില്ല:

ഭേരീവാദനമേദുരധ്വനികളും,
കാറേററു പാറും കൊടി-
ക്കൂറച്ചാർത്തുമിയന്ന പോർക്കളിനില-
പ്പൂമണ്ഡപാഭ്യന്തരേ
ഭൂരിക്ഷ്മാപഗുരൂപസീമ്നി വിജയ-
ശ്രീതൻ വിവാഹം കഴി-
ച്ചു, രാജീവവിലോചനൻ തദനുതാൻ
വേൾക്കേണമബ്ഭൈഷ്മിയെ! 14

കൃഷ്ണൻ:—(സംരംഭോപഹാസങ്ങളോടേ) ബലദേവജ്യേഷ്ഠന്നു യോജിച്ചതുതന്നേ, ഇത്. എന്തുകൊണ്ടെന്നാൽ:—

അരിഷ്ടഹതി, വാജികേശിയെ വധിയ്ക്കൽ, ചാണൂരനെ-
ച്ചതയ്ക്കൽ, മധുരാധിപോന്മഥന, മേവമന്യാദൃക്കളിൽ

---

13. കാപ്പുകെട്ടൽ, ഒരു വിവാഹാരംഭച്ചടങ്ങാകുന്നു.

14. ഭേരീ....കാ=പെരുമ്പറകൊട്ടുന്നതിന്റെ വലിയ ശബ്ദങ്ങൾ. പോർക്കളി....ന്തരേ=യുദ്ധക്രീഡാരംഗമാകുന്ന നല്ലമണ്ഡപത്തിന്റെ ഉള്ളിൽ. ഭൂരി....സീമ്നി=വളരെ രാജാക്കന്മാരാകുന്ന ഗുരുക്കന്മാരുടെ(പുരോഹിതന്മാരുടെ)അടുക്കൽവെച്ച്. രാജീ....ചനൻ=താമരക്കണ്ണൻ, കൃഷ്ണൻ. തദനു=തദനന്തരം.

15. അരിഷ്ടഹതി=അരിഷ്ടാസുരവധം. വാജികേശി=അശ്വരൂപം ധരിച്ച് കേശി എന്ന അസുരൻ. മധു...ഥനം=മധുരാധിപനെ(കംസനെ)

നടന്ന ലഘുവേലമേല്പരസിയെന്റെ കയ്യിന്റെ മാ-
റററിഞ്ഞ സദയൻ ബലൻ കൊടിയപോരിൽമാം ചേർക്കുമോ?

രാമൻ:—(സഹർഷം ചിരിച്ച്) മന്ത്രിമാരേ,

ഇതാ, പ്രകോപാഗ്നി സമുജ്ജ്വലിച്ചു,
കൃഷ്ണന്റെ ഹൃത്താമുടജത്തിനുള്ളിൽ;
ഇതിങ്കലേ ദുർജ്ജനമാം സമിത്താൽ-
ക്കഴിച്ചിടാം, മംഗളയാനഹോമം! 16

അല്ലയോ മധുകൈടഭാന്തക, എഴുന്നേല്ക്കുക: നാമിരുവരും അച്ഛനമ്മമാരെ അഭിവാദ്യംചെയ്തു വിജയയാത്രയ്ക്കൊരുങ്ങുക.

(അനന്തരം വസുദേവനും ദേവകിയും തവണക്കാരിയോടുകൂടി പ്രവേശിക്കുന്നു.)

തവണക്കാരി:—തമ്പുരാൻ ഇതിലേ, ഇതിലേ; തമ്പുരാട്ടി ഇതിലേ, ഇതിലേ.

രാമൻ:—(നോക്കി, സഹർഷം) കൃഷ്ണ, കൃഷ്ണ, നോക്കു, നോക്കു: സ്മരിച്ചപ്പോഴേയ്ക്കും അരികത്തുവന്നെത്തി, അച്ഛനമ്മമാർ; ഈ സുനിമിത്തംകൊണ്ടു, നിനക്കു മനോരഥം വേഗത്തിൽ സാധിക്കുമെന്നുകൂടി ഞാൻ വിചാരിക്കുന്നു. നാം എഴുന്നേററ് അച്ഛനമ്മമാരെ വണങ്ങുക.

(രണ്ടുപേരും എഴുന്നേററ് നമസ്കരിക്കുന്നു.)

---

കൊല്ലൽ. എന്റെ.....റിഞ്ഞ—ഇത്രയ്ക്കുള്ള എനിക്കു ഭുജബലം എന്നു മനസ്സിലാക്കിയ. മാം=എന്നെ.

16. ഉ—ജം=പർണ്ണശാല. ഇതിങ്കലേ—ഈ അഗ്നിയാൽത്തന്നെ. സമിത്ത്=ചമത. മംഗ...ഹോമം—യാത്രാസമയത്തു വേണ്ടുന്ന മംഗളഹോമം.

വസുദേവൻ:—(മൂർദ്ധാവിൽ മുകൎന്നിട്ട്) രാമകൃഷ്ണന്മാരേ, എനിയ്ക്കുറിഞ്ഞുക്രൂടാ, നിങ്ങൾക്കു ഞാൻ എന്താശംസിയ്ക്കേണ്ടു? അഭീഷ്ടമൊക്കയും നിങ്ങൾക്കു നിറവേറട്ടെ!

ദേവി:—ജരയും പരാജയവും എന്റെ അരുമക്കിടാങ്ങളെ ബാധിയ്ക്കാതിരിയ്ക്കട്ടെ!

(ഉദ്ധവാദികൾ സംഭ്രമത്തോടേ എഴുന്നേററു വണങ്ങുന്നു. തവണക്കാരിയും പ്രിയംവദനും പീഠങ്ങൾകൊണ്ടുവെയ്ക്കുന്നു; എല്ലാവരും യഥോചിതം ഇരിയ്ക്കുന്നു.)

കൃഷ്ണൻ:—(ഹൎഷോൽക്കണ്ഠകളോടേ ആത്മഗതം)

പെററമ്മയെസ്സപദി കണ്ടതുകൊണ്ടുദിയ്ക്കു-
മൻപാലെനിയ്ക്കുണവതുണ്ടൊ,രവാച്യമോദം;
എന്നാലജയ്യമതിനും ദൃഢമാ യശോദാ-
സ്നേഹം, ഭവാന്തരസമുത്ഥിതമെന്നപോലെ! 17

രാമൻ:—(സവിനയം) എന്താണ്, ഗുരുജനാജ്ഞ?

(വസുദേവൻ ദേവകിയുടെ മുഖത്തേയ്ക്കു നോക്കുന്നു)

ദേവകി:—രാമ, നിങ്ങൾ കൃഷ്ണവിവാഹത്തിന്നു കുണ്ഡിനപുരത്തേയ്ക്കു പോകണം; എന്റെ ഭൎത്തൃസോദരിയുടെ മകൻ വിഷമശരാസ്വദവും രക്താംബരാലംകൃതനുമായി പരമസുഖം അനുഭവിയ്ക്കുമാറാകണം.

രാമൻ:—(സാകൂതമായി പുഞ്ചിരിയിട്ട്) കൃഷ്ണ, അച്ഛനമ്മമാരുടെ നിദേശം വാങ്ങിക്കൊൾക.

കൃഷ്ണൻ:—(ശിരസ്സിൽ തൊഴുകൈ വെച്ച്) ഈ അരുളപ്പാടു നിറവേറിയതായി കരുതാം.

---

17. സപദി=പെട്ടെന്ന് അൻപ്=സ്നേഹം. അതിനും—ആ സ്നേഹത്തിനുതന്നെയും. ഭവാ....ത്ഥിതം=മുൻജന്മങ്ങളിൽ ഉണ്ടായിവന്നത്.

ഉദ്ധവൻ:—(മററുള്ളവർ കേൾക്കാതെ) സാത്യകേ, അക്രൂര, നിങ്ങൾ കോൺതലയ്ക്കൽ കെട്ടിക്കൊൾവിൻ, ദേവകീദേവിയുടെ നിദേശം:—'രാമ, കൃഷ്ണവിവാഹത്തിന്നു കുണ്ഡിനപുരത്തെയ്ക്കു പോയ്ക്കൊൾവിൻ; അവിടെ എന്റെ * ഭൎത്തൃസോദരീപുത്രൻ—' (എന്ന്, അൎദ്ധോക്തിയിൽ പുഞ്ചിരിയിടുന്നു.)

അക്രൂര—സാത്യകിമാർ:—നില്ക്കട്ടെ, നില്ക്കട്ടെ; മതി, വ്യാഖ്യാനം.

ദേവകി:—(സഹൎഷം) വിജയേ, ചെന്നു, ശിശുപാലന്റെ ദൂതനെ കൂട്ടിക്കൊണ്ടുവാ.

തവണക്കാരി:—അരുളപ്പാടുപോലെ.

(പോയി ദൂതനോടുകൂടി പ്രവേശിക്കുന്നു.)

ദേവകി:—(സഹൎഷം) സന്ധാനക, രാമകൃഷ്ണന്മാരുടെ അരികിൽ ചെല്ലുക.

സന്ധാനകൻ:—രാമകൃഷ്ണന്മാർ വിജയിപ്പൂതാക, വിജയിപ്പൂതാക!

പൂരാങ്കൽനിന്നു കൈക്കൊൾകി-
സ്സരാഗമണിമാലയെ,

---

* ശിശുപാലന്റെ അമ്മ വസുദേവന്റെ ഒരു സോദരിയത്രെ. വിഷമശരാസ്പദം=കാമന്റെ ഇരിപ്പിടം; വിഷമങ്ങളായ ശരങ്ങളുടെ ഇരിപ്പിടമെന്നും. രക്താംബരാലംകൃതൻ=ചുകന്ന പട്ടുടുത്തവൻ; ചോരയാകുന്ന വസ്ത്രം ധരിച്ചവൻ എന്നും. പരമസുഖം=പരമമായ സുഖം; പരം(ഏററവും)അസുഖം എന്നും. ശിശുപാലൻ വധിക്കപ്പെടണമെന്നു ഗൂഢാൎത്ഥം.

18. പൂരാൻ=തമ്പുരാൻ, ശിശുപാലൻ. രാഗത്തിന്നു ചുകപ്പെന്നും അനുരാഗമെന്നും അൎത്ഥം. രുഗ്മിണിയെ പാണിഗ്രഹണം ചെയ്തുകൊൾക എ

പരദുർല്ലഭയെ, ശ്ശൌരേ,
വരലക്ഷണപൂർണ്ണയെ. 18

(എന്ന്, ഒരു മാണിക്യമാലയെ കൊടുക്കുന്നു; കൃഷ്ണൻ വാങ്ങുന്നു.)

ദേവകി:—വിജയേ, സന്ധാനകന്നു പീഠം.

സാത്യകി:—(മററുള്ളവർ കേൾക്കാതെ) മന്ത്രിശിരോമണേ, ഉദ്ധവ, അക്രൂര, ഇപ്പറഞ്ഞതുകൊണ്ടും എനിയ്ക്കു തോന്നുന്നു, രുഗ്മിണി കൃഷ്ണൻെറ കയ്യിലായി എന്ന്.

ഉദ്ധവാക്രൂരർ:—(ഹർഷോല്ലാസത്തോടേ) ശരി, ശരി; അങ്ങിനെതന്നെ.

(അണിയറയിൽ)

എന്തിന്നു നീയഹഹ, കൃഷ്ണന കോർത്തതാകു-
മിപ്പിച്ചിമാലയെ വിമോഹവശാൽത്തൊടുന്നു?
ഛീ, ഛീ, നിനക്കു പിഴപററുകയാണു പാഴി-
ലൊ;—ല്ലാത്ത വേല, പടിവാതിൽ വിപത്തിനത്രേ! 19

ഉദ്ധവൻ:—(സഹർഷം ആത്മഗതം) ഈ നല്ല ഉപശ്രുതി ശിശുപാലദൂതനെ * അറിയിയ്ക്കുന്നു, ഇയ്യാൾക്കു മനസ്സിലാകുമെങ്കിൽ!

രാമൻ:—(ക്രോധിച്ചമട്ടിൽ) പ്രിയംവദ, ആർ ആരുടെ പിച്ചകമാല പിടുങ്ങാൻ നോക്കുന്നു എന്നറിയുക.

---

നു വ്യഞ്ജിയ്ക്കുന്നു. മണിമാലയുടെ വിശേഷണം മൂന്നും രുഗ്മിണിയ്ക്കും ചേരുമല്ലോ.

19. കൃഷ്ണന—കൃഷ്ണനു കെട്ടുവ്വാൻവേണ്ടി. വിമോഹവശാൽ=വ്യാമോഹംമൂലം. ഒല്ലാത്ത വേല=നിഷിദ്ധകർമ്മം.

* അറിയിയ്ക്കുന്നു—ശിശുപാലൻ രുഗ്മിണീവരണത്തിന്നു നില്ക്കുന്നത് ആപൽകരമാണെന്ന്,

പ്രിയംവദൻ:—(പോയി, വീണ്ടും പ്രവേശിച്ച്, ഒരു പിച്ചകമാല കൃഷ്ണന്നു കാഴ്ചവെച്ച്) കൃഷ്ണദേവ, തൃക്കൈക്കൊള്ളുക, തൃക്കൈക്കൊള്ളുക: ഈ പിച്ചകമാല ഇവിടത്തെയ്ക്കായി മാലാകാരൻ കൊണ്ടുപോരുമ്പോൾ, ഏതോ ഒരുത്തൻ കൈക്കലാക്കാനൊരുമ്പെട്ടു; എന്നാൽ, അവൻ മാലാകാരന്റെ കൊട്ടംശകാരം കേട്ടു പാഞ്ഞുപോയ്ക്കളഞ്ഞു.

(രാമൻ സാകൂതമായി ചിരിച്ച് ഉദ്ധവാദികളെ നോക്കുന്നു.)

കൃഷ്ണൻ:—(ഹർഷത്തോടേ ആത്മഗതം)

പൂബാണസർവ്വസ്വ, മവാ-
പ്യാമോദകരി ഭൈഷ്മിതാൻ
കരത്തിലീവന്നതൊ, രു-
പിച്ചിപ്പൂമാലയല്ല മേ! 20

ഉദ്ധവൻ:—(ഹർഷത്തോടേ) കൃഷ്ണദേവ, വിവാഹയാത്രാരംഭത്തിൽ വന്നുചേർന്ന ഈ പിച്ചകമാല സുനിമിത്തസൂചകമാകുന്നു; ഇതു വാട്ടുന്നതിന്നുമുമ്പേ വേഗത്തിൽ അണിഞ്ഞുകൊള്ളുക.

(കൃഷ്ണൻ ഹർഷത്തോടെ മാലധരിക്കുന്നു.)

വസുദേവൻ:— സന്ധാനക, എന്നാണ് വിവാഹോത്സവം?

സന്ധാനകൻ:— ഈ * മാധവന്തന്നെയാവും വിവാഹത്തിന്നെന്നു തോന്നുന്നു.

---

20 ആമോദം=സന്തോഷം, സൌരഭ്യം. രുഗ്മിണിയും പൂബാണ(കാമ)ന്റെ സർവ്വസ്വമാണ്; അവർണ്ണനീയമായ സന്തോഷത്തെ നല്കുന്നവളുമാണ്.

* മാധവം=വൈശാഖമാസം. മധവൻ(കൃഷ്ണൻ)തന്നെയാവും വേളി കഴിയ്ക്കുക എന്നും.

ഉദ്ധവൻ:— (സാകൂതം) വാസ്തവംതന്നെ, സന്ധാനകൻ പറഞ്ഞതു്.

രാമൻ:— (സാകൂതം പുഞ്ചിരിയിട്ടു്) കൃഷ്ണാ, എന്തിനിനിയും താമസിയ്ക്കുന്നു? വൈശാഖത്തിൽ തന്നെയാണു് രുക്മിണീവിവാഹം.

കൃഷ്ണൻ:— സന്ധാനക, ചേദിരാജാവിനെ അറിയിയ്ക്കുക: വിവാഹമടുക്കുമ്പോഴെയ്ക്കു, ഞങ്ങൾ കുണ്ഡിനപുരത്തു വന്നുചേരും.

അക്രൂരൻ:— ഊട്ടുവെപ്പുവിചാരിപ്പുകാരോടാജ്ഞാപിച്ചു, സമ്മാനം കൊടുത്തു, സന്ധാനകനെ തിരിച്ചയയ്ക്കുക.

സന്ധാനകൻ:— കൃഷ്ണദേവ, ദേവകിത്തമ്പുരാട്ടിയെക്കൂടാതെ അവിടെ ചെന്നിട്ടു ഞാൻ എന്തുണർത്തിയ്ക്കും?

ദേവകി:— സന്ധാനക, രാമകൃഷ്ണന്മാരുടെ വേളി കേട്ടാൽ * അച്ഛൻപെങ്ങൾക്കു സന്തോഷം വരും; എന്നെക്കൊണ്ടെന്തുള്ളു?

സന്ധാനകൻ:— എന്നാൽ വധു ഇവിടുത്തെ തൃപ്പാദം വന്ദിപ്പാൻ ഇവിടെത്തന്നെ വരും.

സാത്യകി:— ആക്കാണിതിൽ അപ്രിയം? വധുവിൻെറ ഗൃഹംതന്നെയാണല്ലോ ഇതു്!

വസുദേവൻ:— ഞങ്ങൾതന്നെ സന്ധാനകനെ സമ്മാനം കൊടുത്തു തിരിച്ചയയ്ക്കാം. നിങ്ങൾ പ്രഭാതത്തിൽ പുറപ്പെടാൻ ഒരുങ്ങിക്കൊൾവിൻ. വിജയേ, വഴി കാണിയ്ക്കുക.

തവണക്കാരി:— തമ്പുരാൻ ഇതിലേ, ഇതിലേ; തമ്പുരാട്ടി ഇതിലേ, ഇതിലേ.

---

* അച്ഛൻപെങ്ങൾ—രാമകൃഷ്ണന്മാരുടെ അച്ഛൻെറ പെങ്ങൾ; ശിശുപാലൻെറ അമ്മ.

(ദേവകീവസുദേവന്മാർ തവണക്കാരിയോടുകൂടി പോയി.)

(അണിയറയിൽ)

ഇതേപ്പൊഴുതിലിഗ്ഗജത്തിന്നു ചുരന്നിടുന്നുണ്ടു നീ-
രെ,തിർപ്പടയുടഞ്ഞുപോമടരിലെന്നു തോന്നിപ്പതായ്;
ഇതിൻ ഫലമെവണ്ണമൊന്നനുഭവിച്ചിടും, ദേവകീ-
സുതൻെറ വരയാത്രയോത്തുഴറി വെമ്പൽതേടും ബലൻ. 21

രാമൻ:— (കേട്ടിട്ടു, സഹർഷം ഉറക്കെ) എടോ ആനക്കാര, കൊള്ളാം, കൊള്ളാം; എൻെറ ആനയ്ക്കു മദം ചുരന്നതു ഭാഗ്യം! നീ വിഷാദിയ്ക്കേണ്ടാ: ഇതു സഫലമാകും.

അല്പ,ത്രയം മൃദുലമാം വരയാത്രയല്ലി-
ത;-ങ്ങാഹവേ, തനു തരിച്ചിടുമാറു കേൾക്കാം,
അദ്ദന്തിദന്തഹതിയാൽസ്സമദാരിഭൂപ-
വാർനെഞ്ചെലിമ്പു ചതയുന്ന കടുസ്വനങ്ങൾ! 22

കൃഷ്ണ, ഇനി നമുക്കെല്ലാം സ്വഗൃഹങ്ങളിൽ ചെന്നു, യാത്രയ്ക്കൊരുങ്ങാം.

(എന്നു് എല്ലാവരും പോയി)

രണ്ടാമങ്കം കഴിഞ്ഞു.

---

21 നീർ—മദജലം. എതിർപ്പട=ശത്രുവർഗ്ഗം. തോന്നിപ്പതായ്=സൂചിപ്പിയ്ക്കുന്നതായി. വരയാത്ര=വിവാഹയാത്ര.

22 ആഹവേ=യുദ്ധത്തിൽ. തനു=ദേഹം. ദന്തിദന്തഹതി=ആനകളുടെ കൊമ്പുകൊണ്ടുള്ള കുത്ത്. സമ.........ലിമ്പ്=ഗർവിതരായ ശത്രുരാജാക്കന്മാരുടെ വമ്പിച്ച ഹൃദയാസ്ഥി. യാത്രാരംഭത്തിൽ ആനയ്ക്കു മദമുണ്ടാകുന്നതു, യുദ്ധസൂചകമത്രേ.

# മൂന്നാമങ്കം

(സുബുദ്ധി പ്രവേശിക്കുന്നു.)

സുബുദ്ധി:— (ചുടുനെടുവീർപ്പിട്ടു്) അയ്യോ, എത്രകഷ്ടം കന്യകാത്വം!

മനം മനോജന്നായത്തം,
ദേഹം ഗുരുജനത്തിനും;
മൃതി ദൈവവശം; വാടി-
ല്ലെമ്മട്ടു കുലകന്യമാർ? 1

അഹോ, സുബുദ്ധിയായ എന്റെ ദുർബ്ബുദ്ധിത്വം: ആത്മാരാമാശ്രമത്തിൽ വിഹരിച്ചിരുന്ന ഒരു മാൻപേടയായ ഞാൻ മനുഷ്യസ്നേഹമാകുന്ന പൊട്ടുപുല്ലു കൊതിച്ചു താനേതന്നേ മോഹവലയിൽ വീണുപോയി! ഇനി രുഗ്മിണിയ്ക്കു പ്രാണാപായം പററിയാൽ എന്റെ ജീവിതം കളങ്കിതമായിപ്പോകും; ഗൌരീമന്ത്രോപദേശശക്തി കളങ്കിതമായിപ്പോകും. ഇതൊന്നോ, രുഗ്മിണിയുടെ പ്രാണനു തഴതായിട്ടുള്ളു: വിവാഹയാത്രാനാട്യത്തിലെങ്കിലും കൃഷ്ണൻ ഇവിടെ വന്നെത്തിയിട്ടുണ്ടല്ലോ.

ഹരിമേഘാപ്തിക്കുളിരും
ചൈദ്യക്കൊടുവെയിലുമൊത്തൊരിദ്ദിവസം

---

1 മനോജൻ=കാമൻ. ആയത്തം =അധീനം. ദൈവവശം=ദൈവായത്തം.

2 ഹരി.........ളിർ=കൃഷ്ണനാകുന്ന മേഘത്തിന്റെ ആഗമനത്താലുള്ള തണുപ്പു്. ശോഷ =വരൾച്ച. ശാരദ =ശരദൃതുവിലേതായ ദിവസം(=പ

സുഖശോഷങ്ങളെയനിശം
ഭൈഷ്മിയ്ക്കുകുന്ന ശാരദം പോലേ. 2

(നാലുപുറവും നോക്കി, നിന്നു, * ചമൽക്കരിച്ചിട്ട്) അല്ല, ഞാൻ എവിടെയ്ക്കാണ് പോകുന്നത്? (ലജ്ജയോടേ) എയ്, രുഗ്മിണിയുടെ ഗൃഹത്തിലെയ്ക്കു പുറപ്പെട്ട എൻെറ നടത്തം മററൊരിടത്തെയ്ക്കായിപ്പോയി. (നോക്കിയിട്ട്) ആകട്ടെ, ഈ വഴിയ്ക്കുതന്നെ പോകാം: ഇതാണല്ലോ, പോററമ്മയുടെ മകൾ സുവത്സലയ്ക്കു രുഗ്മിണീഗൃഹത്തിൽപ്പോകാനുള്ള വഴി. അതിനാൽ എൻെറ ദുഃഖത്തിൽപ്പങ്കുകൊൾവാൻ അവളും എത്തിച്ചേന്നു എന്നു വരാം.

(പിന്നെ സുവത്സല പ്രവേശിയ്ക്കുന്നു.)

സുവത്സല:— ഭഗവതി, സുബുദ്ധികേ, എങ്ങോട്ടാണ് വെമ്പി നടക്കുന്നത്? ഞാനും കൂടെപ്പോരാം.

സുബുദ്ധി:— (തിരിഞ്ഞുനോക്കിയിട്ട്) എയ്, സുവത്സല പിന്നാലെ വരുന്നുണ്ട്. (നിന്നിട്ട്) വരൂ, കുഞ്ഞേ, വരൂ.

സുവത്സല:— ഞാൻ ഒപ്പമെത്തി; ഇനി ഭഗവതി നടന്നുകൊള്ളുക, നടന്നുകൊള്ളുക. എവിടെയ്ക്കാണ് പോകുന്നത്?

സുബുദ്ധി:— (നെടുവീപ്പിട്ട്) മററെവിടേയ്ക്ക്?

സുവത്സല:— രുഗ്മിണീഗൃഹത്തിലെയ്ക്കാണോ, ഭഗവതി പുറപ്പെട്ടത്? (കണ്ണീരോടേ) ഭഗവതി, ഇവിടുത്തെ സുബുദ്ധി

---

കൽ 1. കൃഷ്ണാഗമനം സുഖിപ്പിയ്ക്കുന്നു; ശിശുപാലാഗമനം ശോഷിപ്പിയ്ക്കുന്നു.

* ചമൽക്കരിയ്ക്കുക=ചമൽ എന്നശബ്ദം പുറപ്പെടുവിയ്ക്കുക.

* സ്നേഹമുള്ളവാം എന്ന നില.

ത്വവും എന്റെ സുവത്സലാത്വവും മറിച്ചായിപ്പോയി! രുഗ്മിണിയുടെ ജീവിതാശ ഊഞ്ഞാലിലാടുകയാണല്ലോ!

സുബുദ്ധി:— കൂടെ മരിച്ചാൽത്തന്നെയും എന്റെ സുബുദ്ധിത്വം മറിച്ചാവും; നിന്റെ സുവത്സലാത്വമാകട്ടേ, മറിച്ചാവില്ല!

സുവത്സല:— ഭഗവതി, ഇവിടുത്തെ ബുദ്ധിവൈഭവവും മന്ത്രശക്തിയും മറിച്ചാകുന്നതിൽ അപരാധി, രുഗ്മിണിയുടെ ദുർവിധിയാണ്. കൃഷ്ണൻ രുഗ്മിണിയ്ക്ക് ഇളപ്പം * വരുത്തുമെന്നതിൽ എനിയ്ക്കു വിശ്വാസം ജനിയ്ക്കുന്നില്ല. ഭഗവതിയും അവിടെവെച്ചു കൃഷ്ണന്റെ ആൾക്കാരിൽനിന്ന് അറിഞ്ഞതാണല്ലോ, ഇത്:

കൃഷ്ണന്റെ ഹൃദയേ രുഗ്മി-
ണ്യാഖ്യാമന്ത്രാക്ഷരത്രയം
ചെന്നതോടേ, പുറത്തായി-
ക്കഴിഞ്ഞു മററു കാന്തമാർ! 3

അതിനാൽ, നന്ദകത്തിന്റെ സാഹായ്യംകൊണ്ടെങ്കിലും, ഭഗവതിയുടെ മന്ത്രശക്തി ഫലിയ്ക്കും.

സുബുദ്ധി:— സുവത്സലേ, വരിക: നമുക്കു കുമാരിയെ ആശ്വസിപ്പിയ്ക്കാം.

സുവത്സല:— ഭഗവതി, കുമാരിയെ ആശ്വസിപ്പിയ്ക്കാൻവേണ്ടി ഞാൻ കൃഷ്ണന്റെ ചിത്രം മകരന്ദികയുടെ കയ്യിൽ

---

* രുഗ്മിണി ഇത്രയും കാമിയ്ക്കെ, കൃഷ്ണൻ അവളെ ത്യജിച്ചാൽ, അത് അവൾക്ക് ഒരു പോരായ്മയാകുമല്ലോ.

3 രുഗ്മി......ത്രയം=രുഗ്മിണിയുടെ പേരാകുന്ന മന്ത്രത്തിന്റെ മൂന്നക്ഷരങ്ങളും; രുഗ്മിണി എന്ന ത്ര്യക്ഷരമന്ത്രം.

കൊടുത്തയച്ചിട്ടുണ്ട്. അതിനാൽ ഭഗവതി വരിക: നമുക്ക, കൃഷ്ണൻെറ കൂടാരത്തിൽ പോയി മറഞ്ഞുനിന്ന് എല്ലാം അറിഞ്ഞിട്ടു, വേഗത്തിൽ രുഗ്മിണിയുടെ അടുക്കൽ ചെല്ലാം.

സുബുദ്ധി:— സുവത്സലേ, നിനക്കിപ്പോഴും ഇത്ര ഉത്സാഹം തോന്നുന്നുണ്ടെങ്കിൽ, കൃഷ്ണനെ കൌതുകപ്പെടുത്താൻ രുഗ്മിണിയുടെ ചിത്രം എടുത്തുകൊൾക.

സുവത്സല:— നമുക്ക് ഈ വഴിയ്ക്കു, ചിത്രത്തോടുകൂടിയ * സുലേഖചിത്രകാരനെ കൂട്ടി പോകാം.

(രണ്ടുപേരും പോയി)

വിഷ്കംഭം.

---

(അനന്തരം കയ്യിൽ കൃഷ്ണൻെറ ചിത്രവുമായി രുഗ്മിണിയും മകരന്ദികയും പ്രവേശിയ്ക്കുന്നു.)

രുഗ്മിണി:— (സന്താപത്തോടേ നെടുവീർപ്പിട്ട്) തീർച്ചയായും ഞാൻ മുൻജന്മത്തിൽ ചന്ദ്രചൂഡൻെറ വിഗ്രഹത്തെയേ ആരാധിച്ചിട്ടുള്ളു: ഈ സുഭഗൻെറ ചിത്രംകൊണ്ടുമാത്രം എന്നെ വഞ്ചിയ്ക്കുകയാണല്ലോ, ഹതവിധി! തോഴി, മകരന്ദികേ, ഭഗവതി സുബുദ്ധിയും സുവത്സലയും മറന്നുകളഞ്ഞു: അവർ ആ പതിനാറായിരത്തിൽ ഒരു ഗോപികയോടെങ്കിലും കൃഷ്ണപ്രീതിയ്ക്കുള്ള ഭാഗ്യങ്ങളെ അഭ്യർത്ഥിച്ചില്ലല്ലോ! (നെടുവീർപ്പിട്ട്) അഥവാ, ദുർവ്വിധിയാലാണ്, എനിയ്ക്കീ വല്ലായ്മ. ഭാഗ്യം കൊടുക്കപ്പെടാറില്ലല്ലോ.

---

* സുലേഖൻ—ചിത്രമെഴുത്തുകാരൻെറ പേർ.

അതിനാൽ, ഈ ചിത്രത്തെത്തന്നേ മതിയാവോളം നോക്കാം. (അപ്രകാരം ചെയ്യുന്നു.)

മകരന്ദിക:— വല്ലാതെ ക്ഷീണിച്ചിരിയ്ക്കുന്നു, കൊച്ചുതമ്പുരാട്ടി. ആ കനിവററ സുബുദ്ധിഭഗവതിയും സുവത്സലയും എവിടെയാണാവോ, വൈകിയ്ക്കുന്നത്.

(അനന്തരം സുബുദ്ധിയും സുവത്സലയും പ്രവേശിയ്ക്കുന്നു.)

സുബുദ്ധി:— (രുഗ്മിണിയെ നോക്കി) സുവത്സലേ, മനസ്സു കൃഷ്ണചിത്രത്തിൽ ലയിച്ചിരിയ്ക്കുകയാൽ രുഗ്മിണി നമ്മെ കാണുന്നില്ല. അതിനാൽ വരിക: നമുക്കു മകരന്ദികയെ ആംഗ്യംകൊണ്ടു വിലക്കി, അനങ്ങാതെ ഇവളുടെ പിന്നിലിരിയ്ക്കാം.

(രണ്ടുപേരും അപ്രകാരം ചെയ്യുന്നു.)

സുബുദ്ധി:— (നോക്കി, ആശ്ചര്യത്തോടേ) അമ്പോ, രുഗ്മിണിയുടെ മനസ്സംഗദാർഢ്യം:

പേർത്തും പേർത്തുമുറക്കെ മൂളുമൊരു വ-
ണ്ടുച്ഛ്വാസസൌരഭ-
ച്ഛാത്തിൽത്തത്തുവതും, വതംസനളിന-
ക്രീഡാരവിന്ദങ്ങളിൽ
പേർത്തും പേർത്തുമിരിപ്പുകൊൾവതുമറി-
ഞ്ഞീടുന്നതില്ല,ഭ്രമനർ-
ഗാത്രൻതൻ പ്രതിമാപടത്തിൽ വിലയം
പ്രാപിച്ച ലോലാക്ഷിയാൾ! 4

---

4 ഉച്ഛ്വാ......ച്ഛാത്തിൽ=നിശ്വാസങ്ങളുടെ സുഗന്ധപരമ്പരയിൽ. വതംസനളിനം=കാതിലണിഞ്ഞ താമരപ്പൂവ്; അതിലും, കളിത്താമരപ്പൂവിലും. അഭ്രനേർഗാത്രൻ=കാർവർണ്ണൻ. പ്രതിമാപടം=ചിത്രപടം.

രുഗ്മിണി:— (ചിത്രം നോക്കിക്കൊണ്ട് ഉൽക്കണ്ഠയോടേ) മദനച്ചൂടേശ്ശുമ്പോഴും, ഈ സുഭഗന്റെ ഈ ലാവണ്യവാപിയിൽ നീന്തിക്കളിയ്ക്കുന്ന ആ ഗോപികമാർ ഭാഗ്യവതികൾതന്നെ! എന്നെപ്പോലുള്ളവക്കുണ്ടോ, ഇപ്രകാരമിരിയ്ക്കുന്ന ഇദ്ദേഹം— (എന്ന്, അർദ്ധോക്തിയിൽ ബാഷ്പഗദ്ഗദത്തോടേ)

മനമേ, ദയചെയ്തടങ്ങുകെ,ന്തി-
നനവാപ്യപ്രണയപ്രവർത്തനം തേ?
വനമാമ്പിട തിങ്കളിൻമൃഗത്തോ-
ടനുരാഗം കരുതുന്നതെത്ര ഹാസ്യം! 5

സുബുദ്ധി:— (സംഭ്രമത്തോടേ എഴുന്നേററു, രുഗ്മിണിയുടെ * ചിബുകം പൊന്തിച്ച്) വത്സേ, രുഗ്മിണി, നിന്റെ ഗുരുജനത്തിന്നു ത്രാണിയില്ലെന്നോ? നീ ഇങ്ങിനെ വാടിത്തളരുന്നുവല്ലോ!

രുഗ്മിണി:— (നാണിച്ച്, ആത്മഗതം) എയ്, ഇവിടെത്തന്നെ ഉണ്ടായിരുന്നുവോ, ഭഗവതി? (പ്രകാശം) ഇവിടുന്നൊഴികെയുള്ള ഗുരുജനം എനിയ്ക്കു ദുർജ്ജനംതന്നെ!

സുബുദ്ധി:— (സോത്സാഹം) ആരെങ്കിലും എങ്ങിനെയെങ്കിലുമായിക്കൊള്ളട്ടെ: ശാർങ്ഗപാണി നിന്നെ പാണിഗ്രഹണം ചെയ്തുകഴിഞ്ഞു! കുഞ്ഞേ, സുവത്സലേ, നീയെന്താണ്, കുമാരിയെ അറിയിയ്ക്കാത്തത്?

---

5 അന........ത്തനം=അലഭ്യങ്കൽ പ്രേമം വെച്ചുകൊണ്ടിരിയ്ക്കൽ മൃഗം=മാൻ.

* ചിബുകം=താടി.

സുവത്സല:— (മുമ്പിൽ ചെന്നിട്ട്) വത്സേ, രുഗ്മിണി, ഭഗവതി വല്ലപ്പോഴും അസത്യം അരുളിച്ചെയ്തിട്ടുണ്ടോ? സുമുഹൂർത്തം മാനിക്കപ്പെട്ടു. ചിത്രസ്ഥയായ നിന്നെ കൃഷ്ണൻ പാണിഗ്രഹണം ചെയ്തുകഴിഞ്ഞു; ഇനി, തന്റെ * പാണിഗൃഹീതയ്ക്കു വേണ്ടതു കൃഷ്ണൻ അനുഷ്ഠിച്ചുകൊള്ളും.

രുഗ്മിണി:— (സഹർഷം ആത്മഗതം) ഹൃദയമേ, സമാശ്വസിയ്ക്കുക, സമാശ്വസിയ്ക്കുക: ദൈവം നിനക്കനുകൂലമായി എന്നു തോന്നുന്നു.

സുബുദ്ധി:— (ഉല്ലാസത്തോടെ) കുഞ്ഞിന്നു വിശ്വാസം വന്നില്ലയോ? ഇതാ, ചിത്രത്തിലെ വാസുദേവൻ നിന്നെ പാണിഗ്രഹണം ചെയ്തുകഴിഞ്ഞു! (എന്നു, കൃഷ്ണചിത്രത്തെക്കൊണ്ടു പാണിഗ്രഹണം ചെയ്യിയ്ക്കുന്നു.)

(അണിയറയിൽ പെരുമ്പറ മുഴങ്ങുന്നു)

സുവത്സലയും, മകരന്ദികയും:— (സഹർഷം) ഹാ, സുനിമിത്തം, സുനിമിത്തം!

സുബുദ്ധി:— സുനിമിത്തം മാത്രമല്ല: ഇപ്പോൾ, ഈ മാളികച്ചുവട്ടിലെ വഴിയിലൂടെതന്നെ ആ ഗോവിന്ദൻ നഗരത്തിൽ പ്രവേശിയ്ക്കും; ആ ശിശുപാലാദികളും. എതിരേല്പാൻ പുറപ്പെട്ട ഭീഷ്മകമഹാരാജാവിനെയും, മൂത്ത കൊച്ചുതമ്പുരാനായ രുഗ്മി മുതലായവരെയും ഞാൻ കാണുകയുണ്ടായി.

(അണിയറയിൽ)

പൌരന്മാരേ, പൌരകന്യകമാരേ, മഹാരാജാവരുളിച്ചെയ്യുന്നു, നിങ്ങൾ * മംഗളകൌതുകങ്ങൾക്കൊരുങ്ങ

* പാണിഗൃഹീത=വേൾക്കപ്പെട്ടവൾ.

വിൻ: പെരുമപ്പെട്ട രാജാക്കന്മാർ നഗരത്തിൽ പ്രവേശിയ്ക്കുകയായി.

മകരന്ദികാ:— (ഔത്സുക്യത്തോടെ) ഭഗവതി, സുബുദ്ധികേ, ഇവിടെവെച്ചു ഭവതി ഈ കൃഷ്ണചിത്രത്തെക്കൊണ്ടു പാണിഗ്രഹണം ചെയ്യിച്ചു; അവിടെവെച്ചു, കൊച്ചുതമ്പുരാട്ടിയുടെ ചിത്രത്തെക്കൊണ്ടും. ഇവരിരുവരെയും ഒരേ സ്ഥലത്തു ചേൎത്തുകാണ്മാൻ എനിയ്ക്കു കൌതുകമുണ്ട്. അതിനാൽ, ഈ ചിത്രപടത്തിൽ കൃഷ്ണൻെറ അരികിൽ കൊച്ചുതമ്പുരാട്ടിയെ ഞാൻ വരയ്ക്കാം.

സുബുദ്ധി:— (ചിരിച്ച്) നിൻെറ കൌതുകപ്രസരത്തെ ആർ തടുക്കുന്നു? എന്നാൽ, ഈ മനോരഥം പ്രത്യക്ഷമാകലും സമീപിച്ചിരിയ്ക്കുന്നു.

(മകരന്ദിക വരയ്ക്കുന്നതായി നടിച്ചു ചിത്രപടം കയ്യിൽ വെയ്ക്കുന്നു.)

(അണിയറയിൽ കളകളം)

സുവത്സലാ:— ഭഗവതി, നരേന്ദ്രന്മാർ നഗരപ്രവേശത്തിന്നൊത്തിക്കഴിഞ്ഞു: ഇതാ, സമീപത്തുനിന്നു പെരുമ്പറയൊച്ച കേൾക്കുന്നുണ്ടല്ലോ.

മകരന്ദികാ:—(ഔത്സുക്യത്തോടേ) കൊച്ചുതമ്പുരാട്ടി, എന്നാൽ നമുക്കു മാളികയുടെ മുകൾത്തട്ടിൽക്കേറി, ജനാലയിലൂടേ നോക്കിക്കാണാം.

രുഗ്മിണി:—(സഹർഷം ആത്മഗതം) കൊള്ളാം, മകരന്ദികേ, കൊള്ളാം! (ആകാരഗോപനത്തോടേ, പ്രകാശം) ഭഗവതി പറയുന്നതുപോലെ.

---

x മംഗളകൌതുകങ്ങൾ=കല്യാണത്തിന്നു നഗരമലങ്കരിയ്ക്കുകയും മററും.

സുബുദ്ധി:—അങ്ങിനെയാവാം. (എല്ലാവരും എഴുന്നേററു മുകളിൽ കേറുന്നു.)

മകരന്ദിക:—(ജനാലയിലൂടേ നോക്കി) നോക്കുവിൻ, നോക്കുവിൻ: രാജാക്കന്മാർ കടന്നുതുടങ്ങി.

(എല്ലാവരും നോക്കുന്നു.)

മകരന്ദിക:—(നോക്കി ഹർഷാശ്ചര്യങ്ങളോടേ)

പ്രിയതോഴി, വിലോലചാമരം
വിലസുംരഥമിതാരുദേത്തുവാൻ,
കളഹംസഗണം ചുഴന്നതാം
തെളിനീലോൽപലവാടിപോലവേ? 6.

സുവത്സല:—(നോക്കിയിട്ട്) നോക്കുവിൻ, നോക്കുവിൻ: ഇതാ, ആ ഗോപീസഹസ്രമനോമോഹനനായ മധുസൂദനൻ തേരിൽക്കേറി വന്നെത്തുന്നു!

രുഗ്മിണി:—(ഔത്സുക്യത്തോടേ നോക്കിയിട്ട് ആത്മഗതം) അല്ലയോ കണ്ണുകളേ, ചെവികൾ യാതൊരാളുടെ ഗുണഗണാമൃതം നുകരുമ്പോളാണോ നിങ്ങൾക്ക് ഈർഷ്യകൊണ്ടെന്നപോലേ ദർശനതൃഷ്ണ മുതിർന്നത്, ആ സുഭഗനെ ഇപ്പോൾ മതിയാകുവോളം ഇഷ്ടംപോലെ നോക്കിക്കണ്ടുകൊൾവിൻ; ഇത്തിരിനേരം ജന്മഫലം കൈക്കലാക്കിക്കൊൾവിൻ! ആർക്കറിയാം, മേലിൽ എന്തുചെയ്യും, ഭഗവാൻ വിധാതാവെന്ന്?

(അനന്തരം; തേരിൽക്കേറി കൃഷ്ണനും പ്രിയംവദനും മാളികച്ചുവട്ടിൽ പ്രവേശിക്കുന്നു.)

---

6 വിലോലചാമരം = ഇളകുന്ന(വീശപ്പെടുന്ന)വെൺചാമരങ്ങളോടേ. നീലോൽപലവാടി = കുവലയവനം.

മകരന്ദിക:—(ഔത്സുക്യത്തോടേ) ഭാഗ്യം, ഞാൻ ഉടൽ മു ക്കാലും ജനാൽപ്പഴുതിലാക്കിനിന്നു നോക്കട്ടെ! (കണ്ടറി ഞ്ഞിട്ട്) അന്ന് ഇവിടെ വന്നിട്ടു കാൎയ്യം സാധിയ്ക്കാതെ തിരിച്ചുപോയ പ്രിയംവദനാണിത്.

സുവത്സല:—(രുഗ്മിണിയെ നോക്കി, ആത്മഗതം) ഇല്ല, ഈ ഇടുങ്ങിയ ജനാൽപ്പഴുതിൽ ഒതുങ്ങുകയില്ല, രുഗ്മിണി യുടെ * കൃഷ്ണാലോകനതൃഷ്ണ. അതിനാൽ ഇങ്ങിനെയാവാം. (പ്രകാശം) മകരന്ദികേ, നീ മറ്റൊരു ജനാലിൽ നോക്കി ക്കൊൾക; ഇതിൽ രുഗ്മിണിക്കുഞ്ഞു യഥേഷ്ടം നോക്കി ക്കൊള്ളട്ടെ.

മകരന്ദിക:— അങ്ങിനെയാകട്ടെ.

[ജനാല്ക്കൽനിന്നു മാറുന്ന മകരന്ദികയുടെ കയ്യിൽനിന്നു ചിത്രപടം കീഴ്പോട്ടു വീഴുന്നു.]

പ്രിയംവദൻ:— കൃഷ്ണദേവ, ഇതെടുത്തുകൊൾക: എന്തോ ഒന്ന് ഇവിടുത്തെ താമരപ്പൂ ധരിച്ച തൃക്കയ്യിൽ വീണു.

കൃഷ്ണൻ:— (എടുത്തുനോക്കിയിട്ട്) എയ്, രുഗ്മിണിയുടേയും എന്റേയും രൂപങ്ങളുള്ള ഒരു ചിത്രമാണിത്. പ്രിയംവദ, നോക്കു, നോക്കു.

പ്രിയംവദൻ:— (ചിത്രപടം നോക്കിയിട്ട്) തിരുമേനിയ്ക്കടു ക്കൽ ഈയെഴുതപ്പെട്ടിരിയ്ക്കുന്നതു രുഗ്മിണിയാണ്.

'നീയെന്തു കൃഷ്ണന്റെ കരത്തിൽ വാഴ്വതെ?-ൻ-
കൈത്തണ്ടലക്കാണവകാശമിന്നിതിൽ'
എന്നീവിധം തള്ളുകയായിരിയ്ക്കുമോ
പങ്കേരുഹത്തെ,ത്തവ കയ്യിൽ വന്നിവൾ! 7

* കൃഷ്ണദൎശനതൃഷ്ണ.
7 പങ്കേരുഹം—കൃഷ്ണന്റെ കയ്യിലെ കേളീപത്മം.

(മാളികമേൽ നോക്കി, കണ്ടറിഞ്ഞിട്ടു ഹർഷോല്ലാസത്തോടേ) കൃഷ്ണദേവ, രുഗ്മിണിയുടെ മാളികയാണിത്. ഇതു രുഗ്മിണിയുടെ കയ്യിൽനിന്നായിരിക്കും വീണത്.

കൃഷ്ണൻ:— (ഉൽക്കണ്ഠയോടേ മാളികമുകളിലേക്കു നോക്കി, ജനാലയിൽ മുഖം വെച്ച രുഗ്മിണിയെ കണ്ടറിഞ്ഞിട്ടു ഹർഷത്തോടെ) ഇതു തിച്ചയായും രുഗ്മിണിതന്നെ; ചിത്രത്തിനൊത്തിരിക്കുന്നു. (നന്നായി നോക്കിയിട്ട്)

മേലേ ഞാന്നുകിടന്നിട്ടും കുറുനിര-
ച്ചാർത്താം കളങ്കാങ്കുര-
ത്താലും, കുങ്കുമലിപ്തമാം കവിളിലെ-
ച്ചെമ്പൊന്നിറത്താലുമേ
ചേലേറും സുദതീമുഖം സമന്വവ-
ർത്തിപ്പൂ, സഹസ്രാക്ഷദിക്-
ശൈലത്തിൻഗുഹയിങ്കൽനിന്നു കയറി-
പ്പോരുന്ന പാർത്തിങ്കളെ. 8

(രുഗ്മിണി ലജ്ജിച്ചു മുഖം കുനിക്കുന്നു.)

കൃഷ്ണൻ:—(സന്താപത്തോടേ ചുടുനെടുവീർപ്പിട്ട്)

ചിക്കെന്നയച്ചാൻ മിഴി, നോററിരിക്കും
ചകോരകം ശാരദചന്ദ്രബിംബേ;
അതപ്പൊഴെയ്ക്കും, ദയയററ ദൈവം
മൂടിക്കളഞ്ഞു മുകിൽകൊണ്ടു, കഷ്ടം! 9

---

8 സമന്വവർത്തിപ്പൂ=അനുസരിക്കുന്നു, അനുകരിക്കുന്നു. സഹ...... ...ശൈലം=ഇന്ദ്ര(കിഴക്കേ)ദിക്കിലെ ശൈലം, ഉദയാദ്രി. കയറിപ്പോരുന്ന—ഉദിച്ചുയരുന്ന.

9 അത്—ശാരദചന്ദ്രബിംബം.

രുഗ്മിണി:—(സന്താപത്തോടെ ആത്മഗതം) ശപിയ്ക്കപ്പെട്ട ലജ്ജ, ഞങ്ങളുടെ ഗുരുജനത്തേക്കാളേറെ നിർദ്ദയയാണ്, നീ: പ്രിയപ്പെട്ട സുഭഗനെ ദർശിയ്ക്കുന്നതിൽത്തന്നെയും നീ മുടക്കം വരുത്തിയല്ലോ!

സുബുദ്ധി:—കുഞ്ഞേ, രുഗ്മിണി, പിന്മാറിയതെന്താണ്?

രുഗ്മിണി:—(ലജ്ജാസ്മിതത്തോടേ) മകരന്ദികയുടെ കയ്യിൽനിന്നു വീണുപോയ ചിത്രപടമെടുത്തിട്ട് (സഗദ്ഗദം) ആരോ മുകളിലേയ്ക്കു നോക്കി.

സുബുദ്ധി:—(പുഞ്ചിരിയോടേ ജനാലിൽ നോക്കി, ശങ്കിച്ചു പിന്മാറിയിട്ട്) ഇപ്പോഴും എല്ലാവർക്കും തക്കക്കേട്ടു പററി: കൃഷ്ണൻെറ മുമ്പിൽ ഭീഷ്മകമഹാരാജാവു വന്നെത്തിയിരിയ്ക്കുന്നു.

(അനന്തരം തേരിൽക്കേറിയ ഭീഷ്മകൻ പ്രവേശിയ്ക്കുന്നു.)

ഭീഷ്മകൻ:—(കൃഷ്ണനെ നോക്കി, സന്താപത്തോടേ ആത്മഗതം.)

ഇതേ രൂപ, മിതേ ശൗര്യ,-
മിതേ പ്രായ,മിതേ നെറി;
കൃഷ്ണനെത്തള്ളുമീ രുഗ്മി
കൊന്നു രുഗ്മിണിയെന്നല്ലലാൽ! 10

(അനിയറയിൽ പരിഹാസത്തോടേ.)
പിറാവിനേകിടുകയാണു, ഭോഷ നി-
ക്കുമാരനാഹന്ത, മരാളിയെന്നല്ലാൽ;

---

10 ഇതേ=ഇതുതന്നെയാണ്. രൂപം=സൌന്ദര്യം. നെറി=ശീലഗുണം.

അതാട്ടെ,യീ മന്ഥമന്ഥരാംഗിയോ
ദ്രുതം മരാളത്തൊടുതന്നെ ചേൎന്നിടും! 11

ഭീഷ്മകൻ:—(ആത്മഗതം) എയ്, ആരോ കുമാരൻെറ വിളയാട്ടത്തെ പരിഹസിച്ചുകൊണ്ടുച്ചരിച്ച ഈ നല്ല ഉപശ്രുതി എന്നെ സമാശ്വസിപ്പിയ്ക്കുന്നുണ്ട്. എന്നാൽ, ഇതെങ്ങിനെ സംഭവിയ്ക്കും? അഥവാ, ദുൎജ്ഞേയമാണല്ലോ, ദൈവഗതി.

(അണിയറയിൽ)

സ്തുതിപാഠകന്മാരേ, രാജാക്കന്മാൎക്കു മംഗളാശിസ്സുകൾ ചൊല്ലുവിൻ, ചൊല്ലുവിൻ.

സ്തുതിപാഠകൻ:—(ഗൎവ്വഹൎഷത്തോടേ)

കൈത്തുഞ്ഞൻനീളത്തിനാലേ കുറിയ നില രിപു-
ക്ഷ്മാപഗൎവ്വിന്നിയററി,-
പ്പേൎത്തുഗ്രം ശാൎങ്ഗമേന്തി,ച്ചുണയുടയ മഹാ-
വീരരെക്കൊല്ലുകിൽ വീൎത്തി,
പ്രോദ്യച്ചക്രാഗ്രനായ് വൻദിതിസുതരെയരി-
ഞ്ഞ,ങ്ങമർനല്ലാൎക്കു കണ്ണീർ-
ച്ചാൎത്തന്നും നീക്കിമേവും ഹരി നരവരരേ,
നിങ്ങളെക്കാത്തിടട്ടെ! 12

അത്രയുമല്ല—

ആവോളം ഭള്ളിയലുമരച-
ന്മാരെ മട്ടിച്ചരപ്പാ-
നാ വജ്രത്തിന്നുടയ പരമാ-
ണക്കളൊല,ല്ലയെങ്കിൽ

---

11 മരാളി=അരയന്നപ്പിട. മന്ഥ......രാംഗി=മന്ദാലസഗാത്രി.

പൂവാർവേണീ ഹൃദയഹരണ-
ത്തിന്നു ലാവണ്യവായ്പാൽ-
ദ്ദൈവം സൃഷ്ടിച്ചതളിയ കരിം-
കാർനിറൻ ശൌരി വെൽവൂ! 13

സുബുദ്ധി:— (കേട്ടിട്ട്, ആത്മഗതം) * ഹൃദയം വേണ്ട; പൂവാർവേണീഹരണം മതി.

ഭീഷ്മകൻ:— (ശങ്കയോടേ ആത്മഗതം) എയ്, എന്തോ അൎത്ഥംവെച്ചെന്നപോലെയാണ്, സ്തുതിപാഠകൻ ചൊല്ലുന്നത്. രാജാക്കന്മാർ കുറഞ്ഞൊന്നാശിശംകൊണ്ടിരിയ്ക്കുന്നു. അതിനാൽ കൃഷ്ണനെ മുമ്പേതന്നെ കൊണ്ടുചെന്നു പാൎപ്പിച്ചുകളയാം. (പ്രകാശം) കൃഷ്ണദേവ, ഈ *തേർവീഥിയെ കൃതാൎത്ഥമാക്കിക്കൊണ്ടു ഭവാൻ കൂടാരമലങ്കരിച്ചാലും; സൂത, തേർ നടത്തിക്കൊൾക. ഞാൻ പിന്നാലെ വരാം.

കൃഷ്ണൻ:— (സവിനയം) അങ്ങയുടെ ഇഷ്ടംപോലെ. ദാരുക, തേർ നടത്തുക.

(എന്നു, പോയി.)

ഭീഷ്മകൻ:— (നിന്നിട്ട്) എയ്, ശിശുപാലന്റെ തേർ പതുക്കെയായി. എയ്, ഇതാ, രുഗ്മി ശിശുപാലന്റെ മുമ്പി

---

12 കൈത്തുണിന്റെ നീളം വൈരിഭൂപശവ്വിനെ കരുതാക്കി. പ്രോദ്യച്ചക്രാഗ്രൻ=ഉയൎന്ന ചക്ര(സുദൎശന)ത്തിന്റെ വായ്ത്തലയോടുകൂടിയവൻ. അണ്ടർനല്ലാർ=ദേവസ്ത്രീകൾ. ഹരി=വിഷ്ണു.

13 ഒന്നുകിൽ വജ്രപരമാണുക്കൾകൊണ്ട്, അല്ലെങ്കിൽ സൌന്ദൎയ്യസമൃദ്ധികൊണ്ട്. പൂവാർ.........ഹരണം=സുന്ദരിമാരുടെ കരൾ കവരൽ.

* ഹൃദയം എന്നപദം വിടാം; പൂവാർവേണിയെ(സുന്ദരിയെ) ഹരിപ്പാൻ എന്നു മാത്രം മതി. കൃഷ്ണൻ രുഗ്മിണിയെ ഹരിയ്ക്കട്ടെ എന്നാശയം.

* കൃഷ്ണൻ സഞ്ചരിച്ചാൽ തേർവീഥി കൃതാൎത്ഥമാകുമെന്ന്, ആദരാതിശയം.

ലേയ്ക്കു വരുന്നു. ഞാൻ കൃഷ്ണൻെറ പിന്നാലെതന്നെ പോയ്ക്കൊള്ളയാം.

(പോയി.)

(പിന്നെ ശിശുപാലനും രുഗ്മിയും പ്രവേശിയ്ക്കുന്നു.)

രുഗ്മി:— (ഹർഷോല്ലാസത്തോടേ ഒരു വശത്തേയ്ക്കു നോക്കിയിട്ട്) സ്തുതിപാഠക, നീയെന്താണ്, മഹീമഹേന്ദ്രനായ ചേദീന്ദ്രനെക്കുറിച്ചു ചൊല്ലാത്തത്?

സ്തുതിപാഠകൻ:— (ഗർവ്വോടേ ഉച്ചത്തിൽ)

പിറപ്പിലെ വിചിത്രമാം വികൃതമറ്റുവിട്ടന്യനാം
നരൻെറ വടിവേന്തിയാണിഹ വസിപ്പതെന്നാകിലും,
വിരൂപനയനൻ രണേ ബഹുഭുജൻ ജയിയ്ക്കുന്നിതി,-
സ്മരാരി ദമഘോഷജൻ സുവരാൽസ്സമാരാധ്യനായ്! 14

സുബുദ്ധി:— (കേട്ടിട്ട്, ഔത്സുക്യത്തോടേ) എല്ലാവരും ഒത്തൊരുമിച്ചു ജനാലയിലൂടെ ശിശുപാലനെ കണ്ടുകൊള്ളുവിൻ.

(എല്ലാം സ്ത്രീകളും അപ്രകാരം ചെയ്യുന്നു.)

സുവത്സല:— ഭഗവതി, എന്തായിരുന്നു ഇദ്ദേഹത്തിന്നു പിറപ്പിൽ വൈകൃതം?

---

14 വികൃതമറ്റെന്തെന്നു താഴെ കാണാം. രണേ (യുദ്ധത്തിൽ) വിരൂപനയനനും (മുക്കണ്ണനോടുതുല്യനും), വളരെ കൈകളുള്ളവനും (മഹാഭുജവിക്രമനു)മായി സൌന്ദര്യംകൊണ്ടു സ്മരൻെറ അരിയായിരിയ്ക്കുന്ന ദമഘോഷജൻ(=ശിശുപാലൻ) ജയിയ്ക്കുന്നു. ദമഘോഷൻ എന്നത്രേ, ശിശുപാലൻെറ അച്ഛൻെറ പേർ. ഇപ്പോഴും മൂന്നുകണ്ണും നാലുകയ്യുമില്ലാതെ ഒരു സാധാരണമനുഷ്യൻെറ വടിവിലാണെങ്കിലും, ശിശുപാലൻ വിക്രമംകൊണ്ടു ശിവതുല്യൻതന്നെ.

സുബുദ്ധി:— ഇങ്ങിനെ കേട്ടിട്ടുണ്ട്: നാലു കയ്യും മൂന്നു കണ്ണും ഉണ്ടായിരുന്നു ഇയ്യാൾക്കു ജനനത്തിൽ; കൃഷ്ണൻ മടിയിൽ വെച്ചപ്പോളാണ്, കയ്യും കണ്ണും ഈരണ്ടായിത്തീൎന്നത്. ഇയ്യാളെ കൃഷ്ണൻതന്നെ കൊല്ലുമെന്നു, ജ്യോത്സ്യന്മാർ അന്നു പറയുകയുണ്ടായിപോൽ.

രുഗ്മിണി:— (ഭയത്തോടേ) ഭഗവതി, ഇയ്യാൾ വല്ല രാക്ഷസനുമാണോ?

സുബുദ്ധി:— അതേ.

രുഗ്മിണി:— ഭഗവതി, എന്റെ ഹൃദയം വിറകൊള്ളുന്നു; ഞാൻ ഇവിടെ നില്ക്കില്ല. (എന്നു, വിറയോടേ പിന്മാറുന്നു.)

സുബുദ്ധി:— (വാത്സല്യത്തോടേ) കുഞ്ഞേ, രുഗ്മിണി, എന്തിനിങ്ങനെ നടുങ്ങി വിറകൊള്ളുന്നു? ആരിൽനിന്നുള്ളു, കൈടഭാന്തകപ്രണയിനിയ്ക്കു ഭയം?

രുഗ്മിണി:— (കണ്ണീരോടെ) ഭഗവതി, ഞാൻ വല്ലാതെ ഭയപ്പെടുന്നു: എനിയ്ക്കറിഞ്ഞുകൂടാ, ഇവിടെ എന്തെന്തുണ്ടാകുമെന്ന്. എങ്ങിനെയായിരിയ്ക്കുമോ ആവോ, എന്റെ ഹതാശ നിറവേറുക!

സുബുദ്ധി:— (രുഗ്മിണിയുടെ ചിബുകം പിടിച്ചുയൎത്തിയിട്ട്) കുഞ്ഞേ, ആശ്വസിയ്ക്കുക, ആശ്വസിയ്ക്കുക: നിറവേറുകയായി നിന്റെ മനോരഥം. ഞാൻ ഒരു നാട്യക്കാരിയാണോ, ഒരു നുണച്ചിയാണോ? മന്ത്രസിദ്ധി ശീഘ്രമാണ്. നിങ്കൽ അനുരാഗക്കുറവുണ്ടോ മുകുന്ദന്? ശേഷിക്കുറവുണ്ടോ? നിന്നെ ഇത്രയെങ്കിലും കഷ്ടപ്പാടിൽ വീഴിച്ചതു, ദുൎവ്വിനീതനായ സോദരൻ രുഗ്മിയാണ്.

ശിശുപാലൻ:— (ഉൽക്കണ്ഠാസന്താപങ്ങളോടേ നാലുപുറവും നോക്കി ആത്മഗതം) ഹാ, ഞാനിന്നു നഗരത്തിൽ ചുററിനടന്നതു വെറുതെയായി:

ഇവിടെ വളരെസ്സുന്ദരിച്ചേൻ പുരാംഗനമാരെ ഞാ-
നെ,വിടെയുമിവൻ കണ്ടീലണ്ഭൈഷ്മിതൻ മുഖചന്ദ്രനെ;
അവശ,മശശിവ്യോമത്തെപ്പോലുടൻ വെടിയുന്നു വെൺ-
ഭവനനിരയെ,ച്ചെംപോത്തിൻേറതുപോലെ മദീക്ഷണം! 15

അമ്പോ, വളരെശ്ശത്രുവീരരെ യുദ്ധത്തിൽ മട്ടിച്ച എന്നെപ്പോലും പുഷ്പായുധൻ കിംകരനാക്കിക്കളയുന്നു! അഥവാ—

ആ രുഗ്മിണിയ്ക്കു തനുകാന്തിയിൽമാത്രമല്ല,
ശൌര്യത്തിലും പെരികെയുണ്ടൊരു മേന്മ നൂനം:
ചേദീന്ദ്രനാമിവനെയിന്നവൾതൻ ബലത്താ-
ലല്ലോ, ജയിച്ചടിപെടുത്തുവതുൽപലാസ്ത്രൻ! 16

(അണിയറയിൽ)

ഭഗവതി, സുബുദ്ധികേ, തമ്പുരാട്ടി കല്പിച്ചയച്ചിരിയ്ക്കയാണെന്നോ:—'നീ ഭഗവതി സുബുദ്ധിയെ അറിയിച്ചു, രുഗ്മിണിക്കുഞ്ഞിനെ, വിവാഹത്തിനുമുമ്പു വേണ്ടുന്ന ഇന്ദ്രാണീപൂജയ്ക്കായി വേഗം അമ്പലത്തിലെത്തിയ്ക്കണം.' അതിനാൽ, ഇവിടുന്നു രുഗ്മിണിയെ കൊണ്ടുവന്നാലും.

---

15 പുരാംഗനമാർ=നഗരസുന്ദരിമാർ അശശിവ്യോമം=ചന്ദ്രനില്ലാത്ത ആകാശം. ചെംപോത്തിൻേറതു=ചകോരത്തിന്റെ കണ്ണ്. മദീക്ഷണം=എന്റെ കണ്ണ്. അവശം=ദുഃഖാകുലം.

16 തനുകാന്തി=സൌന്ദര്യം. ഉൽപലാസ്ത്രൻ=കാമൻ.

സുബുദ്ധി:—(കേട്ടിട്ട്) കുഞ്ഞേ, രുഗ്മിണി, വരു, വരു: നാം പോവുക.

രുഗ്മിണി:—(കണ്ണീരോടേ) ഭഗവതി, എനിയ്ക്കു മരണമഹോത്സവം അനുവദിയ്ക്കുക: ഞാൻ ഇവിടുത്തെ പ്രഭാവത്താൽ സ്വർഗ്ഗത്തിൽ ചെന്നിട്ട്, അവിടെവെച്ചുതന്നെ ഇന്ദ്രാണിയെ പൂജിച്ചുകൊള്ളാം!

സുബുദ്ധി:—ഇന്ദ്രാനുജപത്നിയ്ക്കു യുക്തംതന്നെ ഇത്! എന്നാൽ, ഇവിടെ വസിച്ചാവാം, നിനക്കു നാൾതോറും * യാതാവായ ഇന്ദ്രാണിയെ പൂജിയ്ക്കൽ.

രുഗ്മിണി:—(ആത്മഗതം) എയ്, അമ്മയുടെ ശിപായി രുഗ്മിണിയെ ഇന്ദ്രാണീപൂജയ്ക്കു വിളിയ്ക്കുന്നു. അതിനാൽ ഞാൻ ശിശുപാലനെ ഉടനടി കൂടാരത്തിൽ കൊണ്ടാക്കിക്കളയാം. (പ്രകാശം) ചേദീന്ദ്ര, വേഗം, വേഗം: വിവാഹമുഹൂർത്തം സമീപിച്ചിരിയ്ക്കും.

ശിശുപാലൻ:— (ഹർഷൌത്സുക്യങ്ങളോടേ) സൂത, തേർ വേഗത്തിൽ തെളിയ്ക്കുക, വേഗത്തിൽ തെളിയ്ക്കുക.

(സൂതൻ അപ്രകാരം ചെയ്യുന്നു)

ശിശുപാലൻ:— (ഇടത്തേക്കണ്ണ് ഇളകുന്നതായി നടിച്ചു, വിഷാദത്തോടേ, ആത്മഗതം) എയ് എന്താണിത്? (ആകാശത്തു ലക്ഷ്യംവെച്ച്)

ഉല്ലാസവേളയിതു;- നംഗനമൊന്നിണാങ്ങി;
തെല്ലെന്നിടത്തുമിഴിയെന്തു വിറപ്പതിപ്പോൾ?

* യാതാവ് =ഭർത്തൃസഹോദരന്റെ ഭാര്യ. കൃഷ്ണൻ ഇന്ദ്രന്റെ അനുജനാണല്ലോ.

അല്ലെങ്കിൽ, ഞാൻ ദൃഢലയാൽ ബത, ഭൈഷ്മിയായേ-
നല്ലോ; വരട്ടെ,യിതു നല്ല നിമിത്തമത്രേ! 17

രുഗ്മിണി:— സൂത, വേഗം, വേഗം.

(പോയി.)

രുഗ്മിണി:— (നെടുവീർപ്പിട്ട്) ഭഗവതി വാത്സല്യത്താൽ ഇത്തിരിനേരം തടുത്തുനിർത്തുക, എന്റെ നിഷ്ക്രമിയ്ക്കുന്ന പ്രാണനെ!

സുബുദ്ധി:— കുഞ്ഞേ, കൃഷ്ണവല്ലഭേ, നീ കൃഷ്ണന്റെ ആജ്ഞയാൽ തടുത്തുനിർത്തപ്പെട്ടിരിയ്ക്കുന്നു. വീണ്ടും അമംഗളം പറയാതിരിയ്ക്കൂ. പൂർണ്ണമനോരഥയായി വരിക!

(എന്ന് എല്ലാവരും പോയി.)

മൂന്നാമങ്കം കഴിഞ്ഞു.

---

## നാലാമങ്കം

---

(അനന്തരം, തേരിൽക്കേറി സാത്യകിയും സൂതനും പ്രവേശിയ്ക്കുന്നു.)

സാത്യകി:— (ഹർഷാശ്ചര്യങ്ങളോടേ) അഹോ, രുഗ്മിണിയുടെ അപ്പോഴത്തെ * അവസ്ഥാസങ്കരം! അവൾ—

പങ്കജേക്ഷണനെച്ചിരേപ്സിതനെക്കിടച്ചതിലുത്സവം
താങ്ങിയും, പ്രസഭാപഹാരവശാൽത്തുലോം ഭയമേന്തിയും,

---

17 ഉല്ലാസവേള = ആഹ്ലാദാവസരം. ദൃഢലയാൽ = ഉറച്ച - തന്മയീഭാവമുള്ളവളാൽ. സ്ത്രീകൾക്ക് ഇടത്തെക്കണ്ണു വിറയ്ക്കുന്നതു സുനിമിത്തമാണ്.

* അവസ്ഥാസങ്കരം = ഭാവങ്ങളുടെ കൂടിക്കലർച്ച.

കൺകൾ ചുററിലുമോടിയും, പുനരസ്സബുദ്ധിസുവത്സലാ-
സംഗമാലിടർ വിട്ടമാണു, സുഖേന പുക്കളു തേരതിൽ. 1

ഞാൻ ചെയ്തതും നന്നായി: പോരിൽപ്പൊരുതാൻ വാശിപിടിച്ച കൃഷ്ണദേവനെ വണങ്ങിയപേക്ഷിച്ചു മുമ്പേ യാത്രയാക്കിയല്ലോ. എന്നാൽ എനിയ്ക്കറിഞ്ഞുകൂടാ, കുസുമകോമളഹൃദയയായ രുഗ്മിണിയ്ക്കു ബന്ധുവർഗ്ഗത്തിന്റെ കഷ്ടപ്പാടു കാണുമ്പോൾ എന്തായിരിയ്ക്കും സ്ഥിതി! ഇവിടെയാകട്ടേ,

കന്യാന്തഃപുരചാരി ഭൃത്യജനമാ-
മക്കുബ്ജഖർവ്വാദ്യരും
പൌലോമ്യർച്ചനവേളയിൽസ്സരഭസം
മേളിച്ച ഭൂദേവരും
പാഴ്വീറാർന്നു കണ്ടു പുഞ്ചിരിയൊടേ
പോന്നേൻ വിദൂരത്തു ഞാൻ:
എൻ കൈവാളിനു ചെറുചെറു ഭടരെ-
ക്കൊയ്താൽ വിശപ്പററിടാ! 2

---

1 ചിരേപ്സിതൻ=നീണാൾ വാഞ്ഛിയ്ക്കപ്പെട്ടവൻ. പ്രസഭാപഹാരവശാൽ=ബലാൽക്കാരേണ അപഹരിച്ചതുനിമിത്തം. സംഗമം=വന്നുചേരൽ. തേരതിൽ—അതു(കൃഷ്ണന്റെ)തേരിൽ.

2 കന്യാ........ജനാഃ=കന്യകയുടെ അന്തഃപുരത്തിൽ പെരുമാറുന്ന രാജഭൃത്യർ. കുബ്ജഖർവ്വാദ്യർ=കൂനന്മാർ, മുണ്ടന്മാർ മുതലായവർ. പൌലോമ്യർച്ചനവേള-ഇന്ദ്രാണീപൂജാസമയം. സരഭസം=സഹർഷമാംവണ്ണം. മേളിച്ച=വന്നുകൂടിയ. ഭൂദേവർ=ബ്രാഹ്മണർ. പാഴ്വീറാർന്നു—കൃഷ്ണൻ രുഗ്മിണിയെ പിടിച്ചപ്പോൾ വെറുതെ പൊരുതാനൊരുമ്പെട്ടു. ചില്ലറപ്പോരുകൊണ്ടു തൃപ്തിപ്പെടുന്നതല്ല, എന്റെ വാൾ!

അതിനാൽ, ഞാനിനി, ചൊടിച്ചോടിയ്ക്കപ്പെട്ട ദുഷ്ടശിശുപാലാദി ശത്രുവൎഗ്ഗത്തെ തട്ടുന്നിത്താനഴുന്ന ബലദേവപ്രഭൃതികളുടെ അടുക്കൽ പോയ്ക്കളയാം. സൂത, തേർ വേഗത്തിൽ, വേഗത്തിൽ തെളിയ്ക്കുക.

സൂതൻ:—(അപ്രകാരം ചെയ്തു മുമ്പോട്ടു നോക്കിയിട്ട്) ആയുഷ്മൻ, * യുയുധാന, എയ്, ഇതാ, ബലദേവൻ സൈന്യത്തോടൊപ്പം തിരിച്ച്, ഇങ്ങോട്ടുതന്നേ വരുന്നതായി കാണപ്പെടുന്നു.

സാത്യകി:— (നോക്കി, ശങ്കയോടേ) ആഃ ഇതെന്താണ്? ഇദ്ദേഹം ദുഷ്ടശിശുപാലാദികളെ കൊലചെയ്തിട്ടു, നഗരം തകൎക്കാൻ ഓടുകയായിരിയ്ക്കുമോ? അരികിൽച്ചെന്നു തടുക്കുകതന്നെ.

(അനന്തരം രാമൻ പ്രവേശിയ്ക്കുന്നു.)

സാത്യകി:—(വണങ്ങിക്കൊണ്ട്) വീരപ്പെരുമാളായ രാമ, എന്തിനാണീ പുറപ്പാട്? ശിശുപാലാദികളെ കൊന്നിട്ട് ഇനി നിരപരാധനായ ഭീഷ്മകൻെറ നഗരം തകൎക്കരുത്.

രാമൻ:—സാത്യകേ, അവരെ ആർ കൊന്നു? ആർ കണ്ടെത്തി?

സാത്യകി:—(ഊഹത്തോടേ) ബലദേവ, ആ വീരാഭിമാനികൾ ഓടിപ്പോവുകയില്ല; അരിശം മുഴുത്തു കൃഷ്ണൻെറ പിന്നാലെ പാഞ്ഞിരിയ്ക്കും. അതിനാൽ വൈകിയ്ക്കേണ്ടാ, വരിക: നാം, ഈ കൃഷ്ണൻ പോയ ദിക്കിലേയ്ക്കു ചെല്ലുക.

(ചുററിനടക്കുന്നു)

രാമൻ:—(മുമ്പിൽ നോക്കി, സഹൎഷം) സാത്യകേ, നിൻെറ ഊഹം ശരിയായി: ആ ദുഷ്ടന്മാരെ കണ്ടെത്തി!

---

* യുയുധാനൻ=സാത്യകി.

സാത്യകി:—(സംരംഭത്തോടേ) ബലദേവൻ കണ്ടെത്തിയവർ, * കാലൻ കണ്ടെത്തിയവരത്രേ!

രാമൻ:—(സന്താപത്തോടേ) അയ്യോ, അരികത്തുതന്നെയായി; എന്നാൽ പിന്തിരിഞ്ഞിരിയ്ക്കുന്നു. ഇവരിൽ ഞാനെങ്ങിനെ അമ്പയയ്ക്കും?

സാത്യകി:—നില്ക്കു, നില്ക്കു. ഇവരെ ഞാൻ നേരിട്ടുവിയ്ക്കാം. (ആക്ഷേപത്തോടേ ഉറക്കെ)

രേരേ രുഗ്മിൻ, രഥഗതികളാൽക്കാലനെത്തള്ളിടാമോ?
പോർ വിട്ടാൽ നീ ചിരതരമുയിർക്കൊള്ളുമെന്നാരുരച്ചു?
വീരാഢ്യം തൻകുലമതു ഭവാനുനാറ്റിതില്ലെങ്കിലെ,ന്താൺ-
പെണ്ണേ, നോക്കാത്തതു, സുമഹിതം കയ്യിലെ ക്ഷാത്രഖഡ്ഗം!

രാമൻ:— (രോഷാക്ഷേപത്തോടേ) എടോ എടോ കഥയില്ലാത്ത ശിശുപാല, നീ ഇങ്ങിനെ പേടിച്ചരണ്ടു പാഞ്ഞു, പരിശുദ്ധമായ ക്ഷത്രിയകുലാചാരത്തെ തട്ടിനീക്കുന്നതെന്താണ്? നോക്കു, എടോ നോക്കു:

'ഭീരുത്വം ചിത്തേ ധൈര്യത്തിലുമൊരുശിരിലും
കാലുറപ്പിച്ചു നില്ക്കു;
വൈരിവ്രാതത്തെ വെന്നോല്ക്കുക വിഷയസുഖം;
സൂര്യനേയോ പിളർത്തു'

---

* കാലൻ കണ്ടെത്തിയവർ—മരണമടുത്തവർ.

3 രഥഗതികളാൽ-തേരേറി അങ്ങുമിങ്ങും സഞ്ചരിച്ചാൽ. വീരാഢ്യം—വളരെവീരന്മാർ പിറന്ന. ആൺപെണ്ണ്=നപുംസകം. ചുണയില്ലാത്തവൻ. സുമഹിതം—പൂജിയ്ക്കപ്പെട്ടത്. ഉടവാറം കയ്യിലെടുത്തതു കരുതിയിട്ടെങ്കിലും, പോരിൽനിന്നു പിന്മാറാതിരിയ്ക്കുക.

കൈ രോധിച്ചഗ്രഭാഗത്തവനമിതശിര-
സ്സായിനിന്നോവമത്രേ,
ക്രൂരാത്മൻ, നിന്നോടേൎത്തിപ്പൂ, തവ സുമഹാ-
വംശജാതം ശരാസം! 4

അത്രയുമല്ല—

രേ ഋഷിബന്ധുസ്തപാരേ, നെറി വേണ്ട നിങ്ങൾ-
ക്കി: ഞങ്ങൾ വിങ്ങളിലണഞ്ഞവർ ചാൎച്ചയുള്ളോർ;
ഒന്നിച്ചുചേൎന്നു വഴിപോലെ സമാസ്വദിക്കാം
നമ്മൾക്കു ബാഹുമദ,മിസ്സമരോത്സവത്തിൽ! 5

സാത്യകി:— (മുമ്പിൽ നോക്കി, ഹർഷോല്ലാസത്തോടേ) ബലദേവ, അങ്ങ ഭാഗ്യവാൻതന്നെ! അങ്ങയുടെ വാക്കാകുന്ന കയറിനാൽ വലിക്കപ്പെട്ടിട്ട ഋഷിയും ശിശുപാലനും പിന്തിരിഞ്ഞു!

(അനന്തരം രുഗ്മിയും ശിശുപാലനും പ്രവേശിക്കുന്നു.)

ശിശുപാലൻ:—(ഗൎവോപഹാസത്തോടേ) ബലദേവ, എന്തുപറയാം, ഭവാൻെറ സൌഭ്രാത്രം: കൃഷ്ണൻെറ നേൎക്കു പാ

4 യുദ്ധത്തിൽ കൊല്ലപ്പെട്ടവൻ സൂൎയ്യബിംബത്തെ പിളൎത്തി ഊൎദ്ധ്വലോകം പ്രാപിക്കും പോൽ. രോധിച്ച്=പിടിച്ചുനിൎത്തി. അഗ്രഭാഗം=മുൻവശം. അവ...സ്സായി=തല കുനിച്ച്. സുമ......ജാതം=മാറത്തായ മുളയിൽ(കുലത്തിൽ എന്നും) ഉണ്ടായത്; മുളകൊണ്ടാണ്, വില്ലിൻെറ പാത്തി. ശരാസം=വില്ല്. കയ്യിൽ പിടിക്കപ്പെട്ടതും തല വളഞ്ഞതും മുമ്പിൽ നില്ക്കുന്നതുമായ വില്ല മഹാവംശോൽപന്നതപത്താൽ നിന്നോടു യാചിക്കുന്നു, യുദ്ധംചെയ്യാൻ!

5 ഞങ്ങൾ അതിഥികളും ചാൎച്ചക്കാരുമാണ്; നമുക്കൊന്നിച്ചിരുന്നു മധുപാനം നടത്താം! ബാഹുമദം=ഭുജവീൎയ്യം.

ഞെത്തിയ അപമൃത്യുവിനെ വിളിച്ചു ഭവാൻ തങ്കൽ ക്കേററുകയാണല്ലോ!

രുഗ്മി:—(ഗർവ്വോടേ) ചേദീന്ദ്ര, അങ്ങിനെയല്ല: ബലമരണാനന്തരം കൃഷ്ണമരണം എന്നീ ക്രമമൃത്യുലക്ഷണമായ *സൌരാജ്യധർമ്മത്തെ നാം നിലനിർത്തുകതന്നെ വേണം!

രാമൻ:—(ക്രോധത്തോടേ) ശിശുപാല, എനിയ്ക്കുണ്ടോ, സൌഭ്രാത്രം?

പ്രതാപപ്രാബല്യാലടർ വരുതിയാപ്പെട്ട സമയ-
ത്തു,പേന്ദ്രൻ തൻവാളിന്നരിയൊരിരയായ് വന്നിതു ഭവാൻ;
കൊടുപ്പൂ ഞാനന്നന്നതിനെയുമുടൻ തൻെറ കണകൾ-
ക്കി;-തോ, ബന്ധുസ്നേഹോചിതചരിതമെന്നോന്നുവതഹോ?

രുഗ്മിണി:—(രാമനെ നോക്കി ആത്മഗതം) എയ്, കലപ്പയാണ്, ഇയാളുടെ പ്രധാനായുധം. അതിനാൽ ഇങ്ങിനെയാകാം. (അവജ്ഞാഹാസത്തോടേ പ്രകാശം) അല്ലയോ ബലഭദ്ര, ഭോഷനാണ്, ഭവാൻ: എന്തിനാണീ ദുസ്സഞ്ചരമായ വീരമാർഗ്ഗത്തിൽ കേറുന്നത്?

മിടുക്കുണ്ടങ്ങയ്ക്കോ, മുഴുലനദി കാളിന്ദിയുഴുതാൻ;
പ്രലംബപ്പൽ ചെത്തുന്നതിനുമിവിടുന്നൽക്കുടബലൻ;

---

* നല്ല രാജാവുള്ളേടത്തു വയഃക്രമാനുസാരിയായിട്ടേ മരണം വരൂ.

6 പ്രതാപപ്രാബല്യാൽ—പ്രതാപാധിക്യം മൂലം എതിരാളികിട്ടായ്കയാൽ. അടർവരുതി=യുദ്ധദുർഭിക്ഷം. ഉപേന്ദ്രൻ=ഇന്ദ്രാനുജൻ, കൃഷ്ണൻ. അതിനെയും—ആ ഇരയെയും. വരുതിക്കാലത്ത് അനുജനു കിട്ടിയ ആഹാരം ജ്യേഷ്ഠൻ കൈക്കലാക്കുക എന്നതാണോ, ബന്ധു(ഭ്രാതൃ)സ്നേഹത്തിനുചിതമായ ചരിതം(=നടപടി)? കണകൾ=ശരങ്ങൾ.

ഇതോ, ലോഹക്രൂരം വിഷമവിഷമം യുദ്ധനിലമാ-
ണി;-തിൽ ക്ലേശിച്ചാലും ഫലമിതഫലംതാൻ ഹലധര! 7

അത്രയുമല്ല—

കലപ്പയെ നടത്തുന്നൊ-
രെരുതല്ലോ, ഭവാൻ ബല;
യശസ്സെന്തുളവാം ഞങ്ങൾ-
ക്ക,തിനെക്കീറി വീഴ്ത്തിയാൽ? 8

ശിശുപാലൻ:—രുഗ്മിൻ, നന്ന, നന്ന, വന്നെത്തി നമുക്ക് പെരുംപറയൊച്ച കേൾക്കുക; നമ്മുടെ പോർപ്പെരുംപറക്കൊട്ടു കേട്ടതോടൊപ്പം കൃഷ്ണൻ തിരിച്ചുവന്നിരിയ്ക്കുന്നു.

രുഗ്മി:— (കൃഷ്ണൻെറ പെരുമ്പറയൊച്ച കേട്ടിട്ടു ഹർഷത്തോടേ) സന്തോഷം, നമുക്ക സന്തോഷം; ഇനി, നമ്മുടെ യുദ്ധാഭിലാഷം കുറ[illegible]റാം, നിറവേററാം.

രാമൻ:— സാത്യകേ, കൃ[illegible]ത്?

സാത്യകി:— പോർപ്പെരുംപറയൊച്ച കേട്ടാൽ എങ്ങിനെ വരാതിരിയ്ക്കും, കൃഷ്ണൻ? ആനയുടെ ചിന്നംവിളി കേട്ടാൽ സിംഹം വൈകിയ്ക്കില്ലല്ലോ!

[അനന്തരം കൃഷ്ണനും, രുഗ്മിണിയും, സുബുദ്ധിയും, സുവത്സലയും പ്രവേശിയ്ക്കുന്നു.]

---

7 യമുനാകർഷണം ഉഴുതലാക്കി, ഉപഹസിയ്ക്കുന്നു. പ്രലംബപ്പുൽ=ഞൊന്ന, പ്രലംബാസുരനാകുന്ന എന്നും, തുന്നും. ലോഹക്രൂരം=ഇരിമ്പുപോലെ കഠിനം. ക്ലേശിച്ചാലും—കിണഞ്ഞുവലച്ചെയ്താൽ കൂടിയും. ഫലം=കലപ്പ. അഫലം=നിഷ്ഫലം.

8 അതിനെ—എരുതിനെ.

177589
016:2F75:13
32 H7
MUL
177589
UNIVERSITY LIBRARY
28 May 1957

കൃഷ്ണൻ:—(ആക്ഷേപത്തോടേ) എടോ ദാരുക, താനൊരു പേടിത്തൊണ്ടനാണ്, * വേഷ്ടനടിയ്ക്കുന്നവനാണ്. തന്റെ തേർക്കുതിരക്കടിഞ്ഞാൺപിടുത്തം പിശുക്കന്റെ കൈപ്പിടുത്തത്തെക്കാൾ മുറുകിയിരിയ്ക്കുന്നു!

വാടായ്ക്ക വൈരിശരമേററു ബലന്റെ ഗാത്ര;-
മോടിയ്ക്ക, നമ്മുടെ ഹയങ്ങളെ വിദ്രുതം നീ;
പാടേ കറുത്ത നിറമോടു പിറന്ന കൃഷ്ണൻ
നേടായ്ക,റയ്ക്കുമൊരു ദുഷ്പുകളിൻ കറുപ്പും! 9

ദാരുകൻ:—(ഭയവിനയങ്ങളോടേ) ഇതാ, ഞാൻ കടിഞ്ഞാൺ അഴച്ചു വിടാം. തൃക്കൺപാർത്താലും: ഇപ്പോൾ—

ക്ഷണേന തിരുമുമ്പാകെ-
യണയുന്നു രണക്ഷിതി,
പ്രത്യാസന്നാജയശ്രീയിൽ
സ്പർദ്ധ പൂണ്ടവൾ പോലവേ! 10

രുഗ്മിണി:—(മററവർ കേൾക്കാതെ സവിഷാദം) ഭഗവതി, ഇവിടുത്തെ അനുഗ്രഹസിദ്ധിയാൽ മന്ത്രത്തിന്റെ ശ

---

* വാസ്തവമായ വേഷ്ടുയുണ്ടെങ്കിൽ നീ യുദ്ധോത്സുകനായ എന്റെ തേർ ഇത്ര മന്ദിപ്പിയ്ക്കില്ലല്ലോ.

9 ഞാൻ ജന്മനാ കറുപ്പനാണ്; ദുശ്ശസ്സിന്റെ കറുപ്പുകൂടി എനിയ്ക്കുണ്ടാകാതിരിയ്ക്കട്ടെ.

10 സ്പർദ്ധ—ജയലക്ഷ്മി തിരുമുമ്പാകെ എത്തിച്ചേരുന്നതിനു മുമ്പു തനിയ്ക്കു ചെന്നെത്തണമെന്ന മത്സരം. സ്ത്രീലിംഗശബ്ദങ്ങളാകയാൽ രണക്ഷിതി(യുദ്ധഭൂമി)യ്ക്കും ജയശ്രീയ്ക്കും സ്ത്രീത്വം കല്പിച്ചിരിയ്ക്കുന്നു. കൃഷ്ണൻ പോർക്കളം കണ്ടാൽ കഴിഞ്ഞു, ജയം നേടുക എന്നു ഭാവം.

ക്തി ഞാൻ കണ്ടു. അതിന്നി * നിഗ്രഹസിദ്ധിയാൽ കാണിയ്ക്കുക: എന്നെ, ബന്ധുവർഗ്ഗത്തിന്നാരുതിവരുത്തിയതിന്നു മരണംകൊണ്ടു നിഗ്രഹിയ്ക്കുക ഉചിതമാണല്ലോ!

സുബുദ്ധി:—കുഞ്ഞേ, രുഗ്മിണി, ആശ്വസിയ്ക്കുക; ആശ്വസിയ്ക്കുക. എൻെറ മന്ത്രശക്തിയൊന്നുമില്ല, ഇതിൽ.

ഇതു, നിൻ ഗാത്രസൌഭാഗ്യ-
വിഭൂതിയുടെ മേന്മതാൻ;
ദുഃഖിയായ്ക്കിതിനാലെ,ല്ലാ-
മൊടുവിൽ ശ്ശുഭമായ്വരും! 11

ദാരുകൻ:—തിരുമേനി, പള്ളിത്തേർ പററലർത്തേരുകളിലെത്തിക്കഴിഞ്ഞു: ശാർങ്ഗം ഒരുക്കിക്കൊള്ളുക.

കൃഷ്ണൻ:—(ശാർങ്ഗമെടുത്തു രുഗ്മിണിയെ നോക്കിയിട്ട്) പ്രിയേ, എന്തിനാണ് വല്ലായ്മ? ഭവതിയ്ക്കും ബന്ധുക്കൾക്കും മംഗളം മേല്ക്കുമേൽ വന്നുചേരും; ഇതാ, ഞാൻ * അനിഷ്ടം ശമിപ്പിയ്ക്കാം.

(രുഗ്മിണി ആശ്വസിച്ച്, ലജ്ജയാൽ മുഖം ചായ്ച്ചു നില്ക്കുന്നു.)

കൃഷ്ണൻ:—(മുമ്പോട്ടു നോക്കിയിട്ട്) എയ്, ഇതാ, ശിശുപാലൻ ബലദേവൻെറ തേരിന്നുനേരേ പായുന്നു. (ആക്ഷേപത്തോടേ) ആഃ, നില്ല, നില്ല്.

---

* എന്നെ നിഗ്രഹിച്ചുകളയുക എന്നാശയം. മരണംകൊണ്ടു നിഗ്രഹിയ്ക്കുക—മരണശിക്ഷയ്ക്കിരയാക്കുക. കൃഷ്ണനോടുള്ള യുദ്ധത്തിൻെറ ഫലം ബന്ധുവർഗ്ഗനാശം തന്നെ!

11 ഇതു—കൃഷ്ണൻ വന്നതുൻ്മറവം. ഗാത്ര......ഭൂതി=രൂപസൌന്ദര്യസമൃദ്ധി.

* അനിഷ്ടം=അനർത്ഥം.

നീ മൂഢ, ചാടായ്കേരിബാഡബാഗ്നിയിൽ;-
ച്ഛേദീന്ദ്ര,' രോഷം മുസലിയ്ക്കുിയറെറാലാ:
ഇദ്ദേഹമൊട്ടൊന്നരിശം വഹിയ്ക്കുകിൽ,
പ്പാപ്പി,ന്തകൻതൻ പുരിയിങ്കൽമാത്രമാം! 12

ശിശുപാലൻ:—(തേർ തിരിച്ചു, ക്രോധത്തോടേ) രേരേ കൃഷ്ണാ, അപ്പുറം അപ്പുറം പോവുക: എന്നെപ്പോലെയുള്ള പ്രവീരന്മാരോടൊരുംപെടാവുന്നവനല്ല, താങ്കാം.

കട്ടല്ലോ, ശചിതൻ പദാച്ചന നട-
ത്തുമ്പോൾ,സ്സവിശങ്കാസയായ്
വന്നെത്തീടിന പെൺകിടാവിനെ ഹരേ,
വേലിയ്ക്കു വന്നോൻ ഭവാൻ;
അങ്ങിച്ചെയ്തതു ധമ്മമോ? വിഹിതമാം
ക്ഷത്രാനപായാചാരമോ?
ചാച്ചക്കാരൊടു വേണ്ടതായ മുറയോ?
മാലോകർമയ്യാദയോ? 13

കൃഷ്ണൻ:—(അവജ്ഞയോടേ ചിരിച്ച്) ശരി, ശരി—

എൻനേക്കി,ത്തിരി ബുദ്ധിവെച്ചതു മുത-
ല്ക്കത്യൽക്കടപ്രേമമാ-
ന്റെ,ൻ വേർപാടിൽ മൃതിയ്ക്കുറച്ച മണിമെ-
യ്യാളായ പെൺതയ്യിനെ

---

13 സവിശങ്കാസയായ്—അനിഷ്ടശങ്കയൊന്നുമില്ലാതെ. ശചി... ...ച്ചന=ഇന്ദ്രാണീപൂജ.

വാൾക്കെല്പാലിഹ വീണ്ടെടുത്തതിനു ഞാ-
നെമ്മട്ടു നിന്ദാർഹനാം?
ശ്ലാഘ്യൻതാൻ ശിശുപാല, നാണമിയലാ-
തേവം പഴിക്കുന്ന നീ! 14

ശിശുപാലൻ:—(അവജ്ഞോപഹാസത്തോടേ) കൃഷ്ണവീര, ഇതു ശരിതന്നെ; പഴിക്കുകമാത്രം ചെയ്യുന്ന ഞങ്ങൾ പോരാത്തവരാണ്; അങ്ങൊരാളത്രേ, ശൌര്യവാന്മാരിൽ തലവൻ!

വെന്നാൻ പാമ്പിനെ, വീഴ്ത്തിനാനെരുതിനെ,-
ക്കീറീടിനാൻ പക്ഷിയെ-
ക്കൊന്നാൻ വാജിയെ—യീ വക ക്രിയകളാൽ-
ത്തന്നോ സുധന്യൻ ഭവാൻ;
എന്നാൽ നിന്നിതവീര്യമത്ഭുതതരം-
വർണ്ണിക്കുവാൻ ത്രാണിയാ-
ർക്ക്,ന്നാൾ ചെയ്തൊരു പൂതനാനിധനവും
കംസപ്രഭുധ്വംസവും? 15

സാത്യകി:—കൃഷ്ണ, കൃഷ്ണ, ചേദിപ്പെരുമാൾ പുലമ്പിക്കൊള്ളട്ടെ, പുലമ്പിക്കൊള്ളട്ടെ; ഇയ്യാളുടെ നൂറപരാധം സഹിക്കേണമല്ലോ.

---

14 അത്യുൽക്കടപ്രേമം=അങ്ങേ അററത്തെത്തിയ പ്രണയം. മണിമെയ്യാൾ—സുന്ദരി. വാൾക്കെല്പ്=ഖഡ്ഗബലം.

15 സുധന്യൻ—കേമൻ. അന്നു പൂതനയെ കൊന്നതും കംസനാകുന്ന പ്രഭുവിനെ(=സ്വാമിയെ) നശിപ്പിച്ചതുമാകുന്ന നിന്റെ രണ്ടു ശൌര്യം—പെൺകൊലയും സ്വാമിദ്രോഹവും—എത്ര അത്ഭുതം! ആർക്കു വർണ്ണിക്കാൻ കഴിയും?

ശിശുപാലൻ:—(ക്രോധത്തോടേ, എടയെടാ, നൂറപരാധം വരെ എടന്നെ രക്ഷിയ്ക്കാമെന്നോ? കണ്ടുകൊള്ളുവിൻ, കണ്ടുകൊള്ളുവിൻ:

എന്താ നൂറപരാധ?-മുഗ്രതരമായ്
ലക്ഷാപരാധത്തിലും
മുന്തീട്ടന്നാപരാധമൊന്നു മുഴമി-
പ്പിയ്ക്കുന്നതുണ്ടിപ്പൊഴേ:
ഹന്താ,നൃന്റെ വധൂടിയെക്കളെവൊടേ
മോഷ്ടിയ്ക്കയാൽ വീരനായ്-
പ്പൊന്തും കൃഷ്ണനെ വെട്ടി, ഞാൻ യുധി കുരു-
ക്കന്മാൎക്കു നല്കീടുവൻ! 16

രാമൻ:—(ക്രോധത്തോടേ) എടോ ശിശുപാല, * പൊരുതുന്നതിൽ കൈമുടന്ത, കാണുന്ന കരുട, ദുരക്ഷരങ്ങളെ പുറപ്പെട്ടുവിയ്ക്കുന്നതിൽ മിടുക്കുള്ള വായതന്നെയാണ്, നിന്റെ അവയവങ്ങളിൽവെച്ചു കേമം!

---

16 ആ നൂറപരാധം നില്ക്കട്ടെ. യുദ്ധത്തിൽ ഞാൻ കൃഷ്ണനെ കൊലചെയ്യുന്നതു, നിങ്ങളുടെ ദൃഷ്ടിയിൽ ഒരുലക്ഷം അപരാധങ്ങളെക്കാളും ഘോരമായ അപരാധമാക്കാമല്ലോ; ആ അപരാധം ഞാനിപ്പോൾ തന്നേ ചെയ്യാം; വധൂടി=സ്ത്രീ. വീരനായ്പ്പൊന്തും—വീരതേന തെളിയുന്ന. യുധി=യുദ്ധത്തിൽ.

* കൈമുടന്തൻ എങ്ങിനെ പൊരുതും? കണ്ടാല്പം അറിയാത്തവൻ, കാഴ്ചയുള്ള കരുടനാണല്ലോ;

കണ്ണൊന്നാശ്ശുമറഞ്ഞു, രണ്ടു ഭുജവും
തേ നീങ്ങിയല്ലോ തദാ,
പുണ്യാത്മാക്കളിവർക്കൊരിറ്റുമുള്ളവാ-
യിട്ടില്ല ദുഷ്പ്രരമേറാ;
എന്നാലീയിരുകണ്ണുമിബ്ഭുജകളും
നിർഭാഗ്യർ, പോരിൽജ്ജയാ-
നന്ദം രേ ദമഘോഷഭൂഷണ, ലഭി-
ച്ചീടുന്നതല്ലാക്കയാൽ! 17

എന്നാൽ, ക്ഷണിക്കപ്പെട്ടുവന്ന നിരപരാധരായ രാജാക്കന്മാരെ പരിക്കേല്പിച്ചുപദ്രവിക്കേണ്ട; നിങ്ങളിരുവരും—ശിശുപാലനും രുഗ്മിയും—*അടരമക്കലിന്നു മതിയായ സ്ഥലത്തെയ്ക്കു പോന്നുകൊള്ളുവിൻ.

രുഗ്മി:—(മറ്റവർ കേൾക്കാതെ) ചേദീന്ദ്ര, നേരിട്ടുള്ള പടക്കളിയിൽ കിണഞ്ഞുപയററിയവരാണ്, ഈ ബലദേവനും കേശവനും. അതിനാൽ ഇങ്ങിനെയാവാം. (ഇങ്ങിനെതന്നെ എന്നു ചെവിയിൽ മന്ത്രിച്ചിട്ടു, ക്രോധത്തോടേ പ്രകാശം) ആഃ, എന്തുള്ളു, രാമനൊരുവനെക്കൊണ്ട്? രാമനും കൃഷ്ണനും പോരുവിൻ; ഞങ്ങളിരുവരും പോർക്കളത്തിലെയ്ക്കു പോവുകയാണ്.

(രണ്ടാളും പോയി)

(അണിയറയിൽ)

---

17 തേ=നിനക്ക്. തദാ=അന്നു, കൃഷ്ണൻ മടിയിൽ വെച്ചപ്പോൾ. ദുശ്ശസ്സുണ്ടാകാതെ മറഞ്ഞ അവ(അതു ഒരു കണ്ണും രണ്ടു കയ്യും)സുകൃതികൾ തന്നെ! ഈ—ഇപ്പോഴുള്ള. ജയാനന്ദം=വിജയസന്തോഷം. ദമഘോഷഭൂഷണ=ദമഘോഷനെ(അച്ഛനെ) [illegible], ദുഷ്പുത്ര.

* പൊരുതുംപോഴത്തെ കാലമക്കൽ താങ്ങത്തക്ക ഉറപ്പുള്ള.

ഓത്തോളമത്ഭുതം:—മിതാ, ഹഹഹ, വാനിൽനിന്നു
ക്രുത്തുള്ള ബാണമഴയൊന്നുതിരുന്നു താനേ;
പേത്തുള്ളുന്നേരമൊരിരുട്ടമിതാ,യമന്റെ
പോത്തിൻകഴുത്തിനെതിരാം നിറമോടുദിപ്പൂ! 18

(വീണ്ടും അണിയറയിൽ)

കാൺകീ, രഥേരിലുമാളി-
ല്ലെ;—ങ്ങോ പോയ് പ്പോയ് പുലഭ്യരിരുപേരും;
എന്നാലത്ഭുതമേറെ-
പ്പൊരുതുന്നുണ്ടീയനാഥമാം സൈന്യം! 19

കൃഷ്ണൻ:—(കേട്ടിട്ട്, ആത്മഗതം) രുഗ്മിയും ശിശുപാലനും ആകാശത്തു കേറി കട്ടത്ത മായായുദ്ധപാടവം പടത്തുകയായിരിയ്ക്കും. അതിനാൽ ഞാൻ ഗരുഡനാകുന്ന തേരിൽക്കേറി, അവരെ വാനത്തുനിന്നു വീഴ്ത്തിക്കളയാം. (പ്രകാശം) ഭഗവതി സുബുദ്ധേ, ഭദ്രേ, സുവത്സലേ, നിങ്ങൾ രുഗ്മിണിയെ ആശ്വസിപ്പിയ്ക്കണം; ഞാൻ ഈ അനർത്ഥം നീക്കട്ടെ.

(രുഗ്മിണി ലജ്ജാവിഷാദങ്ങളോടേ മുഖം കുനിച്ചു നില്ക്കുന്നു.)

സുബുദ്ധിയും. സുവത്സലയും:—വീരൻ വിജയിപ്പൂതാക!

(കൃഷ്ണൻ ധ്യാനം നടിയ്ക്കുന്നു)

അക്രൂരൻ:—(മുകളിൽ നോക്കി, ആശ്ചര്യത്തോടേ)

ചിറകു വെച്ച ഹിരണ്മയശൈലമോ?
പരമിതുഗ്രശിഖാവൃതനഗ്നിയോ?

---

18 താനേ—ആരും എയ്യാതെ.

19 പുലഭ്യർ=പുലംപുന്നവർ,വായാടികൾ. ഇരുപേരും—രുഗ്മിയും, ശിശുപാലനും. ഇതാണ്, രുഗ്മി ചെവിയിൽ മന്ത്രിച്ചുറച്ചത്.

ജ്വാലിതമാം മഹസാംപതി പോററിതാൻ
വരികയോ? വളർക്രൂരിതുകൾ നീക്കുവാൻ? 20

രാമൻ:—(സംഭ്രമത്തോടേ) ഇതു, നമ്മോടികളായ വൈരികളുടെ പണിത്തരമായിരിയ്ക്കും; ഇതിനെ ഞാൻ ആകാശത്തുവെച്ചുതന്നെ നുറുക്കിക്കളയാം.

(എന്നു വില്ലു കുലയ്ക്കുന്നു.)

കൃഷ്ണൻ:—(സംഭ്രമത്തോടേ) ജ്യേഷ്ഠ, ബലദേവ, നില്ക്ക, നില്ക്കു: ഗരുഡനാണിത്; ഞാൻ സ്മരിച്ചതിനാൽ വരികയാണ്. ഇവന്റെ പുറത്തു കേറി ഞാൻ ഗഗനചാരികളായ ശത്രുക്കളിരുവരെയും നിഗ്രഹിയ്ക്കാം.

(പിന്നെ ഗരുഡൻ പ്രവേശിയ്ക്കുന്നു.)

ഗരുഡൻ:—(വണങ്ങി) ദേവകീനന്ദനൻ ഉത്തരവരുളി എന്നെ അനുഗ്രഹിയ്ക്കുമാറാകണം:

പാറിച്ചുകൊൾവനി,വിടെയ്ക്കു ജയിയ്ക്കണം കീ-
ഴ്പാരെങ്കിലാ,ഴികളെ ഞാൻ ചിറകിന്റെ കാററാൽ;
സ്വാരാഡ്വിരിഞ്ചഗിരിശാദികളെപ്പിടിച്ചു
ചാരത്തണെയ്ക്കുവന, താണെ തവേഷ്ടമെങ്കിൽ. 21

---

20 ഹിരണ്മയശൈലം=കനകപർവതം. ഉഗ്രശിഖാവൃതൻ=കൊടും ജ്വാലകളാൽ ചുററപ്പെട്ടവൻ. മഹസാംപതി(=തേജസ്സുകളുടെ അധിപതി)യായ പോററി=സൂര്യദേവൻ.

21 ഇവിടെ.........ങ്കിൽ—ഇവിടെയ്ക്കു കീഴ്പാര്, (=അധോലോകം ജയിയ്ക്കുന്നതിലാണ് ഇഷ്ടം എങ്കിൽ. പാറിപ്പൻ=പറപ്പിയ്ക്കാം; ഇതു ചെയ്താൽ പാതാളത്തിലെയ്ക്കു നിഷ്പ്രയാസം ഇറങ്ങാമല്ലൊ. സ്വാരാ......കളെ=ഇന്ദ്രൻ, ബ്രഹ്മാവ്, ശിവൻ മുതലായവരെ.

കൃഷ്ണൻ:—(സഹർഷം പുഞ്ചിരിയിട്ട്) വത്സ; അതൊന്നും വേണ്ടാ. * ആകാശപ്പോക്കളത്തിൽ നടക്കുന്ന ആ മായാമഹാരഥന്മാരായ രണ്ടെതിരാളികളെ തിരയുകയാണ്, ഞാൻ.

ഗരുഡൻ:—കല്പിച്ച യഥേഷ്ടം ചെയ്തുകൊള്ളുക. (എന്ന്, കൃഷ്ണനെ പുറത്തുകേററി ആകാശത്തെയ്ക്കു കേറുന്നതായി നടിയ്ക്കുന്നു.)

അക്രൂരൻ:—അഹഹ, നോക്കുവിൻ, നോക്കുവിൻ:

ഇതാ, ഖഗേന്ദ്രൻ കട്ടബാണമേറേ-
റെറാരുജ്ജ്വലപ്പൊൻകുടയായ്ബ്ഭവിപ്പൂ;
അതിന്നുമീതേ മധുവൈരിയുണ്ട്,
മഹേന്ദ്രനീലക്കുടമായ് ലസിപ്പൂ! 22

രാമൻ:—(നോക്കി, സംഭ്രമത്തോടേ) എന്താണ്, വിഷ്ണു കേറിയ ഈ * വിഷ്ണുരഥം വേഗത്തിൽ ഇറങ്ങിവരുന്നത്? ശരവൃഷ്ടിമൂലം ദുഷ്പ്രവേശമായിത്തീൎന്നുവോ, ആകാശം? (അട്ടഹാസമിട്ടു ചിരിച്ച്) ബലദേവൻെറ മുസലത്തിന്നു വാനത്തെയ്ക്കു കേറാൻ ത്രാണിയില്ലെന്നോ: (എന്നു, മുസലം ഉലയ്ക്കുന്നു.)

സാത്യകി:—ബലദേവ, കേൾക്കുക, കേൾക്കുക: എന്തോ കേൾക്കപ്പെടുന്നുണ്ട്.

---

* മൂലത്തിൽ കുറെ അക്ഷരങ്ങൾ പോയിരിയ്ക്കുന്നു; ഊഹിച്ചു തർജമചെയ്തതാണ്.

22 മഹേന്ദ്രനീലക്കുടം—കൊററക്കുടയുടെ മുകളിൽ കുടം വെയ്ക്കും. മഹേന്ദ്രനീലം=ഇന്ദ്രനീലരത്നം.

* വിഷ്ണുരഥം—ഗരുഡൻ.

(എല്ലാവരും കേൾക്കൽ നടിയ്ക്കുന്നു.)

(അണിയറയിൽ)

വിടായ്ക, നോവേകിയമർത്തിടായ്കീ,
രണ്ടാളെയും പുത്രരെയെന്നപോലെ
പരിക്കണയ്ക്കാതെയെടുത്തു താർക്ഷ്യ,
തദ്വീരരിൽച്ചേർത്തു ഗമിച്ചുകൊൾക. 23

രാമൻ:— രണ്ടു തെമ്മാടികളേയും വിട്ടയച്ചുവോ കൃഷ്ണൻ?

അക്രൂരൻ:—രാമ, യുദ്ധവിജയത്തെക്കാൾ മീതെയാണ്, ഈ വിജയം!

സാത്യകി:— കേൾക്കുവിൻ: വീണ്ടും എന്തോ കേൾക്കപ്പെടുന്നുണ്ട്.

(എല്ലാവരും കേൾക്കൽ നടിയ്ക്കുന്നു.)

(അണിയറയിൽ)

രുഗ്മി, രുഗ്മിണിതൻ ഭ്രാതാ-
വെ;ന്റെയാൾ ചൈദ്യ, നീയുമേ;
ദുർവൃത്തദുഷ്ടരെന്നാലും
നിങ്ങൾ സംലാളനീയർ മേ. 24

സുബുദ്ധി:— (കേട്ടിട്ടു ഹർഷത്തോടേ) കുഞ്ഞേ, രുഗ്മിണി, നീയിപ്പോൾ ഇരട്ടി ഭാഗ്യവതിയായി: ഹൃദയപ്രിയനായ ദൈത്യാരിയെ നിനക്കു കിട്ടി; അദ്ദേഹത്തിന്റെ ക്രോ

---

23 വിടരുത്., എന്നാൽ അമർത്തുപിടിച്ചു നോവിയ്ക്കരുത്. രണ്ടാളെയും—രുഗ്മിശിശുപാലന്മാരെ. തദ്വീരരിൽ=അവരുടെ(കൂട്ടുകാരായ)വീരന്മാരുടെ അടുക്കൽ. ചേർത്തു=കൊണ്ടാക്കി. താർക്ഷ്യൻ=ഗരുഡൻ

24 എന്റെയാൾ—എന്റെ ചാർച്ചക്കാരൻ. സംലാളനീയർ=നന്നായിലാളിയ്ക്കപ്പെടേണ്ടുന്നവർ.

ധാഗ്നി കരുണരസമൊഴുകിവീണു കെട്ടടങ്ങിയതിനാൽ,
നിൻെറ സോദരൻ വെന്തടിഞ്ഞതുമില്ല!

(രുഗ്മിണി സഹൎഷയായി നില്ക്കുന്നു.)

രാമൻ:— (മുമ്പോട്ടുനോക്കി, ഹൎഷത്തോടെ) എയ്, ഇതാ നാരായണൻ വൈരികളെ കൊണ്ടുപോകാൻ വൈനതേയനെ കല്പിച്ചയച്ചിട്ടു, നടന്നുതന്നേ ഇങ്ങോട്ടു വരുന്നു.

ഊഢാമോദർ നിലിമ്പർ തൂകിയ നറും-
 മന്ദാരമാല്യങ്ങളിൽ-
ക്കൂടിച്ചേൎന്ന മിളിന്ദവന്ദിതതിതൻ
 സ്തോത്രപ്രഘോഷത്തൊടേ,
തേടിക്കണ്ടു രിപുക്കളെക്കഥകഴി-
 ച്ചൂടാതേ ജയശ്രീയെയും
നേടി, ശ്രീഹരി വെൽവു, വെൽവു, കരുണാ-
 ശൌൎയ്യങ്ങൾതൻ മൂൎത്തിയായ്! 25

(പിന്നെ പറഞ്ഞതിൻവണ്ണം കൃഷ്ണൻ പ്രവേശിക്കുന്നു.)

കൃഷ്ണൻ:— (സാകൂതമായി പുഞ്ചിരിയിട്ട്) ജ്യേഷ്ഠ, രാമ, അസഹ്യമായിപ്പോർചെയ്യുതിയ ആ വീരരിരുവരെയും ഞാൻ സന്ധിചെയ്തയച്ചു.

രാമൻ:— (സാകൂതമായി ചിരിച്ച്) ഇങ്ങിനെതന്നെയാണ്, പ്രബലന്മാരോടു ചെയ്യേണ്ടത്. ആകട്ടേ, അഭിമതങ്ങൾ

---

25 മന്ദാരമാല്യങ്ങൾ=കല്പകവൃക്ഷപ്പൂമാലകൾ. മിളിന്ദവന്ദിതതി=വണ്ടുകളാകുന്ന സ്തുതിപാഠകന്മാരുടെ സമൂഹം. ഭൃംഗഝങ്കാരത്തെ വന്ദിസ്തോത്രഘോഷമായിക്കല്പിച്ചിരിക്കുന്നു. കരു........ൎത്തിയായ്=ഉടൻ പൂണ്ട കനിവും ശൌൎയ്യവുമെന്നപോലെ.

നിൎവ്വഹിക്കപ്പെട്ടുവല്ലോ; ഇനി നീ ദ്വാരകയ്ക്കു പോകാൻ തേരേറിക്കൊള്ളുക.

(കൃഷ്ണൻ ചെന്നു തേരിൽ കയറുന്നതായി നടിക്കുന്നു.)

ദാരുകൻ:— (വണങ്ങി) തിരുമേനി വിജയിപ്പൂതാക, വിജയിപ്പൂതാക!

സുബുദ്ധി:— കൃഷ്ണവീര, ആശീൎവ്വാദങ്ങൾ മതിയാവില്ല, അങ്ങു നിൎവ്വഹിച്ചതിനു്; അതിനാൽ അങ്ങയെ നമസ്കരിക്കുകതന്നെയാണു്, യുക്തം.

കൃഷ്ണൻ:— (സവിനയം) ഭഗവതി, ഇവിടുത്തെ അനുഗ്രഹമാണിതൊക്കെ.

സുവത്സല:— തിരുമേനി വെൽവൂതാക, വെൽവൂതാക!

(രുഗ്മിണി തലകുനിച്ചു നില്ക്കുന്നു.)

കൃഷ്ണൻ:— (ഉൽക്കണ്ഠയോടും സന്താപത്തോടും കൂടി)

വരതനു, രിപുക്ഷ്മാപക്ഷ്മായുൎബ്ബലത്തെ വളൎത്താം
കരളിടർ നിനക്കെന്തിന്നിപ്പോഴുമിന്ദുസമാനനേ?
വിരവൊടിതിനെപ്പേടിച്ചല്ലോ, പ്രിയേ, പ്രിയമെങ്കിലും
തരളമിഴി, കൈവിട്ടു യുദ്ധോത്സവാസ്വാദനത്തെ ഞാൻ! 26

(രുഗ്മിണി ഹൎഷോൽക്കണ്ഠാലജ്ജകളോടേ മുഖം കുനിച്ചു നില്ക്കുന്നു.)

സുബുദ്ധി:— (ആശ്ചൎയ്യത്തോടേ) കൃഷ്ണദേവ, നോക്കൂ, നോക്കൂ:

---

26 ഇതിനെ—നിന്റെ കരളിടറിനെ(മനോദുഃഖത്തെ)പേടിച്ചാണു്, ഞാൻ എനിക്കു പ്രിയപ്പെട്ടതായ യുദ്ധോത്സവാനുഭവത്തെ കൈവെടിഞ്ഞതു്; അതിനാൽ നിന്റെ ദുഃഖം ശത്രുരാജാക്കന്മാൎക്കു് ആയുൎബ്ബലത്തെ വൎദ്ധിപ്പിച്ചു. നീ അസ്വാസ്ഥ്യമുള്ളവളായിരുന്നില്ല എങ്കിൽ, അവരെല്ലാം എന്നാൽ വധിക്കപ്പെട്ടുമായിരുന്നു.

അൎക്കന്റെ തീക്ഷ്ണകരമിത്ര മനോജ്ഞമാകാ;
നില്ലാ, ക്ഷണേന മറയും പിണർമിന്നലേവം;
നിഷ്പ്രഭവും മൃദുവുമായ്ക്കിടയററുദിപ്പൂ,
ചികെന്നൊരത്ഭുതമഹസ്സിഹ നഭസ്സിൽ! 27

കൃഷ്ണൻ:—(നോക്കി, ആശ്ചൎയ്യത്തോടും ശങ്കയോടുംകൂടി) ആരോ മായാപ്രയോഗം തുടങ്ങുകയായിരിയ്ക്കുമോ?

(അണിയറയിൽ)

വത്സ, സുബുദ്ധേ, ഞാൻ ക്ഷിപ്രപ്രസാദിനിയാണ്: നിന്റെ ശിഷ്യത്തി എന്നെ ആരാധിച്ചതിനെ ഞാൻ ക്ഷിപ്രം സഫലമാക്കി. കൃഷ്ണ, നീയും എനിയ്ക്ക്, എന്റെ പ്രിയതമനായ * നീലകണ്ഠനെന്നപോലെ പരമപ്രീതിപാത്രമാകുന്നു. അതിനാൽ നിനക്കു ഞാൻ എന്തു ചെയ്തുതരേണ്ടു? പറഞ്ഞുകൊൾക: വീണ്ടും എന്തു വേണ്ടൂ, നിനക്കു പ്രിയതരം?

(എല്ലാവരും ഹൎഷാശ്ചൎയ്യങ്ങളോടേ നമസ്കരിയ്ക്കുന്നു.)

കൃഷ്ണൻ:—

---

27 മൂലശ്ലോകത്തിൽ മൂന്നാം പാദത്തിൽ ഒരു ചതുരക്ഷരം പൊടിഞ്ഞുപോയിരിയ്ക്കുന്നു. ഈ മഹസ്സ് (തേജസ്സ്) നിഷ്പ്രഭമാകയാൽ ക്ഷണഭംഗുരമായ മിന്നലിനോടുപമിച്ചുകൂടാ. മൃദുവാകയാൽ സൂൎയ്യന്റെ തീക്ഷ്ണരശ്മിയോടും ഉപമിച്ചുകൂടാ. അതിനാൽ കിടയററ്=നിസ്തുല്യമായി.

* ഈ വാക്യത്തിലും പൊടിവുണ്ട്.

* ക്ഷിപ്രപ്രസാദിനി=വേഗത്തിൽ പ്രസാദിയ്ക്കുന്നവൾ.

* ഈ വാക്യത്തിലും പൊടിവുണ്ട്.

തൽപ്രസാദമിതേ ദേവി,
സാധ്യം പുണ്യശതങ്ങളാൽ;
അതു സാധിച്ചിരിയ്ക്കുമ്പോൾ-
സ്സാധ്യമെന്തിതിലേറെ മേ? 28

എന്നാലും ഇതിരിയ്ക്കട്ടെ: (ഭരതവാക്യം)

തൂകട്ടെ, വേണ്ടുമളവിൽജ്ജലമംബുദങ്ങൾ;
തൂകട്ടെ, സൂക്തമമൃതാധികമായ്ക്കവീന്ദ്രർ;
തൂകട്ടെ, ഹവ്യമനലങ്കൽ മുറയ്ക്കു വിപ്രർ;
തൂകട്ടെ, ഭൂരിധനമർത്ഥികളിൽ ക്ഷിതീശർ! 29

(എല്ലാവരും പോയി.)

നാലാമങ്കം കഴിഞ്ഞു.

സമാപ്തം.

177589
015:2F75:13
MUL
177589

28 നിന്തിരുവടിയുടെ ഇൗ [illegible] രപ്പുണ്യ ങ്ങൾകൊണ്ടേ സിദ്ധിയ്ക്കൂ; അതെനിയ്ക്കു കൈവന്നിരിയ്ക്കുന്നുവല്ലോ. ഇതിലധികം എന്തു വേണം?

29 വേണ്ടുമളവിൽ=വേണ്ടുന്നസമയത്ത്, അഥവാ വേണ്ടേടത്തോളം. അംബുദങ്ങൾ=മേഘങ്ങൾ. സൂക്തം=നല്ല വാക്ക്, കാവ്യം. അമൃതാധികം അമൃതിലും മീതെ. ഹവ്യം=ഹവിസ്സ്. അർത്ഥികൾ=യാചകന്മാർ.

സി. ഗോവിന്ദക്കുറുപ്പ്.

—**—

UNIVERSITY LIBRARY
23 May 1957

15 DEC 1958